Reg. M. No. 2293

ഒറ്റപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കന്നി 13—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 സെപ്റ്റംബർ 29 | ലക്കം 7

ഇററലിയിലെ പ്രധാന നഗരങ്ങളിൽ ഒന്നാണു് ബൊളോഞ്ഞാ. നാലു ലക്ഷത്തോളം വരും അവിടത്തെ ജനസംഖ്യ. ഇററലിയുടെ വിദ്യാഭ്യാസകാര്യത്തിൽ അവിസ്മരണീയമായ ഒരു പങ്കു് ബൊളോഞ്ഞാ വഹിച്ചിട്ടുണ്ടു്. അനേകം കലാകാരന്മാരേയും ശാസ്ത്രജ്ഞന്മാരേയും യൂറോപ്പിലെ ഏററവും പുരാതനമായ ബൊളോഞ്ഞാ സർവ്വകലാശാല ഇററലിക്കു നൽകിയിട്ടുണ്ടു്. രാഷ്ട്രീയപ്രവർത്തനത്തിലും പിന്നിലല്ല ബൊളോഞ്ഞാവാസികൾ. ഇററാലിയൻ സോഷ്യലിസത്തെ നട്ടുവളർത്തിയതു് അവരാണു്. എങ്കിലും മുസ്സോളിനിയുടെ ഭരണകാലത്തു ഫാസിസത്തിനു കൂട്ടുനില്ക്കുവാൻ അവർ മടിച്ചില്ല. 1946 മുതൽ ബൊളോഞ്ഞാ നഗരസഭയിൽ കമ്മ്യൂണിസ്റ്റു് കക്ഷിക്കാണു് ഭൂരിപക്ഷം.

ഇററാലിയൻ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ സ്ഥാപകനായ സിഞ്ഞോർ "യുസപ്പേ ഡോസാ"യാണു് ഇന്നത്തെ ബൊളോഞ്ഞാനഗരാധിപതി. ഒരു നേതാവിൻെറ സകല ലക്ഷണങ്ങളുമുണ്ടു് ഡോസാക്കു്. പുഞ്ചിരി അദ്ദേഹത്തിനു് കൂടെപ്പിറപ്പാണു്. ആത്മാർത്ഥത അദ്ദേഹത്തിൻെറ സംഭാഷണങ്ങളിൽ നിഴലിച്ചുകാണാം. ആളുകളെ വശീകരിക്കുവാനും "ചുളുവിൽ" ജനസമ്മതി നേടുവാനും അദ്ദേഹത്തിനുള്ള പാടവം ഒന്നു പ്രത്യേകംതന്നെയാണു്. അദ്ദേഹത്തിൻെറ "വള്ളവും പുള്ളവും" സാധാരണക്കാരനു് മനസ്സിലാക്കുവാൻ വിഷമമാണു്. റഷ്യയുമായി ഇററാലിയൻ കമ്മ്യൂണിസ്റ്റു്പാർട്ടിക്കു് യാതൊരു വേഴ്ചയും ഇല്ലെന്നു തോന്നും അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ ഒററനോട്ടത്തിൽ കണ്ടാൽ. ലനിൻ, സ്റ്റാലിൻ തുടങ്ങിയ കമ്മ്യൂണിസ്റ്റാചാര്യന്മാരുടെ ചിത്രങ്ങൾ അദ്ദേഹത്തിൻെറ ആഫീസു്, ഭിത്തികളിൽ കാണുവാൻ കിട്ടുകയില്ല. ഇററാലിയൻ കമ്മ്യൂണിസ്റ്റു്പാർട്ടി റഷ്യൻ അധികാരത്തിനു് ഒരിക്കലും കുമ്പിടുകയില്ലെന്നും തനി ജനായത്തരീതിയിലേ അതു പ്രവർത്തിക്കുകയുള്ളുവെന്നും അദ്ദേഹം പറയടിക്കുന്നു. ഇററലിയെ ശ്വാസം മുട്ടിക്കുന്ന തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങിയ പ്രശ്നങ്ങൾക്കു് പരിഹാരം ഉണ്ടാക്കുവാൻ ഒരു കമ്മ്യൂണിസ്റ്റു്ഗവമെൻറിനേ സാധിക്കുകയുള്ളുവെന്നു് അദ്ദേഹം പൊതുജനങ്ങളെ ധരിപ്പിക്കുന്നു. ബൊളോഞ്ഞയുടെ യുദ്ധാനന്തരപുനരുദ്ധാരണം ഡോസായാണു് നടത്തിയതു്. അതിൽ അദ്ദേഹവും കമ്മ്യൂണിസ്റ്റു്പാർട്ടിയും അഭിമാനംകൊള്ളുന്നു. എന്നാൽ പുനരുദ്ധാരണത്തിനാവശ്യമായ പണം ഇററലിയുടെ ക്രിസ്ത്യൻ ഡെമോക്രാററിക്കു് ഗവർമെൻറാണു് നൽകിയതെന്നുള്ള വസ്തുത അദ്ദേഹം പുറത്തു പറയാറില്ല.

## കമ്മ്യൂണിസ്റ്റ് നഗരിയിലെ കർദ്ദിനാൾ

(കെ. കട്ടത്തുരുത്തി, റോം)

1952-ൽ ആണു് മോൺ. ജക്കോമോ ലെർക്കാറോ ബൊളോഞ്ഞാ ആർച്ചുബിഷപ്പായി നിയമിതനായതു്. പുതിയ മെത്രാപ്പോലീത്തായുടെ നിയമനവാർത്ത ഡോസാപ്രഭൃതികൾക്കു് ഒരു ഇടിവെട്ടുപോലെ ആയിരുന്നു. ശുഭതാരണം ഏറെറടുത്തതിനു ശേഷം ഒരു പൊതുയോഗത്തിൽ മോൺ. ലെർക്കാറോ പ്രസംഗിക്കുകയായിരുന്നു. പുതിയ മെത്രാപ്പോലീത്തായുടെ പ്രസംഗം കേൾക്കുവാൻ വന്നിരുന്നവരോടു് അദ്ദേഹം പറഞ്ഞു: "ഇന്നു മുതൽ എൻെറ അരമനവാതിൽ നിങ്ങൾക്കോരോരുത്തർക്കുമായി തുറന്നിട്ടിരിക്കുന്നു." അത്ഭുതത്തോടെ സാമാന്യജനങ്ങൾ പരസ്പരം നോക്കി. ബൊളോഞ്ഞാ മെത്രാസനാരമന എല്ലാവർക്കുമായി തുറന്നിടുകയോ? അവർക്കു് അതു് അപ്പോൾ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ബൊളോഞ്ഞായുടെ ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ കാര്യങ്ങളും പ്രസംഗത്തിൽ തിരുമേനി പരാമർശിച്ചു. ജനങ്ങളുടെ സർവ്വതോമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി താൻ പ്രവർത്തിക്കുന്നതാണെന്നു് തിരുമേനി ഉറപ്പുനൽകി. ജനക്കൂട്ടം ഹർഷാരവം മുഴക്കി തങ്ങളുടെ സന്തോഷം പ്രകടിപ്പിച്ചു.

അധികം താമസിയാതെതന്നെ കർദ്ദിനാൾസ്ഥാനത്തേക്കു് മോൺ. ലെർക്കാറോ ഉയർത്തപ്പെട്ടു.

ഒരു സുപ്രഭാതം. ചുവന്ന പട്ടം മുടി ധരിച്ച ഒരു കറുത്ത ളോവക്കാരൻ ബൊളോഞ്ഞയിലെ ഒരു ഫാക്ടറിയങ്കണത്തിലേക്കു് പ്രവേശിക്കുന്നു. അദ്ദേഹത്തെ കണ്ടമാത്രയിൽ ഒരുകൂട്ടം തൊഴിലാളികൾ അദ്ദേഹത്തിൻെറ സമീപത്തേക്കു് ഓടിയടുക്കുന്നു. അവരോടൊന്നിച്ചു് അദ്ദേഹം ചിരിച്ചു കളിക്കുന്നു; അവരോരോരുത്തരുടെയും സുഖസൗകര്യാദികൾ അന്വേഷിക്കുന്നു; അവരുടെ ഓരോ ഉത്തരവും സശ്രദ്ധം അദ്ദേഹം കേൾക്കുന്നു. കമ്മ്യൂണിസ്റ്റു് കിങ്കരന്മാർ ഇതുകണ്ടു് കണ്ണുരുട്ടി. കർദ്ദിനാൾ പിന്നേയും സന്ദർശനങ്ങൾ തുടർന്നുകൊണ്ടിരുന്നു. കർദ്ദിനാളിൻെറ ഈ സന്ദർശനങ്ങൾ മുടക്കുവാൻ കമ്മ്യൂണിസ്റ്റു്കൾ കഴിവതു ശ്രമിച്ചു. ഫലം യാതൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല, പാർട്ടിയിൽ നിന്നു ഇതുമൂലം ധാരാളം തൊഴിലാളികൾ രാജിവയ്ക്കുകകൂടി ചെയ്തു. ഏഴുലക്ഷത്തോളം വിശ്വാസികളുള്ള തൻെറ രൂപതയിലെ എല്ലാ ഇടവകകളും മിക്ക ഫാക്ടറികളും തിരുമേനി ഇതിനോടകം സന്ദർശിച്ചുകഴിഞ്ഞു.

വളരുന്ന തലമുറയെ കമ്മ്യൂണിസ്റ്റു്പിടിയിൽനിന്നും രക്ഷിക്കുവാൻ കർദ്ദിനാൾ ലെർക്കാറോ ഒന്നു രണ്ടു് "പൊടിക്കൈകൾ" ഈയിടെ പ്രയോഗിച്ചു. കഴിഞ്ഞ വർഷം വലിയ നോമ്പിൻെറ ആരംഭത്തിൽ കുട്ടികൾക്കുവേണ്ടി വമ്പിച്ച രീതിയിൽ ഒരു "കാർണിവൽ" നടത്തുവാൻ തിരുമാനിച്ചു. കമ്മ്യൂണിസ്റ്റു്പ്രകടനങ്ങൾക്കായി സാധാരണ ഉപയോഗിക്കുന്ന ഒരു സ്ഥലമാണു് തിരുമേനി ഇതിനായി തിരഞ്ഞെടുത്തതു്. ഈ വാർത്ത പുറത്തായ നിമിഷംമുതൽ ഈ സംരംഭത്തെ പരാജയപ്പെടുത്തുവാൻ കമ്മ്യൂണിസ്റ്റു്കാർ ഉററുശ്രമിച്ചു. കാർണിവൽ ആഘോഷിക്കുവാൻ കർദ്ദിനാൾ നിശ്ചയിച്ച ദിവസംതന്നെ, കുട്ടികൾക്കുവേണ്ടി ഒരു കളി (Masked ball) ടൗൺഹാളിൽവച്ചു നടത്തുന്നതാണെന്നു് ഡോസാ പ്രസിദ്ധപ്പെടുത്തി. നിശ്ചിതദിവസം മഞ്ഞു കലശലായി പെയ്തതിനാൽ കർദ്ദിനാളിനു് തൻെറ പ്ലാൻ അനുസരിച്ചു പ്രവർത്തിക്കുവാൻ കഴിഞ്ഞില്ല. ചുവന്ന മുഖംമൂടി ധരിച്ച 400 കുട്ടികളോടുകൂടി ഡോസാ ഉല്ലസിച്ചുകൊണ്ടിരുന്നപ്പോൾ കർദ്ദിനാൾ വിഷാദിച്ചു തൻെറ മുറിയിൽ കുത്തിയിരുന്നു. എന്നാൽ തിരുമേനി നിരാശപ്പെട്ടില്ല. അടുത്തദിവസംതന്നെ കാർണി



ലിസ്യൂവിലെ ചെറുപുഷ്പം

തിരുനാൾ ഒക്ടോബർ 3

വൽ നടത്തി. 20000 കുട്ടികൾ സംബന്ധിച്ചു. കമ്മ്യൂണിസ്റ്റുകാർ കട്ടീനാളിന്റെ സ്വാധീനശക്തികണ്ട് അത്ഭുതപ്പെട്ടു.

കഴിഞ്ഞ ജനുവരിയിലും ഇതുപോലെ രസകരമായ ഒരു വടംവലി കട്ടീനാൾ ലെർക്കാരോയും മേയർ ഡോസായും തമ്മിൽ നടന്നു. എപ്പിഫനി (ദെനഹാ) തിരുനാൾ സംബന്ധിച്ച് കുട്ടികളുടെ ഒരു ഘോഷയാത്ര പട്ടണവീഥികളിൽക്കൂടി നടത്തുവാൻ ലെർക്കാരോ തിരുമേനി തീരുമാനിച്ചു. തങ്ങളുടെ കുട്ടികളെ ഘോഷയാത്രയ്ക്കു അയക്കരുതെന്ന് എല്ലാ പാർട്ടിമെമ്പറന്മാരോടും തൊഴിലാളികളോടും ഡോസാ ആവശ്യപ്പെട്ടു. ഘോഷയാത്രസമയത്തു് കുട്ടികൾക്ക് ഒരു പാർട്ടി നൽകുന്നതാണെന്നുകൂടി അദ്ദേഹം പ്രസിദ്ധപ്പെടുത്തി. 40,000 കുട്ടികൾ കട്ടീനാളിന്റെ ക്ഷണം സ്വീകരിച്ചു ആഘോഷങ്ങളിൽ സംബന്ധിച്ചു. കമ്മ്യൂണിസ്റ്റുമേയറുടെ പാർട്ടിക്ക് 60 കുട്ടികളേ ഉണ്ടായിരുന്നുള്ളു.

ബൊളോഞ്ഞയിലെ ഇളംതലമുറക്കാരുടെ ആരാധ്യപുരുഷനാണ് കട്ടീനാൾ ലെർക്കാരോ. ഒരു സായാഹ്നത്തിൽ അവിടുന്ന് അരമനാങ്കണത്തിൽക്കൂടി ഉലാത്തുകയായിരുന്നു. ഒരുകൂട്ടം കുട്ടികൾ യാത്രാബാഹുല്യമുള്ള തെരുവീഥിയിൽ പന്തുകളിക്കുന്നതു് തിരുമേനിയുടെ ദൃഷ്ടിയിൽപ്പെട്ടു. ഉടനെ തിരുമേനി അവരുടെ സമീപമെത്തി. തന്റെ അരമനാങ്കണം ചൂണ്ടിക്കാണിച്ചുകൊണ്ട് അവിടുന്ന് അവരോടു ചോദിച്ചു.

"നിങ്ങൾ എന്തുകൊണ്ടാണ് അവിടെ പോകാത്തതു്?"

"അവിടെ ഞങ്ങൾക്കു പ്രവേശനമില്ല" ഒരു കുട്ടി ആവലാതി പറഞ്ഞു.

"ഞാൻ നിങ്ങൾക്കു അനുവാദം നൽകുന്നു." കട്ടീനാൾ മറുപടിപറഞ്ഞു. കുട്ടികളുടെ മുഖം സന്തോഷംകൊണ്ടു തെളിഞ്ഞു.

"ഞങ്ങൾ യാതൊരു ബഹളവും അവിടെ ഉണ്ടാക്കുകയില്ല" കുട്ടികളിൽ ഒരാൾ കട്ടീനാളിനു് ഉറപ്പുനൽകി.

"മറ്റത്തരം" കട്ടീനാൾ പ്രതിവചിച്ചു "ഇഷ്ടംപോലെ നിങ്ങൾക്കു് അവിടെ ബഹളംകൂട്ടാം."


ബൊളോഞ്ഞയിലെ അരമനാങ്കണത്തിൽ കുട്ടികൾ ചിരിച്ചുകളിക്കുന്നതും ആർപ്പുവിളിക്കുന്നതും സന്ദർശകർക്കു് എന്നുംതന്നെ കാണാം.

അരമനസ്കൂളിലും കുട്ടികളുടെ ബഹളം കേൾക്കാം. കട്ടീനാൾ തിരുമേനി 17 അനാഥബാലന്മാരെ സംരക്ഷിക്കുന്നുണ്ട്. അവർ എല്ലാവരും തിരുമേനിയോടൊന്നിച്ചു വസിക്കുന്നു. "എന്റെ കുടുംബം" എന്നാണ് തിരുമേനി അവരെപ്പറ്റി പറയുന്നതു്. അവരുടെ സകല ചിലവും തിരുമേനിതന്നെ വഹിക്കുന്നു. അവരിൽ ചിലർ വിദ്യാലയങ്ങളിൽ പോകുന്നുണ്ട്. മറ്റു ചിലർ പട്ടണത്തിൽ ഓരോ ജോലി നോക്കുന്നു. തിരുമേനി സാധാരണ ഭക്ഷണം കഴിക്കുന്നതു് അവരുടെകൂടെയാണ്. അവരോടൊന്നിച്ച് "ഒളിച്ചുകളി" നടത്തുവാൻപോലും ചിലപ്പോൾ കട്ടീനാൾ ലെർക്കാരോ സന്നദ്ധനാണ്.

കട്ടീനാൾ ലെർക്കാരോ തിരുമേനിയുടെ സന്ദർശകരുടെ സംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളിയും മുതലാളിയും ഗ്രാമീണനും പട്ടണവാസിയും കർഷകനും കച്ചവടക്കാരനും എന്നുവേണ്ട, എല്ലാതുറയിലുമുള്ളവരും സംശയനിവാരണങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അദ്ദേഹത്തെ സമീപിക്കുക സാധാരണയാണ്. ഏവരേയും സുസ്മേരവദനനായി തിരുമേനി സ്വീകരിക്കുന്നു. വേദനിക്കുന്ന ഹൃദയങ്ങൾക്ക് ആശ്വാസം പകർന്നുകൊടുക്കുവാനുള്ള ഒരു പ്രത്യേക കഴിവ് ആ വത്സലതാതനുണ്ട്. തിരുമേനിയുടെ സമയത്തിൽ നല്ലൊരു പങ്കും ഇപ്രകാരമുള്ള സന്ദർശനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു.

63 വർഷങ്ങൾക്കുമുമ്പാണ് ജക്കോമോ ലെർക്കാരോ ജനിച്ചതു്. അദ്ദേഹത്തിന്റെ പിതാവ് ജിനോവായിൽ ഒരു കപ്പൽജോലിക്കാരനായിരുന്നു. ഒരു ഇടവകവൈദികനെന്ന നിലയിൽ 10 വർഷത്തോളം ജിനോവായിൽ ഫാ. ലെർക്കാരോ ജോലി സ്തുത്യർഹമാംവിധം ചെയ്തു. സ്ഥാനമാനങ്ങൾ ഒരിക്കലും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. മുസ്സോളിനിയുടെ ഭരണത്തെ കഠിനമായി വിമർശിച്ചിരുന്ന ചുരുക്കം ചിലരിൽ ഒരുവനായിരുന്നു ഫാ. ലെർക്കാരോ. നെയോഫാസിസ്റ്റ് ഭരണകാലത്തു്, പല യഹൂദന്മാർക്കും അദ്ദേഹം അഭയംനൽകി. ഒരിക്കൽ ഫാസിസ്റ്റ് പോലീസിനെ ഭയന്ന് അദ്ദേഹത്തിനു് ഒളിച്ചോടേണ്ടതായിക്കൂടി വന്നു. 1947-ൽ അദ്ദേഹം "റവേന്ന"യുടെ ആർച്ചുബിഷപ്പായി നിയമിതനായി. ഭൗതികതാവും വൈദികവിദ്വേഷവും ആളിക്കത്തിയിരുന്ന ഒരു പട്ടണത്തെ ക്രൈ-


Thanksgiving




For Favours received
Excuse delay
Lilly, Trichur


സ്തവീകരിക്കുവാൻ മോൺ. ലെർക്കാരോ മുന്നിട്ടിറങ്ങി. ഒരു വർഷത്തിനുശേഷം റവേന്നയിലെ ദേവാലയങ്ങൾ നിറയെ ഭക്തജനങ്ങളെ കാണാമെന്നായി; ഡെമോക്രാററിക്ക് പാർട്ടിയുടെ അനുയായികളുടെ സംഖ്യ ഇരട്ടിയായി വർദ്ധിച്ചു; കമ്മ്യൂണിസ്റ്റ്പിടിയിൽനിന്നും നഗരസഭ സ്വതന്ത്രയായി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്ന വത്തിക്കാൻ 1952-ൽ അദ്ദേഹത്തെ കമ്മ്യൂണിസ്റ്റ് ബൊളോഞ്ഞയുടെ മെത്രാപ്പോലീത്തയായി നിയമിച്ചു.

വിവിധസന്യാസ സഭകളിൽപ്പെട്ട ഇരുപതോളം വൈദികർ സഹപ്രവർത്തകരായി തിരുമേനിക്കുണ്ട്. (Fratri Volanti) അഥവാ പറക്കും സന്യാസികൾ എന്നാണ് പൊതുജനങ്ങളുടെ ഇടയിൽ അവർ അറിയപ്പെടുന്നതു്. കമ്മ്യൂണിസ്റ്റ്പിടി മുറുകിയിട്ടുള്ളിടത്തെല്ലാം അവർ പാഞ്ഞെത്തും. അതിനാലാണ് "പറക്കും സന്യാസികൾ" എന്നു് ജനങ്ങൾ അവരെ വിളിക്കുന്നതു്. അവർ എല്ലാവരുംതന്നെ തൊഴിലാളികുടുംബങ്ങളിൽ നിന്നുള്ളവരാണ്. കമ്മ്യൂണിസ്റ്റുകാരുമായി വാദപ്രതിവാദം നടത്തുവാൻ അവർ എപ്പോഴും സന്നദ്ധരാണ്. കമ്മ്യൂണിസ്റ്റുകാരുടെ വഞ്ചനയും കാപട്യവും അവർ വെളിച്ചത്തുകൊണ്ടുവരുന്നു. ഈ ധർമ്മദൂതന്മാരുടെ ശ്രമഫലമായി ധാരാളംപേർ അനുദിനം കമ്മ്യൂണിസ്റ്റ്പാളയത്തിൽനിന്നും വി. പത്രോസിന്റെ കൂടാരത്തിലേക്ക് നീങ്ങുന്നുണ്ട്.

വർഷംതോറും തങ്ങളുടെ പട്ടണത്തിന്റെ ഏററവും വലിയ ഉപകാരിയെ ബാലറുമുഖേന തിരഞ്ഞെടുക്കുക ബൊളോഞ്ഞയിലെ ഒരു പതിവാണ്. ഈ ആണ്ടിൽ വോട്ടുകൾ എല്ലാംതന്നെ കട്ടീനാൾ ലെർക്കാരോയ്ക്കു ലഭിച്ചു. മേയർ എന്നുള്ള നിലയിൽ കട്ടീനാളിനെ അനുമോദിച്ചു പ്രസംഗിക്കുവാനും പട്ടണവാസികളുടെ നാമത്തിൽ "വലിയ ഉപകാരി" എന്ന സ്ഥാനം തിരുമേനിക്കു നൽകുവാനും കമ്മ്യൂണിസ്റ്റ് മേയർ നിർബന്ധിതനായി.

# ക്രൈസ്തവമാതാക്കൾ വീരമാതാക്കളാകണം

(വക്കീൽ സിറിയക്ക് കണ്ടത്തിൽ)

(തുടർച്ച)

ചരിത്രത്തിന്റെ ചുരുളുകൾ മറിച്ചുനോക്കിയാൽ തങ്ങളുടെ വത്സലസന്താനങ്ങളുടെ സ്വഭാവരൂപവൽക്കരണത്തിൽ അനന്യസാധാരണമായ സ്വാധീനം ചെലുത്തിയ മാതാക്കളുടെ മാതൃക സുലഭമായി കാണാം. പണ്ഡിതവരേണ്യനും സിദ്ധനുമായി ഇന്നു ലോകം മുക്തകണ്ഠം പുകഴ്ത്തുന്ന സെൻറു് അഗസ്റ്റിൻ ഒരു കാലത്തു പാപജീവിതത്തിൽ മുഴുകിയിരുന്നു. കേവലം ഒരു യുവാവായിരുന്ന അഗസ്റ്റിൻ കാർത്തേജ് വിട്ടു റോമയിൽച്ചെന്നു് ആ നഗരത്തിലെ നാനാവിധ ദുർഗ്ഗുണങ്ങളിൽ ആണ്ടുപോയി. ഗുണവതിയായ മാതാവു മോനിക്കാ അപഥസഞ്ചാരം ചെയ്യുന്ന സ്വപുത്രനുവേണ്ടി ഇടതടവില്ലാതെ ജഗൽപിതാവിനോടു പ്രാർത്ഥിച്ചു. തൽഫലമായി, സ്വപുത്രൻ പാപജീവിതം വെടിഞ്ഞു് പുണ്യനിധിയായി തിരുസഭാമാതാവിന്റെ മടിത്തട്ടിലേക്കു് തിരിയെ വരുന്നതു് കാണുവാനുള്ള ഭാഗ്യം തന്റെ മരണത്തിനുമുമ്പു് ആ മാതാവിനു ലഭിച്ചു. താൻ എപ്പോഴെങ്കിലും ചെയ്തിട്ടുള്ള നന്മകൾക്കും സ്വജീവിതവിജയത്തിനും നിദാനം തന്റെ മാതാവും അവരുടെ ആദർശജീവിതവുമാണെന്നു് സെൻറു് അഗസ്റ്റിൻതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഫ്രാൻസിലെ രാജാക്കന്മാരിൽ അത്യുത്തമനായിരുന്ന ലൂയിസ് നവമൻ. 13-ാം ശതാബ്ദത്തിൽ കത്തോലിക്കാ മതത്തിന്റെ നാനാമുഖങ്ങളായ മഹത്വങ്ങൾക്കു് കാരണഭൂതനായിരുന്നതും ആ രാജസിദ്ധനാണ്. ലൂയിസ് തന്റെ അനിതരസാധാരണവും ആദർശയോഗ്യങ്ങളുമായ ഗുണപരിഷ്കൃതങ്ങളാൽ ഫ്രഞ്ചുസിംഹാസനത്തെ സർവ്വോപരി പരിശുദ്ധമാക്കിത്തീർത്തിരുന്നു. ഇതിനൊക്കെ പ്രചോദനം നൽകിയതു് സ്വമാതാവാണെന്നു് ആ രാജർഷിതന്നെ സമ്മതിച്ചിട്ടുണ്ട്. 12-ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ പിതാവു് ഐഹികവാസം വെടിഞ്ഞുപോയി. മാതാവായ ബ്ളാഞ്ചെ കാസ്റ്റയിൽരാജ്ഞിയുടെ പരിരക്ഷണയിൽ രാജകുമാരൻ വളർന്നുവന്നു. സർവ്വസമ്പത്തുക്കളിലുംവച്ചു് മഹത്തായ സമ്പത്തു് പുത്രസമ്പത്താണെന്നുള്ള മഹദ്വചനത്തെ ആ പുണ്യവതി പദാനുപദം അനുവർത്തിച്ചുപോന്നു. ഒരുദിവസം ആ മാതാവു വത്സലപുത്രനോടു പറയുകയാണ്: "പ്രിയ കുമാരാ, നീ എന്റെ ആത്മാർത്ഥമായ പരിലാളനയ്ക്കു് പാത്രീഭൂതനാണെങ്കിലും ദാരുണമായ ഒരു പാപത്താൽ നിന്റെ ജീവിതം മലിനമായി കാണുന്നതിനേക്കാൾ എനിക്കു് അളവററ ആനന്ദത്തെ പ്രദാനംചെയ്യുന്ന സംഗതി കേവലം മൃതശരീരനായി ഒരു ശവമഞ്ചത്തിൽ നീ ശയനം കൊള്ളുന്നതായി കാണുക എന്നുള്ളതാണ്."

മാതാക്കളുടെ ശിക്ഷണത്തിന്റെ മഹനീയമാതൃക!! യുവലോകത്തിന്റെ അപ്പസ്തോലനെന്നും നിരാലംബരുടെ താതനെന്നും പ്രഖ്യാതനായിത്തീർന്നിട്ടുള്ള പുണ്യരത്നമായ ഡോൺബോസ്കോയുടെ മാതാവിന്റെ ബുദ്ധിപൂർവ്വമായ ഉപദേശങ്ങൾ അദ്ദേഹത്തെ ഔന്നത്യത്തിലേക്കു് കുതികൊള്ളിച്ചു. രണ്ടുവയസ്സു പൂർത്തിയാകുന്നതിനു മുമ്പുതന്നെ ബോസ്കോയുടെ പിതാവു ചരമഗതി പ്രാപിച്ചു. ആ ബാലന്റെ പ്രകൃതിദത്തമായ വാസനാവിശേഷങ്ങളേയും ബുദ്ധികൂർമ്മതയേയും ദൈവസേവനത്തിലേക്കു് പിന്തിരിക്കുന്നതിനു ആ മാതാവു ഉററുശ്രമിച്ചു. വി. ഫ്രാൻസീസ് സാലേസിന്റെ മാതാവു് അഭിജാതകുലയായ ഒരു പ്രഭ്വിയായിരുന്നു. ഗർഭസ്ഥിതയായിരുന്നപ്പോൾതന്നെ പ്രഭ്വി സ്വശിശുവിനെ ദൈവത്തിനു സമർപ്പിച്ചു. രൂപലാവണ്യമുള്ള സ്വപുത്രന്റെ ആത്മസൗന്ദര്യത്തിനു ഏതെങ്കിലും മാലിന്യം തട്ടാതിരിക്കാൻ ആ ബാലനെ പ്രഭ്വി കൺമുമ്പിൽതന്നെവെച്ചു വളർത്തിയിരുന്നു.

അധുനാതനകാലത്തെ ചില മാതാക്കളും ഈ വിഷയത്തിൽ നമ്മെ ഉത്തേജിപ്പിക്കുന്നുണ്ട്. 12-ാം പീയൂസ് പാപ്പാ നവപൂജയർപ്പിച്ചതിനുശേഷം 1899 ഏപ്രിൽ 22-ാംനു- ആദ്യമായി സ്വഭവനത്തിൽ സമാഗതനായി. അപ്പോൾ സ്വമാതാവു നൽകിയ സാരോപദേശം ഇതാണ്: "പച്ചെല്ലിയച്ചാ, എന്റെ മകനെ, നീ ഇന്നൊരു പുരോഹിതനാണ്. ഇന്നു് നമുക്കെല്ലാം ആനന്ദപ്രദമായ ഒരു ദിനമാണ്. നിനക്കു് ഒരു ഓശാനഞായറാഴ്ച ഉദയംചെയ്തിരിക്കുന്നു. ഇതുപോലെതന്നെ തീർച്ചയായും മകനെ, നിനക്കു് ഒരു ഗദ്സെമനിയും ഉണ്ടാകും. വൈദികജീവിതം ആരംഭിക്കുകയെന്നുവെച്ചാൽ ത്യാഗജീവിതം ആരംഭിക്കുകയെന്നാണർത്ഥം. ഇന്നുമുതൽ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള വേലകൾക്കായി നിന്നെതന്നെ പരിപൂർണ്ണമായി അർപ്പിച്ചുകൊള്ളുക." എത്ര അർത്ഥവത്തായിത്തീർന്നു ഈ മാതൃശാസനം. ടിറേറാ ഗവമ്മെൻറിന്റെ നഗ്നമായ അനീതിനിമിത്തം യൂഗോസ്ലാവിയായിൽ കാരിരുമ്പഴിക്കുള്ളിൽ ബന്ധനം അനുഭവിക്കുന്ന ആർച്ചുബിഷപ്പ് സ്റ്റെപ്പിനാക്കു് തിരുമനസ്സിലെ മാതാവു് സ്വപുത്രൻ ഒരു വൈദികനായിത്തീരുന്നതിനുവേണ്ടി മുപ്പതു നീണ്ടവർഷക്കാലത്തേക്കു് ആഴ്ചതോറും മൂന്നു ദിവസംവീതം ഉപവാസം അനുഷ്ഠിച്ചിരുന്നു.

നേരം "പരാപരാ"യെന്നു വെളുത്തില്ല. ഒരു പോലീസു "കാർ" ഹംഗറിയിലെ പാവനചരിത്രനായ കട്ടീനാൾ മീൻസെന്തിയുടെ "എസ്സുർഗോം" കൊട്ടാരത്തെ ലക്ഷ്യമാക്കി ശീൽക്കാരത്തോടുകൂടി പാഞ്ഞടുത്തു. കമ്മ്യൂണിസ്റ്റ് ഭീകരയുടെ പ്രചണ്ഡതാണ്ഡവം!! സഭയുടെ ആ വീരസേനാനിയുടെ അറസ്റ്റ് നടന്നുകഴിഞ്ഞു. ഏതായാലും തന്റെ വയോവൃദ്ധയായ മാതാവിനോടു് അന്ത്യയാത്ര പറയുവാനുള്ള അനുമതി ആ പോലീസ് മേധാവികൾ കട്ടീനാൾ മീൻസെന്തിക്കു നൽകി. 76 കാരിയായ ആ വീരതരുണി നൽകിയ അന്ത്യസന്ദേശം കേട്ടാലും! "പ്രിയപ്പെട്ട മകനെ, മതത്തിനുവേണ്ടി ജയിൽവാസം ഭയപ്പെടണ്ട. നമ്മുടെ പരിശുദ്ധമായ വിശ്വാസത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ആവശ്യം നേരിട്ടാൽ രക്തം ചിന്തുന്നതിനും എന്റെ മകൻ സന്നദ്ധനായിരിക്കുക." ആ വീരമാതാവു് ഇങ്ങനെയൊരു വീരസൂതനെ പ്രസവിച്ചതിൽ അത്ഭുതത്തിനവകാശമില്ല. ഈ വീരമൊഴികൾ അമൃതുപോലെ ആസ്വദിച്ചതിനുശേഷം അവിടുന്നു കരത്തിൽ ജപമാലയും കാനോനാനമസ്കാരപുസ്തകവുമായി അക്ഷോഭ്യനായി, ദൃഢചിത്തനായി പോലീസുവാനിലേക്കു കയറി.

ഒരു സന്താനത്തെ പ്രദാനംചെയ്യുമ്പോൾ ആ അമൂല്യനിധിയെ പരിലാളിച്ചുവളർത്തുവാനുള്ള ഭാരമേറിയ കടമ മാതാപിതാക്കളിൽ അവശേഷിക്കുന്നു. ഈ മഹാകർത്തവ്യത്തെ അന്യൂനം നിർവ്വഹിക്കാത്തവർക്കു് വന്നുഭവിക്കുന്ന വിപത്തു അതിഭയങ്കരമായിരിക്കും. നൈൽനദിയുടെ തീരത്തുള്ള കുററിച്ചെടികളുടെ ഇടയിൽ ബാലനായ മോശയെ കണ്ടപ്പോൾ ഫറവോന്റെ പുത്രി ആ ശിശുവിനെയെടുത്തു അതിന്റെ തള്ളയെ ഏല്പിച്ചുകൊണ്ടു് ഏതാണ്ടീപ്രകാരം പറഞ്ഞു:- "ഈ ശിശുവിനെ സ്വീകരിച്ചു് അതിനെ എനിക്കുവേണ്ടി സൂക്ഷിച്ചുവളർത്തുക. യഥാവസരം, നിശ്ചയമായും അതിനുള്ള സമ്മാനം ഞാൻ തരുന്നതായിരിക്കും." തങ്ങളുടെ സന്താനങ്ങളെ സംബന്ധിച്ചു് തത്തുല്യമായ ഒരു കല്പന ദൈവം സകല മാതാപിതാക്കൾക്കും നൽകുന്നുണ്ട്. യഥേഷ്ടം തങ്ങളുടെ സന്താനങ്ങളോടു് എന്തും പ്രവർത്തിക്കുന്നതിനുള്ള സർവ്വാധിപത്യം രക്ഷിതാക്കൾക്കില്ല. സന്താനങ്ങളെ ആത്മവിശുദ്ധിയിൽ വളർത്തി ജീവന്റെ ദാതാവായ ജഗൽപിതാവിനു സമർപ്പിക്കയാണ് മാതാപിതാക്കളുടെ മഹാകർത്തവ്യം. ഗുരുതരമായ ഈ കർത്തവ്യലംഘനത്തിൽനിന്നും ഉൽഭൂതമായ ഒരു സംഭവം ആരേയും ത്രസിപ്പിക്കുന്നതും ഇരുത്തിച്ചിന്തിപ്പിക്കുന്നതുമാണ്. ചിക്കാഗോയിൽ ഒരാളുടെ വധശിക്ഷ നടത്തുന്നതിനു മുമ്പായി പാതകിക്കു് അവസാനമായി എന്തെങ്കിലും പറയുവാനുണ്ടോയെന്നു് ജയിലധികൃതർ ചോദിച്ചു. തത്സമയം അയാൾ ആ കൊലക്കളത്തിൽ വധശിക്ഷ കാണുവാനായി നിന്നിരുന്ന ഒരു ജനക്കൂട്ടത്തിന്റെ നേരെതിരിഞ്ഞു വിരൽചൂണ്ടിക്കൊണ്ടു് പറഞ്ഞു:- "എന്നെ ഇപ്പോൾ തൂക്കുവാൻ പോകുന്നതു് ആ മനുഷ്യൻമൂലമാണ്. അതേ എന്റെ സ്വന്തം പിതാവുനിമിത്തംതന്നെ. അയാളുടെ ചുമതല അയാൾ നിർവ്വഹിച്ചില്ല. രാവും പകലും കൊള്ളക്കാരുടെയും കവർച്ചക്കാരുടെയും കൂട്ടത്തിൽ എന്നെ നിരങ്കുശം

വിടിരുന്നു. ഇതു് ആപല്ക്കരവും ദുരന്തത്തിനു കാരണവും ആകുമെന്നു് എന്നെ പറഞ്ഞുമനസ്സിലാക്കിയില്ല. എന്റെയല്ല, നേരെമറിച്ചു് അദ്ദേഹത്തിന്റെ കഴുത്താണ് ഈ കൊലക്കട്ടക്കിൽ വക്കേണ്ടതു്. കാരണം യഥാർത്ഥ കുററവാളി അദ്ദേഹമാണ്. ഈ കഴുമരത്തിൽകിടന്നു ഞാൻ നിർഭാഗ്യമരണം അനുഭവിക്കുവാൻ പോകുന്നതു് പിതാവു സ്വധർമ്മം നിർവഹിക്കാഞ്ഞതുകൊണ്ടത്രെ." ഈ പാതകി നിരവധി മോഷണങ്ങൾ നടത്തുകയും ഒടുവിൽ ഒരു കുററകൃത്യം തടയുന്നതിനു ശ്രമിച്ച പോലീസുകാരനെ കൊലപ്പെടുത്തുകയും ചെയ്തതിനാൽ വധശിക്ഷയ്ക്കു വിധിക്കപ്പെടുകയാണുണ്ടായതു്. ഒരു പുത്രൻ സ്വപിതാവിന്റെ മേൽ ചുമത്തിയ ഈ കുററാരോപണം എത്ര ഭയങ്കരം!! ആ മരണരോദനം ആജീവനാന്തം ആ പിതാവിന്റെ സ്മരണയിൽനിന്നു മാഞ്ഞുപോകുമോ? മരണാനന്തരംപോലും ആ കുററാരോപണത്തിൽനിന്നു മോചനം ലഭിക്കുമോ? കൊലക്കളത്തിൽ ഉയന്ന ആ ചെറുവിരൽ പൊതുവിധി ദിവസത്തിൽ, കുററാരോപണത്തിനായി ആ പിതാവിന്റെമേൽ ഉയരാതിരിക്കുമോ?

സമാധാനവും സംതൃപ്തിയും കളിയാടുന്ന വീടത്രെ ഒരുത്തമമാതാവിന്റെ പ്രവർത്തനരംഗം. അതു് എത്രയോ അഭികാമ്യമായ ഒരു നികേതനം!! സാക്ഷാൽ ദൈവാനുഗ്രഹങ്ങൾ അത്തരം ഭവനങ്ങളിൽ സമൃദ്ധിയായി വർഷിക്കപ്പെടും. ആലോചനകൂടാതെ കോപിച്ചും ക്ഷോഭിച്ചുമുള്ള സംസാരം വഴിയാണ് വീടുകളിൽ കലഹം രംഗപ്രവേശം ചെയ്യുന്നതു്. ജീവിതക്ലേശങ്ങളും പ്രയാസങ്ങളും കുടുംബജീവിതത്തിൽ വളരെയധികം ആവിർഭവിക്കും. പക്ഷെ അവയ്ക്കെല്ലാം പ്രതിവിധി ശാന്തമായും സഹാനുഭൂതിയോടുകൂടിയും ആരായാമല്ലോ. കലഹപ്രകൃതത്തെ മുളയിൽത്തന്നെ നുള്ളിയില്ലെങ്കിൽ അതു് മാറിയാലും മാറാത്ത സ്വഭാവമായിത്തീരും. മധുവിധു കഴിഞ്ഞു ജീവിതാദ്ധ്യോധനത്തിലേക്കു് പ്രവേശിക്കുമ്പോൾ എന്തെങ്കിലും കുററമോ കുറവോ ദമ്പതികൾ പരസ്പരം കാണാതിരിക്കുകയില്ല. ഇതു ഗ്രഹിച്ചാലുടനെ നിന്ദ്യമായ നിരൂപണമോ കൊച്ചുവിവാക്കോ ഉണ്ടാകും. അതിന്റെ പരിണതഫലം അഭിമാനക്ഷതവും. അവരുടെ പ്രേമസൗധം ക്രമേണ ഉലയുകയായി. അതുകൊണ്ടു് കുടുംബബന്ധത്തിന്റെ പാവനതയേയും സൗന്ദര്യത്തേയും മലിനപ്പെടുത്തുന്ന കോപാവേശം നിറഞ്ഞ വാക്കുകൾ ഉപയോഗിക്കുകയില്ലെന്നുള്ള നിഷ്ഠ പാലിച്ചാൽ ദാമ്പത്യകുസുമം വികസിച്ചു് സമാധാനത്തിന്റെ ശീതളമാരുതൻ കുടുംബമാസകലം വ്യാപിക്കും. സ്വന്തംഭവനം അവിഛിന്നമായി അഭംഗമായി ഐകമത്യത്തിന്റെ വിലാസരംഗമായി പരിലസിച്ചാൽ ഇതരതുറകളിലെ പരാജയം പരിഹരിക്കപ്പെടാവുന്നതാണ്.

വീരപരാക്രമിയായിരുന്ന നെപ്പോളിയൻ തന്റെ ദിഗ്ജയത്തിനുശേഷം വിശ്രമിച്ചിരുന്ന ഫ്രാൻസിലെ ചരിത്രപ്രസിദ്ധമായ 'മാൽമെയിസൻ' കൊട്ടാരം അദ്ദേഹം ജീവിച്ചിരുന്നകാലത്തു ഏതുനിലയിൽ ആയിരുന്നോ അതേരീതിയിൽ ഇന്നും സൂക്ഷിച്ചുവരുന്നു. അദ്ദേഹം ഉപയോഗിച്ചിരുന്ന കട്ടിലും എഴുത്തുമേശയും യൂറോപ്പിന്റെ ഭൂപടം മാറിവരച്ച അതേ തൂലികയും എല്ലാം ഇപ്പോഴും അവിടെ സൂക്ഷിച്ചിട്ടുണ്ടു്. ഫ്രഞ്ചുകാർ ഈ കൊട്ടാരത്തെ അവരുടെ ഒരു ദേശീയ സ്മാരകമായി പരിഗണിച്ചുവരുന്നു. പ്രതിവർഷം ആയിരക്കണക്കിനു ദേശഭക്തർ ഈ മനോഹരസൗധം സന്ദർശിച്ചു സംതൃപ്തിയടയുന്നുണ്ടു്. നെപ്പോളിയൻ തന്റെ പ്രേയസിയായിരുന്ന ജോസഫയിനുമായി ഏററം ആനന്ദനിർഭരമായ ദിനങ്ങൾ കഴിച്ചുകൂട്ടിയതും ഈ കൊട്ടാരത്തിലായിരുന്നു. സന്ദർശകർ, അജയ്യനായ ആ സിംഹപരാക്രമിയുടെ മുറികടന്നു ജോസഫയിനിന്റെ മണിയറയിലേക്കു് കടന്നുചെല്ലുമ്പോൾ ശിഥിലമായ കുടുംബബന്ധത്തിന്റെ മൂകസന്ദേശം വിളംബരം ചെയ്യുന്ന ചില സാമഗ്രികൾ അവിടെ കാണാം. അക്കൂട്ടത്തിൽ തന്റെ ഏററം സൗഭാഗ്യകാലത്തു ജോസഫയിൻ പാടിരസിച്ചിരുന്ന ഒരു വീണയും ഉണ്ടു്. ദാമ്പത്യജീവിതത്തിന്റെ മധുരഗാനം പാടിയിരുന്ന ആ വീണയുടെ തന്ത്രികൾ ശിഥിലമായിപ്പോയി. ആനന്ദതുന്ദിലമായ ജീവിതത്തിന്റെയും ഹൃദയാനന്ദത്തിന്റെയും മധുരഗാനമല്ല, പ്രത്യുത, കുടുംബഛിദ്രത്തിന്റെയും പ്രണയനൈരാശ്യത്തിന്റെയും സ്മരണകൾ നിശ്ശബ്ദവാചാലതയോടെ വിളംബരം ചെയ്യുന്ന ശാശ്വതസ്മാരകമായിട്ടാണു് ആ പട്ടമഹിഷിയുടെ മണിയറയിൽ ഇന്നു് ആ വീണ സ്ഥിതിചെയ്യുന്നതു്. യൂറോപ്പു പിടിച്ചടക്കുന്നതിലും പുതിയ സാമ്രാജ്യങ്ങൾ സ്ഥാപിക്കുന്നതിലും നവീനങ്ങളായ രാജവംശങ്ങൾ ഉത്പ്പിക്കുന്നതിലും സ്പെയിൻ, നേപ്പിൾസ്, ഹോളണ്ടു് എന്നീ രാജകീയ സിംഹാസനങ്ങളിൽ സ്വസഹോദരന്മാരെ പ്രതിഷ്ഠിക്കുന്നതിലും വിജയം കൈവരിച്ച പരാക്രമശാലിയായ നെപ്പോളിയൻ സർവ്വപ്രധാനമായ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിൽ ദയനീയമാംവണ്ണം പരാജയം അടഞ്ഞു — സ്വന്തം കുടുംബസാമ്രാജ്യം. ഇതായിരുന്നു അദ്ദേഹത്തിന്റെ ഏററവും വമ്പിച്ച പരാജയം.

ജോസഫയിനിന്റെ മണിയറയിലെ തകർന്ന വീണ ഇന്നു ലോകത്തിനു നൽകുന്ന ആപൽസൂചന കുടുംബശൈഥില്യമാണു്. രാഷ്ട്രങ്ങളുടെയോ ദേശങ്ങളുടെയോമേൽ എത്ര മഹത്തായ ആധിപത്യം സ്ഥാപിച്ചാലും ആ ദുരവസ്ഥയ്ക്കു തക്ക പരിശാന്തി ലഭിക്കുന്നതല്ല. ഒരുവൻ രാഷ്ട്രീയപ്രവർത്തനങ്ങളിലോ ബിസ്സിനസിലോ ഇതരതുറകളിലോ പരാജയം അടഞ്ഞാലും സാരമില്ല. പക്ഷെ, കുടുംബബന്ധത്തെ ശിഥിലമാക്കാതെ സ്നേഹശൃംഖലയാൽ ബലിഷ്ഠമാക്കണം.

ഒരു ക്രൈസ്തവകുടുംബത്തിന്റെ അലങ്കാരമായ മാതാവു് അടക്കവും ശാലീനതയും ഉള്ളവളായിരിക്കണം. എന്നാൽ ഭയാക്രാന്തയോ ഭീരുവോ ആകരുതു്. നിർമ്മലനേത്രങ്ങളും നിഷ്കപടമായ ആചാരഭാവവുമാണു് അവളുടെ ഭൂഷണം. അവളുടെ വാക്കുകൾ സൗഹാർദ്ദപരവും നിഷ്കളങ്കവുമായിരിക്കും. രണ്ടു സ്ത്രീകളെ തമ്മിൽ രമ്യപ്പെടുത്തുന്നതിൽ എളുപ്പം യൂറോപ്പുമുഴുവൻ രമ്യപ്പെടുത്താകമെന്നു് ഫ്രാൻസിലെ ചക്രവർത്തിയായിരുന്ന ലൂയി 14-ാമൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. ഈ പ്രസ്താവന ഉത്തമമാതാക്കൾക്കു് ബാധകമല്ല. ക്രിസ്തുവിനുവേണ്ടി നിന്ദനവും അപമാനവും സഹിക്കുന്നതിൽ സന്തുഷ്ടരായിരിക്കും വീരമാതാക്കൾ.

---

സത്യദീപം വരിസംഖ്യ


പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0


ഇൻഡ്യക്കുപുറമെ " 8—12—0

---

# പുനരൈക്യരജതജൂബിലിസംബന്ധിച്ച സംയുക്തഇടയലേഖനം



തിരുവല്ലാ മെത്രാൻ ആർച്ചുബിഷപ്പ്-ബിഷപ്പ് ജോസഫ് മാർ സെവേരിയോസ് ഡി. ഡി.



തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കു് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ഡി. ഡി.

## പ്രഖ്യാപനം

ദീർഘകാലമായി നമ്മുടെ പിതാക്കന്മാർ പ്രാർത്ഥനയോടും ആകാംക്ഷയോടുംകൂടി പ്രതീക്ഷിച്ചിരുന്ന പുനരൈക്യം സുസംഘടിതമായി ആരംഭിച്ചിട്ടു് ഈ വർഷം സെപ്തംബർ ഇരുപതാംതീയതി ഇരുപത്തിഅഞ്ചാം വർഷത്തിലേക്കു പ്രവേശിക്കുകയാണു്. തന്നിമിത്തം ഈ സെപ്തംബർ ഇരുപതാംതീയതി മുതൽ അടുത്ത സെപ്തംബർ ഇരുപതാംതീയതി വരെയുള്ള കാലഘട്ടം പുനരൈക്യപ്രസ്ഥാനത്തിന്റെ ജൂബിലിവർഷമായി പ്രഖ്യാപിക്കുവാൻ ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്.

ഇരുപത്തിഅഞ്ചുവർഷം ഒരു പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദീർഘമായ ഒരു കാലയളവല്ല. എന്നാൽ ആ പ്രസ്ഥാനത്തിന്റെ പ്രഥമഫലങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം ഇതു ഗണ്യമായ ഒരു ഘട്ടംതന്നെയാണു്. പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പി ഉൾപ്പെടെ അനേകം മഹാത്മാക്കൾ ഇതിനകം അവരുടെ നിത്യസമ്മാനം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. നമ്മിൽ പലരും ജീവിതത്തിന്റെ നല്ല ഭാഗം കത്തോലിക്കാസഭയിൽ കഴിച്ചുകൂട്ടുവാൻ ഭാഗ്യംസിദ്ധിച്ചു. കഴിഞ്ഞ കാൽശതാബ്ദക്കാലം ഈ പുനരൈക്യപ്രസ്ഥാനംവഴി കരുണാനിധിയായ ദൈവത്തിൽനിന്നും നമുക്കു ലഭിച്ചിട്ടുള്ള നിരവധി നന്മകളനുസ്മരിച്ചു് ആഹ്ലാദിക്കുന്നതിനും ദൈവത്തിനു നന്ദി പറയുന്നതിനും പൂർവ്വവൽ ശുഷ്കാന്തിയോടെ പുനരൈക്യപ്രസ്ഥാനത്തിന്റെ നാനാമുഖമായ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കുന്നതിനും ഉള്ള ഒരവസരമാണു് ഈ ജൂബിലിവർഷം.

## അനുസ്മരണകൾ

സുദീർഘങ്ങളായ മൂന്നു നൂററാണ്ടുകാലത്തെ പ്രാർത്ഥനയും പ്രയത്നവും ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനു് ദൈവം തെരഞ്ഞെടുത്ത പ്രധാന ആയുധം ദിവംഗതനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടാണു്. മുമ്പു് അങ്ങിങ്ങായി പല വ്യക്തികളുടെയും പുനരൈക്യം നടന്നിട്ടുണ്ടെങ്കിലും സംഘടിതമായ ഈ പുനരൈക്യപ്രസ്ഥാനം അദ്ദേഹത്തിന്റെ പരിശ്രമഫലമത്രെ. വിശാലവീക്ഷണത്തോടുകൂടി ബുദ്ധിമാനായ ഒരു ശില്പിയെപ്പോലെ അദ്ദേഹം ഇതിനടിസ്ഥാനമിട്ടു. നമുക്കു സ്വന്തമായി റീത്തും വൈദികസംസ്ഥാനവും രണ്ടു രൂപതകളും ലഭിച്ചു. തിരുമേനിയുടെയും സഹപ്രവർത്തകരുടെയും പരിശ്രമഫലമായി ഇതിനകം ഉണ്ടായിട്ടുള്ള അഭിവൃദ്ധി വിസ്മയാവഹമാണു്. ആധുനികകാലത്തുണ്ടായിട്ടുള്ള സഭൈക്യപ്രസ്ഥാനങ്ങളിൽ വലുതായി നമ്മുടെ പുനരൈക്യപ്രസ്ഥാനത്തെ ക്രൈസ്തവലോകം അംഗീകരിച്ചിട്ടുണ്ടു് ലോകം ഉള്ളിടത്തോളം (സുറിയാനിസമുദായം നിലനിൽക്കുന്നിടത്തോളം) കാലം പുനരൈക്യപ്രസ്ഥാനത്തിന്റെ ജനയിതാവായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ നാമം അഭിമാനത്തോടും കൃതജ്ഞതയോടും സ്മരിക്കപ്പെടുന്നതാണു്.

പുനരൈക്യത്തിന്റെ പാപ്പാ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ വിശാലമനസ്കതയുടെയും ദീർഘവിചക്ഷണതയുടെയും ഫലമായിട്ടാണു് നമ്മുടെ ആചാരക്രമം അംഗീകൃതമായതെന്നു് നാം അനുസ്മരിക്കേണ്ടതാണു്. ഉദാരമതിയായിരുന്ന ആ പരിശുദ്ധ പിതാവിന്റെ പൈതൃകസ്നേഹത്തോടു് നമ്മുടെ പ്രസ്ഥാനം എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു് പറഞ്ഞറിയിക്കുക പ്രയാസമാണു് അദ്ദേഹത്തെ കൃതജ്ഞതാപുരസ്സരം ഈ ജൂബിലിവർഷത്തിൽ നാം അനുസ്മരിക്കേണ്ടതാണു്.

ഇന്നു് സൗഭാഗ്യസമന്വിതം തിരുസ്സഭാഭരണം നടത്തുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനിയുടെ നേർക്കും നമുക്കുള്ള കടപ്പാടു് നിസ്സീമമാണു്. തിരുമനസ്സുകൊണ്ടു് നമ്മുടെ പുനരൈക്യപ്രസ്ഥാനത്തെ എത്ര സ്നേഹപൂർവ്വമാണു് വീക്ഷിക്കുന്നതെന്നതിനു് മകുടോദാഹരണങ്ങളാണു് തിരുവല്ലാ രൂപതാദ്ധ്യക്ഷനു ആർച്ചുബിഷപ്പ് സ്ഥാനം നൽകിയ വസ്തുതയും പുനരൈക്യപ്പെട്ട രണ്ടുപേരെ മെത്രാൻപദത്തിലേക്കു ഉയർത്തിയവസ്തുതയും.

പുനരൈക്യത്തെ പ്രോത്സാഹിപ്പിക്കുകയും വാത്സല്യപൂർവ്വം പരിപോഷിപ്പിക്കുകയും ചെയ്തിട്ടുള്ള എല്ലാവരേയും നാം കൃതജ്ഞതാപൂർവ്വം ഓർമ്മിക്കേണ്ടതാണു്. പൗരസ്ത്യതിരുസംഘത്തിന്റെ സിക്രട്ടറിയായിരുന്ന കർദ്ദിനാൾ സിൻചേരോ, ഇപ്പോഴത്തെ സിക്രട്ടറി കർദ്ദിനാൾ തിസ്സരാങ്ങ്, നമ്മുടെ അപ്പസ്തോലിക്കു് ഡലിഗേററുമാരായിരുന്ന ആർച്ചുബിഷപ്പ് (ഇപ്പോൾ അത്യുന്ന കർദ്ദിനാൾ) മൂണി, ആർച്ചുബിഷപ്പ് കീയർക്കെൽസ്, ഇപ്പോഴത്തെ ഇന്റർനൺഷ്യോ ആർച്ചുബിഷപ്പ് മാർട്ടിൻ ലൂക്കാസ് എന്നീ തിരുമേനിമാരുടെ പേരുകൾ ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യങ്ങളാണു്. സീറോ മലബാർ ഹൈരാർക്കിയുടെ അദ്ധ്യക്ഷൻ കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭംമുതൽ ചെയ്തുകൊണ്ടിരിക്കുന്ന ഒത്താശകൾക്കു നാം എന്നും ആ വന്ദ്യതിരുമേനിയോടു കൃതജ്ഞരായിരിക്കേണ്ടതാണു്. കൊല്ലം രൂപതാദ്ധ്യക്ഷനായിരുന്ന പരേതനായ ബെൻസിഗർ മെത്രാപ്പോലീത്താ തിരുമേനിയോടും ഈ പ്രസ്ഥാനം കടപ്പെട്ടിട്ടുണ്ടു്. പരേതരായ ദിയസ്കോറോസ് തിരുമേനിയേയും, പുലിക്കോട്ടു് യൗസേപ്പു് റമ്പാച്ചനേയും ഫാദർ ശൈനായേയും നമ്മുടെ പ്രിയപ്പെട്ട വൈദികരേയും വിശ്വാസികളേയും ഈ ആഘോഷവേളകളിൽ നാം അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

## നേട്ടങ്ങൾ

ജൂബിലിയാഘോഷങ്ങൾ സർവ്വോപരി ഹൃദയംഗമമായ കൃതജ്ഞതാപ്രകടനമായിരിക്കണം. ദൈവം നമുക്കു ചെയ്തിട്ടുള്ള നന്മകളുടെ സ്വഭാവവും വൈപുല്യവും ശരിയായി ഗ്രഹിക്കുവാൻ നാം പരിശ്രമിക്കേണ്ടതാണു്. ഉദ്ദേശം 300 കൊല്ലങ്ങൾക്കുമുമ്പു് തായ്ത്തണ്ടിൽനിന്നും വിഛേദിക്കപ്പെട്ടിരുന്ന നാം ഈ പുനരൈക്യപ്രസ്ഥാനം വഴിയായി സജീവമായ മുന്തിരിവള്ളിയോടു് വീണ്ടും സംയോജിക്കപ്പെട്ടിരിക്കുന്നു ശിരസ്സാകുന്ന മിശിഹായിൽനിന്നും ശരീരമാകുന്ന തിരുസ്സഭയിലേക്കു് നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്ന ദൈവവരപ്രസാദങ്ങൾക്കും ആദ്ധ്യാത്മികചൈതന്യത്തിനും നാം അവകാശികളായിത്തീർന്നിരിക്കുന്നു. അത്ഭുതാവഹമായ വളർച്ചയും അഭിവൃദ്ധിയുമാണു് ഇതിനകം നമുക്കുണ്ടായിട്ടുള്ളതു് കേരളക്കരയുടെ ഒരററംമുതൽ മറേറ അററംവരെ നമുക്കുള്ള ഇടവകകൾ, മിഷൻകേന്ദ്രങ്ങൾ, ദേവാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ മുതലായവ ഇതിനു സാക്ഷ്യംവഹിക്കുന്നു. 1953-ലെ കണക്കനുസരിച്ചു് നമ്മുടെ വൈദികസംസ്ഥാനത്തിൽ 168 വൈദികരും, 80.000 വിശ്വാസികളുമുണ്ടു്. മുന്നൂറോളം ദേവാലയങ്ങൾക്കു പുറമെ പെററിസെമ്മിനാരികൾ, ഒരു ഒന്നാം ഗ്രേഡ് കോളെജ്, അനവധി സ്കൂളുകൾ, അനാഥമന്ദിരങ്ങൾ, ആസ്പത്രികൾ മുതലായ സ്ഥാപനങ്ങളും ഉണ്ടായിട്ടുണ്ടു്. കൂടാതെ അടുത്ത കാലംവരെ തിരുസ്സഭയുടെ നേരെ അകത്തോലിക്കരുടെ ഇടയിലുണ്ടായിരുന്ന തെററിദ്ധാരണകളും അവജ്ഞയും നീക്കുന്നതിനും കത്തോലിക്കാസഭയോടു് അഭിനന്ദനവും ബഹുമാനവും അവരിൽ വളർത്തുന്നതിനും ഇടയായിട്ടുണ്ടു്. അകത്തോലിക്കാ സഹോദരങ്ങളിൽ പൊതുവെ ഉണ്ടായിട്ടുള്ള ഈ മനോഭാവം പുനരൈക്യപ്രസ്ഥാനത്തിന്റെ ഏററം വലിയ വിജയമാണു്.

## നമ്മുടെ ഭാവി

നമ്മുടെ യുവജനങ്ങൾ വൈദികവൃത്തിക്കായും സന്ന്യാസജീവിതത്തിനായും ധാരാളമായി മുമ്പോട്ടുവരുന്നതു് ആദ്ധ്യാത്മികപ്രബുദ്ധതയുടെ ഏററം വലിയ ഒരു തെളിവാണു്. ലീജിയൻ ഓഫ് മേരി, വിൻസെൻറ് ഡി പോൾ കോൺഫറൻസ്, സൊഡാലിററി മുതലായ ഭക്തസംഘടനകൾ വഴിയായും മററും നമ്മുടെ ജനങ്ങൾ നാൾക്കുനാൾ വിശ്വാസത്തിലും ഭക്തിയിലും അഭിവൃദ്ധി പ്രാ

പിച്ചുവരുന്നതു് അവാച്യമായ സന്തോഷത്തോടുകൂടെ നാം കണ്ടുകൊണ്ടിരിക്കയാണു്.

നമ്മുടെ ആരാധനാരീതി, കൂദാശക്രമങ്ങൾ, പ്രാർത്ഥനകൾ ഇവയുടെ വൈശിഷ്ട്യവും ആകർഷകത്വവും എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു വിഷയമായിട്ടുണ്ടു്. ദൈവം നമുക്കു നൽകിയ ഈ അനുഗ്രഹങ്ങളെ നാം ശരിയായി മനസ്സിലാക്കുകയും വിലമതിക്കുകയും ദൈവത്തിനു നന്ദിപറകയും ചെയ്യുന്നതോടൊപ്പം അവയ്ക്കു് അർഹരായിത്തീരത്തക്കവണ്ണം നാം ജീവിക്കയും ചെയ്യണം.

## നമ്മുടെ കർത്തവ്യം

ഈ ജൂബിലി, പ്രാർത്ഥനയുടെ ഒരു വർഷമായിരിക്കണം. പുനരൈക്യപ്രസ്ഥാനം അത്ഭുതകരമായ രീതിയിൽ ഇന്നു വളർന്നിട്ടുണ്ടെങ്കിലും നമ്മുടെ സഹോദരങ്ങളിൽ അനേകലക്ഷങ്ങൾ അതിന്റെ ഫലം അനുഭവിക്കാതെ ഇനിയും അകന്നുനിൽക്കുന്നുണ്ടു്. വിനാവിളംബം അവരും തിരുസഭയുടെ ഐക്യത്തിലേക്കു വന്നുചേരുന്നതിനു നാം പ്രാർത്ഥിക്കയും പ്രയത്നിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ ഭാരതത്തിലെ മാനസാന്തരവൃത്തിയിൽ കേരളക്രിസ്ത്യാനികൾ ഒരു വലിയ പങ്കുവഹിക്കേണ്ടതായിട്ടുണ്ടു്. കത്തോലിക്കാ തിരുസഭയുമായുള്ള ഐക്യത്തിൽ എല്ലാവരും വന്നുചേർന്നെങ്കിൽ അല്ലാതെ ഈ ചുമതല ശരിയായി നിർവ്വഹിക്കുവാൻ സാധിക്കുകയില്ല. അകത്തോലിക്കാസഹോദരങ്ങൾ ഐക്യത്തിന്റെ ആവശ്യവും പ്രയോജനവും ശരിക്കു ഗ്രഹിച്ചു് അതിനായി പൂർവ്വാധികം അഭിലഷിക്കുന്നുണ്ടു്. ദൈവസഹായത്തിൽ ആശ്രയിച്ചുകൊണ്ടു് ഈ സുവർണ്ണാവസരത്തെ നന്നായി ഉപയോഗിക്കുവാൻ നാം താല്പര്യപ്പെടണം. സകല ഹൃദയങ്ങളെയും തന്റെ ഉള്ളംകൈയിൽ വഹിക്കുന്ന കാരുണ്യവാനായ ദൈവത്തോടു് എല്ലാ മനുഷ്യർക്കും പ്രകാശവും നന്മനസ്സും ധൈര്യവും കൊടുക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

പ്രാർത്ഥനയ്ക്കു പുറമെ വിശ്വാസചൈതന്യവും ക്രിസ്തീയ ഉപവിയും വഴിയായി മററുള്ളവർക്കു മാർഗ്ഗദർശകമായിരിക്കുവാൻ നാം ജാഗരൂകരായിരിക്കണം. അറിയാത്ത കാര്യത്തെ നാം വിലമതിക്കുകയോ സ്നേഹിക്കുകയോ ചെയ്കയില്ലല്ലോ. ഇന്നു ക്രിസ്ത്യാ

വിശുദ്ധ റീത്താപുണ്യവതിയുടെയും വിശുദ്ധ ഫിലോമിനാ പുണ്യവതിയുടേയും പ്രത്യേകസഹായത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ താമസിച്ചതിനു ക്ഷമാപണം.

ജോസഫ് മറിയാമ്മ, കാട്ടുമന
വൈക്കം

നികളായ പലരും ആത്മീയജീവിതമില്ലാതെ ഭൗതികത്വത്തിലേക്കു ചായുന്നു എങ്കിൽ അതിനുള്ള മൂലകാരണം മതതത്വങ്ങളെക്കുറിച്ചുള്ള അജ്ഞതയാണു്. ആകയാൽ ക്രിസ്തീയ മതതത്വങ്ങൾ എല്ലാവരും ശരിയായി ഗ്രഹിക്കേണ്ടതു് അത്യന്താപേക്ഷിതമത്രെ.

ഈ ജൂബിലിവർഷം നമ്മുടെ വിശ്വാസം തട്ടിയുണർത്തുന്നതിനും പ്രവൃത്തോന്മുഖമാക്കുന്നതിനുമുള്ള ഒരു അവസരമായിരിക്കട്ടെ. കുട്ടികൾ ശരിയായും ക്രമമായും വേദപാഠം നടത്തുന്നതിനു മാതാപിതാക്കളും വൈദികരും പ്രത്യേകം ശ്രദ്ധിക്കണം. വിശ്വാസവും മതചൈതന്യവുമുള്ള ഒരു തലമുറയെ കെട്ടിപ്പടുക്കുന്നതിനുള്ള ഉത്തമമാർഗ്ഗമിതാണു്.

പ്രായമായവരെ സംബന്ധിച്ചും വിശ്വാസസത്യങ്ങൾ ശരിയായി ഗ്രഹിക്കുവാനുള്ള കടമ ഏററം ഗുരുതരമായ ഒന്നാണു്. ഭൗതികങ്ങളും വിപ്ലവാത്മകങ്ങളുമായ ശക്തികൾ മതത്തിന്റെ അടിസ്ഥാനംതന്നെയും മറിച്ചിടുവാൻ ശ്രമിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇതു വളരെ ആവശ്യമാണു്. ദേവാലയപ്രസംഗങ്ങൾ, ധ്യാനയോഗങ്ങൾ, പാഠനക്ലാസ്സുകൾ ഇവ വഴിയായി ഈ അഭ്യസനം നടത്തുവാൻ കഴിയും. വായനയിൽ അത്യധികം താല്പര്യമുള്ള ഒരു കാലമാണല്ലോ ഇതു്. വിശ്വാസസംബന്ധമായ പുസ്തകങ്ങളും, സത്യസഭാകാഹളം, സത്യപ്രകാശം, സത്യദീപം മുതലായ പ്രസിദ്ധീകരണങ്ങളും നമ്മുടെ വിശ്വാസികൾ കൂടുതലായി വായിച്ചു പ്രയോജനം വരുത്തിക്കാണുവാൻ ഞങ്ങൾ താല്പര്യപ്പെടുകയും ഉപദേശിക്കുകയും ചെയ്യുന്നു. വിശ്വാസത്തെ നാം ശരിയായി ഗ്രഹിച്ചാൽ അതിനെ നാം സ്നേഹിക്കയും ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യും.

വിശ്വാസത്തിൽ അധിഷ്ഠിതമായ ക്രിസ്തീയജീവിതം ക്രമപ്രവൃദ്ധമായി വളർന്നു പുഷ്ടിപ്രാപിക്കുന്നതു വി. കൂദാശകളുടെ സ്വീകരണം വഴിയായിട്ടാണു്. അതിലാണു ക്രിസ്തീയജീവിതം അടങ്ങിയിരിക്കുന്നതു്. ഈ ജൂബിലിവർഷത്തിൽ ആദ്ധ്യാത്മികമായി നാം അഭിവൃദ്ധിപ്പെടുന്നതിനും നമ്മുടെ സന്മാതൃകയാൽ മററുള്ളവരെ തിരുസഭയിലേക്കാകർഷിക്കുന്നതിനും കൂടെക്കൂടെയുള്ള കൂദാശസ്വീകരണം നമ്മെ സഹായിക്കട്ടെ

ചുരുക്കത്തിൽ, നമ്മുടെ പ്രാർത്ഥന, സജീവമായ വിശ്വാസം, മാതൃകാപരമായ ജീവിതം ഇവവഴിയായി പുനരൈക്യവേല പൂർത്തിയാക്കുന്നതിനു ശ്രമിക്കുന്നതാണെന്നു് ഈ ജൂബിലിവർഷാരംഭത്തിൽത്തന്നെ നമുക്കു പ്രതിജ്ഞചെയ്തു് അതിനായി പരിശ്രമിക്കാം.

ജൂബിലി ആഘോഷങ്ങൾ സംബന്ധിച്ച വിശദപരിപാടികൾ അപ്പഴപ്പോൾ അറിയിക്കുന്നതായിരിക്കും.

# മരിയവത്സരമഞ്ജരി

## സുമം 32

പൂർവ്വപിതാവായ യാക്കോബു് സഹോദരനായ എസാവിനെ ഭയന്നു മെസപ്പൊത്താമിയായിലേക്കു പ്രയാണംചെയ്തുകൊണ്ടിരിക്കെ ഒരു രാത്രി ഉറക്കത്തിൽ ഒരു ദിവ്യദർശനമുണ്ടായി. ഭൂമിമുതൽ സ്വർഗ്ഗംവരെ എത്തുന്ന ഒരു ഉയരമുള്ള ഗോവണിയും അതിന്റെ ഉച്ചിയിൽ ദൈവത്തേയും



അദ്ദേഹം കണ്ടു. നിരവധി മാലാഖമാർ ആ ഗോവണിയിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സന്തതികളിൽ ഒരാളിൽ ലോകത്തിലുള്ള എല്ലാജനവും അനുഗ്രഹിക്കപ്പെടുമെന്നുള്ള ദൈവത്തിന്റെ ഒരു വാഗ്ദാനവും അദ്ദേഹം ശ്രവിച്ചു. ആശ്ചര്യസ്തബ്ധനായിട്ടാണു് യാക്കോബ് ഉറക്കത്തിൽനിന്നുണർന്നതു്. "തീർച്ചയായും ദൈവം ഈ സ്ഥലത്തുണ്ടു്. ഞാനതറിഞ്ഞിരുന്നില്ല. ഈ സ്ഥലം എത്ര ഭയജനകമാണു്. ഇതു ദൈവഭവനവും സ്വർഗ്ഗത്തിന്റെ വാതിലുമല്ലാതെ മറെറാന്നല്ല" അദ്ദേഹം പ്രഖ്യാപിച്ചു. ലോകത്തിലുള്ള എല്ലാ ജനതയേയും അനുഗൃഹീതരാക്കിച്ചെയ്ത ദൈവമാതാവായ മറിയത്തിൽ പ്രസ്തുത ദർശനവും വാഗ്ദാനവും അക്ഷരശഃ നിവർത്തിതമായിരിക്കുന്നു.

### സ്വർഗ്ഗത്തിന്റെ കവാടം

തിരുസ്സഭ ഔദ്യോഗികപ്രാർത്ഥനകളിൽ പലപ്രകാരത്തിൽ പ്രതിപാദിക്കുന്ന ഒരു വസ്തുതയുണ്ടു്—മറിയത്തിൽ നിറവേറിയിരിക്കുന്ന ഈ വാഗ്ദാനത്തിന്റെ വിവരണം. പ്രതാപവാനായ രാജാവിന്റെ പടിവാതിലെന്നും, സ്വർഗ്ഗത്തിന്റെ വാഴ്ത്തപ്പെട്ട കവാടമെന്നും, ആകാശത്തിന്റെ തുറക്കപ്പെട്ട വാതിലെന്നും, ലോകത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചത്തിന്റെ പ്രവേശനദ്വാരമെന്നും മററുമാണു് മറിയം കീർത്തിക്കപ്പെട്ടിരിക്കുന്നതു്. ലോകത്തിന്റെ രാജാധിരാജനും നിത്യമായ ഒരു രാജത്വത്തിന്റെ അവകാശിയുമാണല്ലോ ലോകരക്ഷകനായ ക്രിസ്തു. അവിടുത്തേക്കു ഏതുവിധത്തിലും ലോകത്തിൽ അവതരിക്കാമായിരുന്നു. പക്ഷെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിവഴിയായി കന്യകമറിയത്തിൽനിന്നു അത്ഭുതാവഹമായ വിധത്തിൽ ഒരു പിഞ്ചുപൈതലായി ലോകത്തിലേക്കു വരുന്നതിനാണവിടുന്നിഷ്ടപ്പെട്ടതു്. തന്മൂലം അതിപ്രതാപവാനായ ഈ രാജാധിരാജനെ പ്രസവിച്ച മറിയം അദ്ദേഹത്തിന്റെ ആഗമനത്തിന്നു പടിവാതിലായിത്തീർന്നു. എസക്കിയേൽ ദീർഘദർശി പ്രവചിച്ചതുപോലെ അതവിടുത്തേക്കുമാത്രം നീക്കിവയ്ക്കപ്പെട്ട മുദ്രിതമായ ഒരു പടിവാതിലായിരുന്നു. മറിയം ഈശോയെ പ്രസവിക്കുന്നതിനുമുമ്പും, പ്രസവാവസരത്തിലും, പ്രസവത്തിനു ശേഷവും നിത്യകന്യകയാണു്. ഇസ്രായേലിന്റെ ദൈവമായ കർത്താവുമാത്രം അതിലൂടെ കടന്നുകൊണ്ടു് അതു രാജകുമാരനുവേണ്ടി അടയ്ക്കപ്പെട്ടു. ദൈവത്തിന്റെ ദൗത്യം വഹിച്ച ഗബ്രിയേലും, പരിശുദ്ധാത്മാവിനാൽ പരിപൂതയായ ഏലീശ്വായും മറിയത്തെ അഭിസംബോധന ചെയ്തതു് സ്ത്രീകളിൽ അനുഗൃഹീതയെന്നായിരുന്നു. നിത്യദൈവത്തിന്റെ തിരുക്കുമാരനെ മകനെന്നു വിളിക്കുന്നതിനും, യുഗങ്ങളുടെ പ്രത്യാശയായ രക്ഷകനെ ലോകത്തിനു പ്രദാനം ചെയ്യുന്നതിനും, സകല ആനന്ദങ്ങളുടെയും ഉറവിടമായ ദൈവത്തെ സ്വന്തമാക്കുന്നതിനും സാധിച്ച മറിയം അനുഗൃഹീതയെന്നു പറയുന്നതിൽ എന്തതിശയോക്തിയാണുള്ളതു്? അഭേദ്യമായവിധം ദൈവവുമായി ഐക്യപ്പെട്ടു് അവിടുത്തെ തിരുവിഷ്ടനിർവ്വഹണം തന്റെ ജീവിതാനന്ദമായി വരിച്ച ഈ അമ്മയുടെ സൗഭാഗ്യം മററു യാതൊരു സൃഷ്ടിക്കും എത്തിനോക്കുന്നതിനുപോലും വഹിയാത്തവണ്ണം അത്ര ഉത്തുംഗമാണു്. ക്രിസ്തുവിന്റെ രക്ഷണീയവേലയിൽ ഹൃദയം തകർന്നു വ്യഥയനുഭവിച്ച ഈ അമ്മ ദിവ്യാനുഗ്രഹങ്ങളുടെ മധു കുരിശിൻ ചുവട്ടിൽനിന്നു നുകരുകയായിരുന്നു. രക്ഷകൻ തന്റെ അവസാനജൈത്രയാത്രയ്ക്കുവേണ്ടി ലോകാവസാനത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ എണ്ണമില്ലാത്തവണ്ണം അവിടുത്തെ അകമ്പടി സേവിക്കുന്നതിനു് വന്നുകൂടുന്ന തിരഞ്ഞെടുക്കപ്പെട്ട ഗണങ്ങളെ കാണുന്ന നിമിഷത്തിൽ ഈ മാതൃഹൃദയം എത്രമാത്രം ആനന്ദാനുഭൂതിയാൽ അനുഗൃഹീതമായിരിക്കും. മറിയം സ്വർഗ്ഗത്തിന്റെ വാഴ്ത്തപ്പെട്ട വാതിൽതന്നെ. കണ്ണഞ്ചിക്കുന്ന സ്വർഗ്ഗപ്രഭാവത്തിന്റെ പ്രകാശത്തിൽ വസിക്കുന്ന ദൈവം മറിയത്തിന്റെ മകനായി ലോകത്തിലേക്കു വന്നതുകൊണ്ടാണു് ആ പ്രഭാപൂരം ലോകത്തിൽ പ്രശോഭിച്ചതു്. അതുകൊണ്ടു മറിയത്തെ ലോകത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചത്തിന്റെ വാതിലെന്നു പറയുന്നതു കേവലം യഥാർത്ഥമാത്രമാണു്.

ഇപ്രകാരം ദിവ്യപ്രകാശത്തെ ലോകത്തിനു പ്രദാനംചെയ്യുന്ന സ്വർഗ്ഗത്തിന്റെ കവാടമായിരിക്കുന്ന മറിയത്തെ ലോകാന്ധകാരത്തിൽ വലയുന്നവരായ നമുക്കു സമാധാനത്തോടും പ്രത്യാശയോടും ഹൃദയാനന്ദത്തോടുംകൂടി വിളിച്ചപേക്ഷിക്കാം:-

**ആകാശമോക്ഷത്തിന്റെ വാതിലേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

## സുമം 33

"ആകാശങ്ങൾ ദൈവമഹത്വത്തെ പ്രത്യക്ഷമാക്കുന്നു; നഭോമണ്ഡലം അവിടുത്തെ കരവേലകളെ പ്രഖ്യാപിക്കുന്നു." ആലങ്കാരികദീപങ്ങളുടെ കൺമയക്കുന്ന വേലത്തരങ്ങൾ മനുഷ്യന്റെ കണ്ടുപിടുത്തങ്ങളുടെ ഫലമായി ഇന്നു ഭൂമുഖത്തെ പ്രശോഭനമാക്കുന്നുണ്ടു്. എങ്കിലും സകല പ്രകാശധോരണിയുടേയും ദാതാവായ ദൈവം നഭോമണ്ഡലത്തിൽ സജ്ജീകരിച്ചിട്ടുള്ള അത്ഭുതാവഹമായ കൈവേലകളോടു തുലനം ചെയ്യുമ്പോൾ അവ നിഷ്പ്രഭങ്ങളായി ഭവിക്കുന്നു. മനോഹരമായ ഈ താരകക്കൂട്ടത്തിൽ സവിശേഷം ശ്രദ്ധാർഹമായ ഒന്നാണു് ഉഷഃകാലനക്ഷത്രം. ദൈവമാതാവിൽ പ്രശോഭിക്കുന്ന ഗുണവിശേഷങ്ങളുടെ ചില നിഴൽപ്പാടുകൾ ഭക്തഹൃദയങ്ങൾ ഈ നക്ഷത്രത്തിന്റെ പ്രവർത്തനത്തിൽ വ്യക്തമായി കണ്ടിരുന്നതുകൊണ്ടു ഈ അമ്മയെ അതിനോടുപമിച്ചു ഉഷഃകാലനക്ഷത്രമെന്നു് അഭിസംബോധന ചെയ്തു.

### സാധർമ്മ്യങ്ങൾ

സൗരയൂഥത്തിലെ നിരവധി ഗ്രഹങ്ങളിലൊന്നാണു് ഉഷഃകാലനക്ഷത്രവും. അതിനു സ്വന്തമായി പ്രകാശമില്ല. എല്ലാ വെളിച്ചവും സൂര്യനിൽനിന്നു സ്വീകരിച്ചു സ്വയം പ്രതിഫലിപ്പിക്കുകയാണു്. ഓരോ ഗ്രഹത്തിന്റേയും ഘടനയും പ്രതിഫലനശക്തിയും സ്ഥാനവുമനുസരിച്ചു അവ പ്രകാശമാനമായിത്തീരുന്നു. നിത്യസൂര്യനെവട്ടമിടുന്ന താരകസഞ്ചയമാണു വിശുദ്ധന്മാർ. അവരോരോരുത്തരും ആ ദിവ്യസൂര്യനെ പ്രതിഫലിപ്പിക്കുകയാണു്, അവരവരുടെ കഴിവുകൾക്കനുസരിച്ചു്. വിശുദ്ധന്മാരുടെ ഈ ഗണത്തിൽ ദൈവത്തിന്റെ പ്രത്യേകാനുകൂല്യത്താലും പുണ്യപരിപാകതയാലും അവിടുത്തെ ഏററവുമധികം സമ്യക്കായി പ്രതിഫലിപ്പിക്കുന്ന ഒരസാമാന്യസൃഷ്ടിയാണു് പരിശുദ്ധകന്യകമറിയം. പാപമാലിന്യത്തിന്റെ യാതൊരു കളങ്കവുമില്ലാതെ, വരപ്രസാദത്തിന്റെ പൂർണ്ണതയിൽ വിരാജിക്കുന്ന ഈ നക്ഷത്രം മാത്രമാണു് ദൈവപ്രകാശത്തെ തദനുഗുണമായ സൗഷ്ഠവത്തോടുകൂടി പ്രതിഫലിപ്പിക്കുന്നതു്. സൗരയൂഥത്തിൽ സൂര്യനാകുന്ന കേന്ദ്രത്തിലാണു് എല്ലാ ഗ്രഹങ്ങളും ചുററിക്കറങ്ങുന്നതു്. അവയുടെ വഴിത്താരനിർണ്ണയിക്കുന്നതു ഈ കേന്ദ്രത്തോടുള്ള ആകർഷണത്തിന്റെ തോതനുസരിച്ചാണു്. ഉഷഃകാലനക്ഷത്രം സൂര്യന്റെ മുന്നോടിയെന്നവണ്ണം അതിന്റെ ഉദയത്തിന്റെ ദൗത്യവാഹകനായി പ്രത്യക്ഷപ്പെടുന്നു. പരിശുദ്ധകന്യകമറിയത്തിനും ദൈവപുത്രനെ സംബന്ധിച്ചുള്ള ദൗത്യമാണു് സർവ്വപ്രധാനം. മറിയത്തിന്റെ ജീവിതവും പ്രവർത്തനങ്ങളുമെല്ലാം ഈ ദിവ്യസൂര്യനെ മാത്രം കേന്ദ്രീകരിച്ചുള്ളതാണു്. ദൈവത്തിൽ വിലയം പ്രാപിക്കാത്ത ഒരു ചിന്തയോ, അവഗാഢം ദൈവവുമായി സംയോജിക്കാത്ത ഒരഭിലാഷമോ, അവിടുത്തെ നിത്യസ്തുതിയെ സ്പർശിക്കാത്ത ഒരു വാക്കോ, അവിടുത്തെ അഭീഷ്ടനിവൃത്തിക്കല്ലാത്ത ഒരു പ്രവൃത്തിയോ മറിയത്തിൽ കാണുകയില്ല. പ്രകൃതിനിയമത്താൽ ഉഷഃകാലനക്ഷത്രം സൂര്യബിംബത്തോടു ശക്തിമത്തായ ആകർഷണത്താൽ ബന്ധിതമായിരിക്കുന്നു. പരിശുദ്ധകന്യകമറിയം അതിലുപരി ശക്തിമത്തായ ദൈവസ്നേഹബന്ധത്താൽ പരമദൈവവും സ്വപുത്രനുമായ അവിടുത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. സൂര്യോദയത്തെ ലോകത്തിനറിയിക്കുകയാണു് ഉഷഃകാലനക്ഷത്രത്തിന്റെ ദൗത്യം. സുഭഗമായ ഒരു പ്രഭാതത്തെ ലോകം ആവേശത്തോടുകൂടി സ്വാഗതം ചെയ്യുന്നു. ഉഷഃകാലനക്ഷത്രോദയത്തിൽ മാനവഹൃദയങ്ങളും പ്രകൃതിമുഴുവൻതന്നെയും ആനന്ദാവേശത്താൽ ഉത്തേജിതമാകുന്നു. ക്രിസ്തുവിന്റെ സമാഗമനത്തിനുമുമ്പുള്ള കാലം കരിംകൂരിരുൾനിറഞ്ഞ ഒരു കാളരാത്രിയായി സങ്കല്പിക്കുന്നതിൽ അതിശയോക്തിയില്ല. അതിന്റെ ദുസ്സഹതയെ ഏതാണ്ടൊന്നു മനസ്സിലാക്കിയിരുന്ന മാനവവിഭാഗമാണു് രക്ഷകനായ ദിവ്യസൂര്യന്റെ ഉദയത്തിനുവേണ്ടി അഹോരാത്രം ഹൃദയംനീറി പ്രാർത്ഥിച്ചുകൊണ്ടിരുന്നതു്. എമ്മാനുവേലിനെ ഗർഭംധരിച്ചു പ്രസവിക്കുന്നതിനുള്ള പരമകന്യക അമലമനോഹരിയായി, പാപസർപ്പത്തിന്റെ തലതകർത്തവളായി ഉദയംചെയ്ത നിമിഷത്തിലാണു് ലോകം ക്രിസ്തുവിന്റെ ആഗമനദൗത്യം സ്വീകരിച്ചു സംതൃപ്തമായതു്. മറിയത്തിലൂടെ ഈ നീതിസൂര്യൻ ലോകരക്ഷയ്ക്കായി സമാഗതനായി. മറിയത്തിന്റെ ഈ സഹകരണം അനുകാലം ലോകാവസാനംവരെ നിലനില്ക്കുകയും ചെയ്യുന്നു. മാനവവംശം നിത്യതയിൽ വിലയം പ്രാപിക്കുന്നതുവരെയും മറിയം പ്രത്യാശാവഹമായ ഉഷഃകാലനക്ഷത്രമാണു്.

ലോകാരണ്യത്തിൽ പ്രകാശകിരണങ്ങൾ കാണാതെ ഉഴലുന്ന പാപികളായ നമുക്കു പ്രത്യാശാനിദാനമായ ഈ മനോഹരതാരത്തെ നോക്കി പ്രാർത്ഥിക്കാം:

**ഉഷഃകാലനക്ഷത്രമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**




# ദൈവസ്നേഹം

സുവിശേഷം—വിശുദ്ധ മത്തായി 22: 35-46

"അവരിൽ ഒരു നിയമജ്ഞൻ അവിടുത്തെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചു: ഗുരോ, പ്രമാണങ്ങളിൽ ഏററവും വലുതു് ഏതാണു്? ഈശോ അവനോടു പറഞ്ഞു: നിന്റെ കർത്താവായ ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണു് എല്ലാ പ്രമാണങ്ങളിലും വലുതും ഒന്നാമത്തേതും. അതിനു സമമായ രണ്ടാമത്തേതു ഇതാണു്: നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സകല നി


നിയമജ്ഞൻ ക്രിസ്തുവിനോടു ചോദിക്കുന്നു

യമവും പ്രവാചകന്മാരും ആശ്രയിച്ചിരിക്കുന്നു. ഫ്രീശന്മാർ ഈശോയുടെ ചുററും കൂടിയിരുന്ന ആ സന്ദർഭത്തിൽത്തന്നെ അവിടുന്നു അവരോടു ചോദിച്ചു: ക്രിസ്തുവിനെ സംബന്ധിച്ചു നിങ്ങളുടെ അഭിപ്രായമെന്തു്? അവൻ ആരുടെ പുത്രനായിരിക്കണം? ദാവീദിന്റെ എന്നു് അപ്പോൾ അവർ പറഞ്ഞു. ഉടനെ അവിടുന്നു ചോദിച്ചു: അങ്ങനെയെങ്കിൽ (പരിശുദ്ധ) ആത്മാവിനാൽ പ്രേരിതനായി ദാവീദു് അവനെ കർത്താവെന്നു വിളിക്കുന്നതെ


ദാവീദിനെപ്പററിയുള്ള ദുർഘടപ്രശ്നത്തിൽ നിയമജ്ഞന്മാർ തലപുകയ്ക്കുന്നു

ങ്ങിനെ? എന്തുകൊണ്ടെന്നാൽ അവൻ പറയുന്നു: നിന്റെ ശത്രുക്കളെ നിന്റെ കാലുകൾക്കു കീഴ് പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക എന്നു കർത്താവു് എന്റെ കർത്താവിനോടു പറഞ്ഞു. ദാവീദു ക്രിസ്തുവിനെ കർത്താവെന്നു വിളിക്കുന്നു. പിന്നെ എങ്ങനെയാണു് അവിടുന്നു് അവന്റെ പുത്രനായിരിക്കുക? അവിടുത്തോടു മറുപടി പറയുവാൻ ഒരു വാക്കും ആർക്കും കിട്ടിയില്ല.

അന്നുമുതൽ ചോദ്യംകൊണ്ടവിടുത്തെ പരീക്ഷിക്കുവാൻ ആരും തുനിഞ്ഞില്ല."

പിതാവു്:- ഇന്നത്തെ സുവിശേഷത്തിന്റെ ആദ്യഭാഗത്തു മനുഷ്യന്റെ നിത്യരക്ഷയ്ക്കാവശ്യമായ ഏററവും വലിയ പ്രമാണത്തെപ്പററിയാണല്ലോ പ്രതിപാദിക്കുന്നതു്. എല്ലാററിലും ഉപരിയായിട്ടു നാം ദൈവത്തെ സ്നേഹിക്കണം. അതിന്റെ കൂടെത്തന്നെ പോകുന്നതാണു് രണ്ടാമത്തെ പ്രമാണം, അതായതു് നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്നുള്ളതും. ഇതേപ്പററി വളരെ ലളിതമായി ആധുനികകാലത്തു പ്രതിപാദിച്ചിട്ടുള്ള ഒരു പുണ്യവതിയുടെ പേർ ആർക്കെങ്കിലും അറിയാമോ?

ലൂസി:- ഞാൻ പറയാം. വിശുദ്ധ കൊച്ചുത്രേസ്യാ.

മേരി:-ശരി. അതെനിക്കും അറിയാം. ടീച്ചർ ഞങ്ങളുടെ ക്ലാസ്സിൽ പറഞ്ഞിട്ടുണ്ടു്.

പിതാവു്:- മേരി പറയട്ടെ. എന്താണു് വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്നേഹസിദ്ധാന്തം?

മേരി:- "സ്നേഹം സ്നേഹത്താൽമാത്രമേ വീട്ടപ്പെടാവൂ" എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണു് ആ വിശുദ്ധ വളരെ എളുപ്പമുള്ള സ്നേഹത്തിന്റെ മാർഗ്ഗം ഉപദേശിച്ചതു്. ദൈവം മനുഷ്യനെ അത്യധികം സ്നേഹിച്ചു. അവിടുത്തെ നിരവധി അനുഗ്രഹങ്ങൾ ഓരോന്നും ഈ സ്നേഹത്തിന്റെ പ്രകടനങ്ങളാണു്. ഒടുവിൽ അവിടുന്നു അവിടുത്തെ ദിവ്യകുമാരനെ നമുക്കുതന്നു. ഈ ദിവ്യസുതൻ ദൈവസ്നേഹത്തെ ഏററം പ്രസ്പഷ്ടമായ വിധത്തിൽ ലോകത്തിൽ പ്രത്യക്ഷമാക്കി. അവിടുത്തെ ജനനവും പരസ്യജീവിതവും കുരിശുമരണവും ഇതിനു തെളിവാണു്. കൂടാതെ വിശുദ്ധ കർബാനയിൽ പ്രത്യേകിച്ചും മററു കൂദാശകളിലും തിരുസഭയുടെ സ്ഥാപനത്തിലും അതു എന്നെന്നും നാമനുഭവിക്കുന്നതിനു അവസരമുണ്ടാക്കിയിരിക്കുന്നു. ഇത്രയധികം നമ്മെ സ്നേഹിക്കുന്ന ദൈവത്തെ നാം സ്നേഹിക്കാതിരുന്നാൽ അതു കഷ്ടമല്ലേ. നമ്മുടെ സ്നേഹംകൊണ്ടു നാം ദൈവസ്നേഹത്തിനു പ്രതിപകരം ചെയ്യണം. സർവ്വോപരി നാം ദൈവത്തെ സ്നേഹിക്കണം.

പിതാവു്:- മേരി വളരെ ശരിയായി മനസ്സിലാക്കിയിരിക്കുന്നു.

ജോണി:- അയൽക്കാരെ സ്നേഹിക്കുന്ന കാര്യം വിശുദ്ധ കൊച്ചുത്രേസ്യാ പഠിപ്പിക്കുന്നുണ്ടോ, അപ്പച്ചാ?

പിതാവു്:- അതു ലൂസി പറയുക.

ലൂസി:- അതു പ്രത്യേകം പറയണമെന്നുതന്നെയില്ലല്ലോ. ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാൾക്കു എങ്ങിനെയാണു് സ്വസഹോദരന്മാരെ സ്നേഹിക്കാതിരിക്കുവാൻ സാധിക്കുക? അവരോരോരുത്തരും ദൈവത്തിന്റെ പ്രതിഛായയല്ലേ. അവശതയനുഭവിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ പ്രതിനിധിയായിട്ടാണു് നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതെന്നും അവരോടു നാം കാണിക്കുന്ന സ്നേഹം ദൈവത്തോടുതന്നെ കാണിക്കുന്നതായി കണക്കാക്കി അവിടുന്നു നമുക്കു പ്രതിസമ്മാനം തരുമെന്നുമല്ലേ അവിടുന്നു പഠിപ്പിച്ചിട്ടുള്ളതു്. കൂടാതെയും പ്രത്യക്ഷമായി വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതത്തിൽ ഇതിനു വളരെ ഉദാഹരണങ്ങളുണ്ടു്. രോഗിണിയായിരുന്ന വിശുദ്ധ സുവിശേഷം എല്ലാവർക്കും പ്രസംഗിച്ചു് അവരെ രക്ഷിക്കുന്നതിനു ഒരു വിദേശമിഷനറിയായി ആഫ്റിക്കായിലേക്കും ചൈനായിലേക്കും പോകുന്നതിനു ആഗ്രഹിക്കുന്നു. ഫ്റാൻസിനിയുടെ മാനസാന്തരം സാധിക്കുന്നു. ഭിക്ഷ സ്വീകരിക്കാതെപോയ പാവപ്പെട്ടവനെ മറക്കാതെ ആദ്യദിവ്യകാരുണ്യസ്വീകരണത്തിൽ ഓർക്കുന്നു. മരണാവസരത്തിൽ, ഞാൻ ലോകത്തിൽ നന്മചെയ്തുകൊണ്ടു് എന്റെ സ്വർഗ്ഗീയജീവിതം ചിലവഴിക്കുമെന്നു വാഗ്ദാനംചെയ്തു് പ്രത്യക്ഷരം അതു നിറവേററിക്കൊണ്ടിരിക്കുന്നു, ദൈവസ്നേഹത്തിൽ അടിയുറച്ച പരസ്നേഹമാണു് വിശുദ്ധ പ്രായോഗികമാക്കുന്നതു്.

പിതാവു്:- വളരെ നല്ലതു്. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതാദർശങ്ങൾ നിങ്ങൾ വളരെ വ്യക്തമായി മനസ്സിലാക്കിയിരിക്കുന്നു. ആ പുണ്യവതിയെ അനുകരിച്ചു് നിങ്ങൾ ചെയ്യുന്ന ഓരോ ചെറിയ ചെറിയ കൃത്യങ്ങളിലും ദൈവസ്നേഹവും പരസ്നേഹവും നിങ്ങളുടെ ലക്ഷ്യമാക്കുക. ആ കുറുക്കുവഴി നമ്മെ എളുപ്പത്തിൽ പുണ്യപൂർണ്ണതയിലേക്കും നിത്യാനന്ദത്തിലേക്കും ആനയിക്കും.

—ാ—

(8-ാംപേജു് തുടർച്ച)

വലേ:- തിരുമേനി, എനിക്കു ഒരു വലിയ സംശയം.

മാക്:- സംശയമോ! എന്തിനെപ്പററി!

വലേ:- ഞാനും ഒരു ക്രിസ്ത്യാനിയായിപ്പോകുമോ എന്നൊരു സംശയം.

മാക്:- ആരവിടെ ഈ മറയനെ അവന്റെ സംശയം തീരുന്നതുവരെ മുക്കാലിയിൽകെട്ടി അടിക്കട്ടെ.

വലേ:- അയ്യോ...... (ഉറക്കെ നിലവിളിക്കുന്നു)

റൈറ:- നാണംകെട്ട ജളകം! പോ വെളിയിൽ.

വലേ:- ഉത്തരവു് (പോകുന്നു)

റൈറ:- ഇതെല്ലാം ഈ കുലടയുടെ ദുർമന്ത്രവാദത്തിന്റെ ശക്തിയാണു്. ഇവളെ പിടികിട്ടിയ ഉടൻതന്നെ മഹാദേവനായ വീനസ്സിനു ബലികൊടുക്കാതിരുന്നതു് വലിയ അബദ്ധമായിപ്പോയി. നാം ദേവകോപത്തിനുതന്നെ പാത്രമായിക്കഴിഞ്ഞിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

മാക്:- ഇവളെ ഭക്ഷണമോ, പാനീയമോ നൽകാതെ കാരാലയത്തിലടയ്ക്കട്ടെ. (അസ്വസ്ഥചിത്തനായി നടന്നുമറയുന്നു)

റൈറ:- (കാതറൈനെ രൂക്ഷമായി നോക്കിക്കൊണ്ടു്) ഊം, നടക്കു്. (കാതറൈൻ അനുസരിക്കുന്നു) (കർട്ടൻ)

(തുടരും)

ഡീസൽ ഓയിൽ എൻജിനുകൾ


ബ്ലാക്സ്റ്റൺ, സെൽവേ, പെററർ-എ. വി. 2, കവൻട്രി വിക്ടർ, ലിസ്റ്റർ ആദിയായി 5 മുതൽ 30 വരെ കുതിരശക്തിയുള്ള എൻജിനുകളും; മോറിസൺ, ഓട്ടോ ഡീസിൽ, ജെ. എ. പി. പമ്പ്സെററുകളും എലക്ട്രിക്ക് മോട്ടോറുകളും (5 മുതൽ 100 വരെ കുതിരശക്തിയുള്ളതു്) മററു യന്ത്രസാമഗ്രികളും ഞങ്ങളുടെ എറണാകുളം സ്റ്റോക്കിൽനിന്നും ലഭിക്കുന്നതാണു്. ആവശ്യപ്പെടുക:—

കൊച്ചിൻ എലക്ട്രിക്കൽ ട്രേഡ്സ് (Ltd)
ബ്രൂസ് സ്ട്രീറു് പടിഞ്ഞാറെ അററം,
എറണാകുളം—1

## പുനരൈക്യരജത ജൂബിലിസമാരംഭം

സെപ്റ്റംബർ 20-ാം തീയതി രാവിലെ തുകലശ്ശേരി ദിവ്യരക്ഷകാശ്രമത്തിൽ പതിമൂന്നു മണിക്കൂർ ആരാധന ആരംഭിച്ചു. രാവിലെ 6 മണിക്കു് തിരുവനന്തപുരം അതിരൂപതയുടെ ബനഡിക്ടു് മാർ ഗ്രിഗോരിയോസു തിരുമനസ്സുകൊണ്ടു് ആഘോഷമായ ദിവ്യപൂജയർപ്പിച്ചശേഷം ആരാധനയ്ക്കായി വി. കർബാന എഴുന്നെള്ളിച്ചുവെത്തി സ്ഥാപിച്ചു. വൈകിട്ടു് 4 മണിയോടുകൂടി ആശ്രമസുപ്പീരിയർ വെരി റവ. ഫാ. മൈക്കിൾ ഒ. ഐ. സി. ദിവ്യകാരുണ്യവാഴ്വു് നടത്തി. അനന്തരം ആശ്രമത്തിൽനിന്നും ഒരു ഘോഷയാത്ര പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ തിരുമൂലപുരം ദേവാലയത്തിലെത്തി. മാർ മാത്യു കാവുകാട്ടു് തിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു സമ്മേളനം നടന്നു. തിരുവല്ലാ ആർച്ചുബിഷപ്പു് മാർ സെവേരിയോസു് തിരുമേനിയും സഹായമെത്രാൻ മാർ അത്തനാസിയോസു് തിരുമേനിയും സന്നിഹിതരായിരുന്നു. സാരവത്തായ അദ്ധ്യക്ഷപ്രസംഗത്തോടുകൂടി പുനരൈക്യജൂബിലി ഉൽഘാടനം ചെയ്തിരിക്കുന്നതായി പ്രസ്താവിച്ചപ്പോൾ എവരും ഹർഷപരവശരായി സർവ്വശക്തനെ പ്രകീർത്തിച്ചു. മോൺ. ജോൺ കച്ചിറമററം സ്വാഗതപ്രസംഗം നടത്തി. മാർ സെവേരിയോസു് തിരുമേനിയും റവ. ഡോ. ഏററുമാനൂക്കാരനും പി. ഒ. ജോൺ ബി. എസ്സ്. യും പുനരൈക്യത്തെപ്പററി പ്രസംഗിച്ചു. റവ. ഫാ. യൗനാൻ ഒ. ഐ. സി. കൃതജ്ഞതാപ്രസംഗം നടത്തി. ബഥനിസിസ്റ്റേഴ്സിന്റെ ഭക്തിപ്രദമായ ഗാനാലാപവും ബാലികമാരുടെ നർത്തനവും ഉണ്ടായിരുന്നു.

## വിനോദവീഥി



"അയ്യോ! ആ പെൺകുട്ടി പാളത്തിൽക്കൂടി നടക്കുന്നല്ലോ. വണ്ടി വരാറുമായി."

"ക്ലാസ്സിൽ വാദ്ധ്യാന്മാരു കളിയാക്കുയോ മറേറാ ചെയ്തിരിക്കും. പിണങ്ങി നടക്കുകയാ!

*   *   *

ഒരു കൊച്ചുകുട്ടി അമ്മയുടെ അടുത്തിരുന്നു ഉപദേശിയുടെ പ്രസംഗം സൂക്ഷിച്ചു ശ്രദ്ധിക്കുകയായിരുന്നു. പ്രസംഗം ഒന്നിനൊന്നു വികാരഭരിതമായി. ആംഗ്യങ്ങൾ ധൃതഗതിയിലായി. ചുവടുകൾ മുമ്പോട്ടു നീങ്ങിത്തുടങ്ങി.

കുട്ടി:- അമ്മച്ചീ, ഇനി നമുക്കു പോകാം. അയാൾ ഇനി വന്നാൽ നമ്മെ തല്ലും!

*   *   *

കെട്ടിടമുടമസ്ഥൻ:- (മുറി വാടകയ്ക്കെടുക്കാൻ വന്നയാളോടു്) മുറി തരാം. പക്ഷേ ഒരു കാര്യം. ഈ കെട്ടിടത്തിലുള്ളവരെല്ലാം വളരെ സൈ്വരമായി ജീവിക്കുന്നവരാണു്. നിങ്ങൾക്കു ശല്യമുണ്ടാക്കുന്ന കുട്ടികളോ ബഹളം കൂട്ടുന്ന പട്ടികളോ മൃഗങ്ങളോ ഉണ്ടോ?

വാടകക്കാരൻ:- ഇല്ല. ഞാനും ഭാര്യയും മാത്രമേയുള്ളു.

ഉടമസ്ഥൻ:- മുഷിയരുതു്. ഭാര്യ എന്തു തരക്കാരിയാണു്?



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ERNAKULAM, SEPTEMBER 29 No: 7


## കുട്ടികളുടെ സ്വഭാവരൂപവൽക്കരണം

ഉയർന്നുവരുന്ന തലമുറയെ ശരിയായ വിധത്തിൽ രൂപവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയോ അതിന്റെ പരമപ്രാധാന്യത്തെപ്പറ്റിയോ യാതൊരു കൂട്ടർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷെ അതിനു സ്വീകരിക്കപ്പെടേണ്ട രീതിയെപ്പറ്റിയുള്ള അഭിപ്രായസംഘട്ടനങ്ങൾ ഇന്നു വളരെയേറെ വർദ്ധിച്ചിരിക്കുന്നു. കൊട്ടാരം മുതൽ കുടിലുവരെയും, പണ്ഡിതന്മാർ മുതൽ പാമരന്മാർ വരെയും എല്ലാവരും ഒരുപോലെ കർത്തവ്യബോധത്തോടുകൂടി ഏർപ്പെടേണ്ട ഒരു പ്രവർത്തനരംഗമായതുകൊണ്ടു് ഇതുസംബന്ധിച്ച ശരിയായ അറിവു് എല്ലാ മനുഷ്യർക്കും അവശ്യം ആവശ്യമാണ്. ആദർശപരമായോ പ്രായോഗികമായോ ഇക്കാര്യത്തിൽ കടന്നുകൂടുന്ന ഏതൊരു പാകപ്പിഴയും ഭാവിതലമുറയിൽ പ്രതിഫലിക്കാതിരിക്കുകയില്ല, തീർച്ചയാണ്. അതു കുടിലിൽനിന്നു വന്നാലും കൊട്ടാരത്തിൽനിന്നു വന്നാലും, പാമരനിൽനിന്നായാലും പണ്ഡിതനിൽനിന്നായാലും മാനവസമുദായത്തെ പൊതുവെ ബാധിക്കുകയും ചെയ്യും. അതുകൊണ്ടു മാതാപിതാക്കന്മാരും കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിൽ ഉത്തരവാദിത്വം വഹിക്കുന്ന എല്ലാവരും ഇക്കാര്യം ആത്മാർത്ഥമായി പരിചിന്തിക്കുന്നില്ലെങ്കിൽ അതു ഗുരുതരമായ ഒരു കർത്തവ്യവിലോപവും ഭാവിതലമുറയോടു് ചെയ്യുന്ന ഒരു ഘോരാപരാധവുമായിരിക്കുമെന്നു പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

### ചില അബദ്ധസിദ്ധാന്തങ്ങൾ

കുട്ടികളുടെ പരിശീലനത്തിലും സ്വഭാവരൂപവൽക്കരണത്തിലും സിദ്ധാന്തപരമായും പ്രായോഗികമായും ആവിർഭവിച്ചുകൊണ്ടിരിക്കുന്ന അഭിപ്രായവ്യത്യാസങ്ങൾക്കു കാരണം മനുഷ്യന്റെ ജീവിതലക്ഷ്യത്തേയും അതു പ്രാപിക്കുന്നതിൽ അവലംബമാക്കേണ്ട മാർഗ്ഗങ്ങളേയും സംബന്ധിച്ചുള്ള ആദർശവൈപരീത്യങ്ങളാണ്. മനുഷ്യജീവിതത്തെ ഏതേതു വീക്ഷണകോണത്തിൽനിന്നു ദർശിക്കുന്നുവോ അതനുസരിച്ചാണു് അഭിപ്രായവ്യത്യാസങ്ങളും സംജാതമാകുന്നതു്. മനുഷ്യനെ ആദ്ധ്യാത്മികാംശത്തോടുകൂടിയ ഒരു വ്യക്തിയായി കാണുന്നവർക്കു് തദനുഗുണമായ ഒരു ജീവിതാന്ത്യവും അതിനെ ആരോഹിക്കുന്നതും പ്രാപ്യമാക്കുന്നതുമായ പ്രവർത്തനസരണിയും സ്വീകരിക്കാതെ നിവൃത്തിയില്ല. നേരെമറിച്ച് അവനെ ഭൗതികമാത്രമായ ഒരു സത്തയായി ഉദ്ദേശം ചെയ്യുമ്പോൾ അവനെ സംബന്ധിക്കുന്ന ജീവിതപ്രശ്നത്തിനും വെറും ഭൗതാത്മകമായ, ലൗകായതികമായ ഒരു നിലപാടു വന്നുചേരുന്നു. മൗലികമായ ഈ അഭിപ്രായാന്തരമാണു് എന്നെന്നും ലോകത്തിൽ ജീവിതപ്രശ്നത്തെപ്പറ്റിയുള്ള നിരവധി സിദ്ധാന്തസംഘട്ടനങ്ങൾക്കു കളമൊരുക്കിക്കൊണ്ടിരുന്നിട്ടുള്ളതു്. ആദർശപരമായ ഈ അകൽച്ച ആധുനികലോകത്തിൽ, പണ്ടെങ്ങും ഉണ്ടായിട്ടില്ലാത്തവിധം ദുസ്സഹമായ ഒരു ശത്രുതതന്നെ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുകയാണ്. ഭൗതികവാദികൾ ആദ്ധ്യാത്മികമായ എല്ലാ തത്വങ്ങളേയും പാടെ നിഷേധിക്കുകയും സനാതനവും നിത്യവും ആത്മീകവുമായ എല്ലാ മൂല്യങ്ങളേയും നിയമങ്ങളേയും നിഗമനങ്ങളേയും പുച്ഛിച്ചു തള്ളുകയുമാണു ചെയ്യുന്നതു്. ഓരോ വ്യക്തിയും സമുദായവും രാഷ്ട്രവും അതതിനു ഗുണകരമായി തോന്നുന്ന മാർഗ്ഗങ്ങളെ സ്വീകരിച്ച് പ്രാപഞ്ചികവും പ്രത്യക്ഷവുമായ ലക്ഷ്യങ്ങളെ നേടുന്നതിനും ഈ ലോകത്തിൽ കഴിയുന്നത്ര സുഖാനന്ദങ്ങൾ അനുഭവിക്കുന്നതിനും ശ്രമിക്കുക എന്നതിൽ കവിഞ്ഞു് അവരുടെ നീതിശാസ്ത്രമോ ജീവിതനിയമമോ ഒന്നും ആവശ്യപ്പെടുന്നില്ല. ഈ ലക്ഷ്യം സൗകര്യപ്രദമായ ഏതു മാർഗ്ഗത്തേയും അവലംബിക്കുന്നതിനു അവനു് പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുകയാണ്. ഇതു മനുഷ്യബുദ്ധിക്കോ മാനവജീവിതത്തിന്റെ തത്വങ്ങൾക്കോ യോജിച്ചതല്ലെന്നു സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാക്കുവാൻ വിഷമമില്ല. എങ്കിലും നിർഭാഗ്യവശാൽ മാനവസമുദായത്തിൽ വലിയൊരു വിഭാഗം ഇന്നു അറിഞ്ഞോ അറിയാതെയോ ഈ ആശയഗതിക്കടിമപ്പെട്ടാണു് കഴിയുന്നതു്. അതിന്റെ പ്രത്യാഘാതമായിട്ടാണു് ഭാവിതലമുറയിലുള്ള ഇന്നത്തെ ബാലികാബാലന്മാരെ പരിശീലിപ്പിക്കേണ്ട കാര്യത്തിലും പരസ്പരവിരുദ്ധങ്ങളായ ആദർശങ്ങൾ രൂപം പ്രാപിക്കുന്നതിനിടയായിട്ടുള്ളതു്.

### ക്രിസ്തീയസിദ്ധാന്തം

മനുഷ്യനെസംബന്ധിച്ചു് ക്രിസ്തുമതത്തിനു സുസ്ഥിരമായ ഒരു സിദ്ധാന്തമുണ്ടു്. മനുഷ്യനു സ്വതസിദ്ധമായ ബുദ്ധിശക്തിയുപയോഗിച്ചു ചിന്തിക്കുന്ന ഏതൊരുത്തനും ഈ സിദ്ധാന്തത്തിന്റെ വസ്തുനിഷ്ഠമായ യുക്തിയുക്തതയും വാസ്തവികതയും ബോദ്ധ്യമാകാതിരിക്കയില്ല. പ്രകൃതിയാകുന്ന ഗ്രന്ഥം ഈ സത്യത്തെ പ്രകടമായി പ്രതിപാദിക്കുന്നുണ്ടു്. ക്രിസ്തുമതത്തിലെ സുസ്ഥാപിതമായ ദിവ്യാവിഷ്കരണങ്ങൾ അതു വിശദീകരിക്കുകയും പ്രകൃത്യതീതമായവയെ തുറന്നുകാട്ടുകയും ചെയ്യുന്നു. ഓരോ മനുഷ്യനിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഭൗതികമായ ബുദ്ധിയും മനസ്സും വിവേചനാശക്തിയും പ്രാപഞ്ചികമായ അവന്റെ ശാരീരികകഴിവുകൾക്കു പരിയായ ഒരു ശക്തിവിശേഷം അവനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി നിരാക്ഷേപം തെളിയിക്കുന്നു. ഈ പ്രവർത്തനശക്തികളുടെ അസ്ഥാനമായി നിലകൊള്ളുന്ന അമൂർത്തസത്ത അഭൗതികവും ആദ്ധ്യാത്മികവുമായിരിക്കണമെന്നു യുക്തിപൂർവ്വം അവൻ സ്വയം അനുമാനിക്കുന്നു. ഈ വസ്തുതയെയാണു് ദൈവാവിഷ്കരണങ്ങൾ സുവ്യക്തമായി പ്രകാശിപ്പിച്ചിട്ടുള്ളതു്. ഇവവഴിയായി മനുഷ്യനിൽ ശരീരമെന്നും ആത്മാവെന്നും രണ്ടു ഘടകങ്ങളുണ്ടെന്നും, സ്രഷ്ടാവായ ദൈവത്തിന്റെ ഉദ്ദേശ്യം ലോകജീവിതത്തിനുശേഷം അവൻ നിത്യതയിൽ ദൈവസന്നിധിയിൽ ഒരനന്തരജീവിതത്തിൽ പ്രവേശിക്കുന്നതിനാണെന്നും, അതു കരഗതമാകുവാൻ ഈ ലോകത്തിൽ അവൻ അവിടുത്തെ അഭീഷ്ടം നിറവേറേറണ്ട ഗുരുതരമായ ഒരു കർത്തവ്യം അവശേഷിക്കുന്നുണ്ടെന്നും, അവന്റെ സകല പ്രവൃത്തികളും ഈ ലക്ഷ്യത്തെ പ്രാപിക്കുന്നതിനുതകത്തക്കതായിരിക്കണമെന്നുമാണു് ഈ വേദാന്തസംഗ്രഹം. അതുകൊണ്ടു ഓരോ മനുഷ്യനും ദൈവതിരുമുമ്പിൽ ഉത്തരവാദിത്വബോധത്തോടുകൂടി ജീവിക്കേണ്ടിയിരിക്കുന്നു. അവൻ ഈ ഉത്തരവാദിത്വം യഥാവിധി നിറവേററുന്നുണ്ടോ ഇല്ലയോ എന്നു തീർച്ചയാക്കുന്നതു അവന്റെ മനസ്സാക്ഷി തന്നെയാണു്. അവനവന്റെ കഴിവനുസരിച്ചു് വസ്തുതകളെ ശരിയായി ഗ്രഹിച്ചു് തെളിഞ്ഞ ഒരു മനസ്സാക്ഷിയോടുകൂടി പ്രവർത്തിക്കുന്നതിലാണു് ഒരു മനുഷ്യന്റെ ജീവിതം ശരിയായി നിയന്ത്രിക്കപ്പെടുന്നതു്. അതുകൊണ്ടു് ഇപ്രകാരം മനസ്സാക്ഷിയെ പ്രവർത്തിപ്പിക്കുന്നതിനുള്ള അറിവും പരിചയവും പ്രദാനംചെയ്യുന്ന ശിക്ഷണത്തിന്റെ ആവശ്യവും പ്രാധാന്യവും സ്വയം വിശദമാകുന്നുണ്ടല്ലോ. ഇതു സാധിക്കുന്നതിലാണു് സ്വഭാവരൂപവൽക്കരണത്തിന്റെ വിജയം അടങ്ങിയിരിക്കുന്നതു്.

### കത്തോലിക്കാ മനോഭാവം

ക്രിസ്തീയവേദാന്തം ഈ മാർഗ്ഗത്തിൽ തത്വപരവും പ്രാവർത്തികവുമായ എല്ലാ പദ്ധതികളും ഉൾക്കൊള്ളുന്നു. അതിന്റെ തത്വസംഹിത മനുഷ്യൻ അറിയേണ്ട സത്യങ്ങളെ പഠിപ്പിക്കുന്നു. നിർജ്ജീവമായ ഒരു ഗ്രന്ഥമായിട്ടല്ല, തിരുസ്സഭയുടെ സജീവസ്വരമായിട്ടാണു് അതു ലോകത്തിൽ നിലകൊള്ളുന്നതു്. ഓരോ മനുഷ്യനും അനുവർത്തിക്കേണ്ട കർത്തവ്യങ്ങളെ അതുപദേശിക്കുന്നു. വെറുമൊരു നിർദ്ദേശം മാത്രമല്ല അതിന്റെ ഉപദേശങ്ങൾ. ദൈവികമായ പരമാധികാരത്തിലാണു് അവശ്യം അനുഷ്ഠിക്കപ്പെടേണ്ട നിയമങ്ങൾ സഭ ലോകത്തെ പഠിപ്പിക്കുന്നതു്. മനുഷ്യാവതാരമെടുത്ത ദൈവമായ ക്രിസ്തു ഈ സംവിധാനങ്ങളെല്ലാം സാധിച്ചിട്ടുണ്ടു്, തിരുസ്സഭയിൽ. 'നിങ്ങൾ പോയി എല്ലാജാതികളേയും പഠിപ്പിക്കുവിൻ" എന്നും, "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു" എന്നും, 'ഞാൻ ലോകാവസാനത്തോളവും നിങ്ങളോടുകൂടിയുണ്ടു്" എന്നും മററും ഇക്കാര്യത്തിൽ ക്രിസ്തു അവിടുത്തെ ശ്ലീഹന്മാരോടരുളിച്ചെയ്ത വാക്യങ്ങൾ സുസ്പഷ്ടങ്ങളാണു്. അതുകൊണ്ടു് ഒരു പ്രായോഗിക ക്രിസ്തീയജീവിതം നയിക്കുക എന്നുവച്ചാൽ കത്തോലിക്കാതിരുസ്സഭ ഔദ്യോഗികമായി അധികാരസമന്വിതം പഠിപ്പിക്കുന്ന പ്രമാദരഹിതമായ ക്രൈസ്തവവിശ്വാസം അംഗീകരിക്കുകയും ക്രൈസ്തവധർമ്മനിയമങ്ങൾ അനുസരിക്കുകയും ചെയ്യുക എന്നതാണു്. വേറെ വാക്കുകളിൽ പറഞ്ഞാൽ ഒരു കത്തോലിക്കാ മനോഭാവം ഒരു യഥാർത്ഥക്രിസ്ത്യാനിയുടെ ഗുണലക്ഷണമാണു്. അതിന്റെ അഭാവത്തിൽ ഒരു നാമമാത്രക്രിസ്ത്യാനിയെയല്ലാതെ ക്രിസ്തുമതത്തിൽ ബോധപൂർവ്വം വിശ്വസിക്കുകയും അതിനെ ആത്മാർത്ഥമായി അനുവർത്തിക്കുകയും ചെയ്യുന്ന യഥാർത്ഥക്രിസ്ത്യാനിയെ കാണുവാൻ സാധിക്കുന്നതല്ല. ആധുനികലോകത്തിൽ ക്രിസ്തുസഭക്കു പലസ്ഥലങ്ങളിലും വന്നുവശായിരിക്കുന്ന പരാജയം ഇതാണു്. ക്രിസ്ത്യാനികളുടെ സംഖ്യ കാനേഷുമാരിക്കണക്കിൽ നല്ലൊരു ശതമാനമുണ്ടായിരിക്കും. പ്രായോഗികക്രിസ്ത്യാനികൾ വിരളവും. പരിതാപകരമായ ഈ പരിതസ്ഥിതിയെ എല്ലാവരേയും ഗ്രഹിപ്പിക്കുന്നതിനും അതിനുള്ള നിവാരണമാർഗ്ഗം എല്ലാവരിലും ആഴമായി പതിക്കുന്നതിനും വേണ്ടിയാണു് അത്യാസന്നമായിരിക്കുന്ന ഒക്ടോബർ മാസത്തിൽ പ്രത്യേക പ്രാർത്ഥനാനിയോഗമായി ജപമാലസഖ്യം "കുട്ടികളിൽ അവരുടെ ശൈശവകാലം മുതൽ ഒരു യഥാർത്ഥക്രിസ്തീയമനസ്സാക്ഷി രൂപവൽക്കരിക്കുന്നതിനുവേണ്ടി" എന്ന വിഷയം നിർദ്ദേശിച്ചിരിക്കുന്നതു്. കത്തോലിക്കാലോകം മുഴുവനും തീക്ഷ്ണതാപൂർവ്വം ആഡംബരമായി ജപമാലഭക്തി ആചരിക്കുന്ന ഈ മരിയവത്സരത്തിലെ ഒക്ടോബർമാസത്തിൽ ഓരോ വ്യക്തിയും അതിഗൗരവാവഹമായ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധപതിക്കേണ്ടതിന്റെ ഔചിത്യം അനുസ്മരിക്കട്ടെ. ഉയരുന്ന തലമുറയെ ഉത്തമക്രിസ്ത്യാനികളാക്കി വളർത്തുന്നതിനു കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിനുത്തരവാദിത്വപ്പെട്ടിരിക്കുന്ന എല്ലാവരും ഒത്തൊരുമിച്ചു ആത്മാർത്ഥമായി പരിശ്രമിക്കട്ടെ. അബദ്ധജടിലമായ ജീവിതസിദ്ധാന്തങ്ങളോ ഉപരിപ്ലവമായ രാഷ്ട്രീയാദർശങ്ങളോ ഈ രംഗത്തിൽ നുഴഞ്ഞുകയറി അതിനെ വിഷപങ്കിലവും ഭാവിയെ വിപൽക്കരവുമാക്കാതിരിക്കുവാൻ മാനവവംശത്തിന്റെ സുസ്ഥിതിയെ അഭിലഷിക്കുന്ന ഓരോരുത്തരും ശ്രദ്ധിക്കട്ടെ.

### സ്വഭാവരൂപവല്ക്കരണം

ബാലമനസ്സിൽ സ്വഭാവരൂപവൽക്കരണം ഫലപ്രദമായി സാധിക്കുന്നതിനു, പരിശീലനം നൽകുന്നവർതന്നെ ആദ്യമായി ജീവിതാദർശത്തിന്റെ തത്വങ്ങൾ അവരുടെ അനുദിനപ്രവർത്തനങ്ങളിൽ പ്രായോഗികമാക്കിയിരിക്കണം. ഇതാണു് മാതൃകവഴിയായുള്ള പരിശീലനം. മാതൃകയുടെ ശക്തിയെ എത്ര ഊന്നിപ്പറഞ്ഞാലും മതിയാവുകയില്ലല്ലോ. മാതാപിതാക്കന്മാരുടെ മാതൃക മക്കളുടെ ജീവിതത്തെ സ്വാഭാവികമായി കരുപ്പിടിപ്പിക്കുന്നു; അദ്ധ്യാപകന്മാരുടെ മാതൃക അദ്ധ്യേതാക്കളിൽ ആഴമായി പതിയുന്നു. നല്ല തത്വങ്ങൾ ഉപദേശിക്കുകയും അതിനു കടകവിരുദ്ധമോ അതോടു സാധർമ്മ്യമില്ലാത്തതോ ആയ മാതൃക കാണിച്ചുകൊടുക്കുകയും ചെയ്യുന്നതായാൽ സ്വഭാവരൂപവൽക്കരണശ്രമം ഒരു വെറും മിഥ്യയായിരിക്കുകയേയുള്ളു. ശിശുക്കൾ വളരെ ഇളംപ്രായത്തിൽത്തന്നെ അവരുടെ സ്വഭാവസൃഷ്ടിക്കു അടിസ്ഥാനമിടുന്നു എന്നും അതു അവരുടെ മാതാപിതാക്കന്മാരുടേയും സഹവാസികളുടേയും പ്രവർത്തനങ്ങളെ കണ്ടുകൊണ്ടാണെന്നും പ്രത്യേകം അനുസ്മരിക്കണം.

ശിശുക്കളെ സംബന്ധിച്ചും പ്രത്യേകം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുമുണ്ടു്. ദൈവസാന്നിദ്ധ്യബോധവും നിഷ്കളങ്കമായ ഒരു മനസ്സാക്ഷിയുടെ പരിരക്ഷണവും അവയിൽ പ്രമുഖങ്ങളായ ഘടകങ്ങളാണു്. വികസിച്ചുവരുന്ന ശക്തികളോരോന്നും പരമമായ ദൈവത്തെ കൂടുതൽ അറിയുന്നതിനും ദൈവത്തിലേക്കു സ്വാഭാവികമായി തിരിയുന്നതിനും തക്കവണ്ണം നിയന്ത്രിക്കപ്പെടണം; നന്മതിന്മകളെ മനസ്സിലാക്കുന്നതോടൊപ്പം തിന്മയെ വർജ്ജിക്കുന്നതിനും നന്മയെ ആശ്ലേഷിക്കുന്നതിനും വേണ്ട പ്രചോദനം നൽകി കറയില്ലാത്ത ഒരു മനസ്സാക്ഷിയെ സൃഷ്ടിക്കണം. ഇതിലാണു് സ്വഭാവരൂപവൽക്കരണത്തിന്റെ വിജയം അടങ്ങിയിരിക്കുന്നതു്. പരിസരങ്ങൾക്കു ബാലമനസ്സിന്മേലുള്ള പ്രേരണാശക്തിയെ വിസ്മരിക്കരുതു്. പ്രത്യേകിച്ചും ഭൗതികത്വത്തിന്റെ വേലിയേററം അതിന്റെ ഉച്ചകോടിയിൽ എത്തിയിരിക്കുന്ന ഇക്കാലത്തു കുടുംബങ്ങൾക്കകത്തും പുറത്തും ബാലമനസ്സുകളെ വഴിപിഴപ്പിക്കുന്ന എല്ലാ വിധത്തിലുള്ള പ്രലോഭനങ്ങളും ഇടതൂർന്നു കൂടിയിരിക്കുകയാണു്. തന്മൂലം പ്രസ്തുത കെണികളിൽ കുടുങ്ങാതെ ഒരു ശിശുവിനേയോ, ബാലനേയോ, ബാലികയേയോ, യുവാവിനേയോ, യുവതിയേയോ സംരക്ഷിക്കണമെങ്കിൽ അതിനുത്തരവാദിത്വം വഹിക്കുന്നവർ വളരെയേറെ ബുദ്ധിപൂർവ്വകമായ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അന്ധരായി അവരെ വച്ചുകൊണ്ടിരിക്കുവാൻ സാദ്ധ്യമല്ല. വികസിച്ചുവരുന്ന ബുദ്ധിക്കു തദനുസരണമായ സത്യങ്ങളും ശക്തിപ്രാപിക്കുന്ന മനസ്സിനു പരിശീലനദാർഢ്യവും വിളക്കിനെണ്ണയെന്നവണ്ണം തോരാതെ പകരേണ്ടിയിരിക്കുന്നു.

### കുടുംബത്തിലെ കത്തോലിക്കാ അന്തരീക്ഷം

കത്തോലിക്കാ തിരുസഭാമാതാവു് വളരെ നിർബന്ധമായി ആജ്ഞാപിക്കുന്ന ഒരു കാര്യമാണു് കുട്ടികളുടെ കുടുംബങ്ങളിലെ നല്ല വളർത്തൽ. ഉത്തരവാദിത്വപ്പെട്ടവർ അതിൽ കാണിക്കുന്ന ഉദാസീനതയെ സഭ ഒരിക്കലും പൊറുക്കുകയില്ല. ഗുരുതരമായ പ്രസ്തുത കർത്തവ്യനിർവ്വഹണത്തെ സുഗമമാക്കുന്ന മുറകളാണു ഒരു കത്തോലിക്കാ കുടുംബത്തിൽ അനുഷ്ഠിക്കുന്നതിനു തിരുസഭ പ്രോത്സാഹിപ്പിക്കുന്നതു്. ഒന്നാമതായി ഒരു ക്രിസ്തീയ ഭവനം മാതൃകായോഗ്യവും വികാരോദ്ദീപകവുമായ തിരുസ്വരൂപങ്ങളാൽ അലങ്കരിക്കപ്പെടുന്നു. ദൈവസാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കുന്നതും ദൈവത്തിലുള്ള ആശ്രയബോധത്തെ നിലനിർത്തുന്നതുമായ കുടുംബപ്രാർത്ഥനകൾ നടത്തപ്പെടുന്നു. ജപമാല, പ്രാർത്ഥനപ്പുസ്തകങ്ങൾ, സൽഗ്രന്ഥങ്ങൾ ഇവ ആനുകാലികമായ പുതിയ പുതിയ അറിവു കുടുംബാംഗങ്ങൾക്കു പ്രദാനം ചെയ്യുന്നു. കുടുംബത്തിലുണ്ടാകുന്ന ഒരു പുതിയ ശിശുവിന്റെ മാമ്മോദീസാ, ഒരു കുഞ്ഞിന്റെ പ്രഥമ ദിവ്യകാരുണ്യസ്വീകരണം, ഒരു യുവാവിന്റേയോ യുവതിയുടേയോ വിവാഹം, ഒരു പുതിയ വൈദികന്റെ നവപൂജാർപ്പണം, ഒരു യുവതിയുടെ സന്യാസവസ്ത്രധാരണം, അന്ത്യലേപനം, ഒരു മരണം, ഒരു വിവാഹത്തിന്റേയോ മരണത്തിന്റേയോ അനുസ്മരണം ഇവയോരോന്നും ക്രിസ്തീയ ജീവിതത്തിന്റെ ആദ്ധ്യാത്മികതയിലേക്കു ഓരോ കുടുംബാംഗത്തേയും ഉന്നമിപ്പിക്കുന്ന സംഭവങ്ങളാണു്. ഇവയുടെ ചൈതന്യത്തിലാണു് ആ കുടുംബത്തിലെ ക്രിസ്തീയാന്തരീക്ഷം ശോഭനമാകുന്നതു്. അവ നിർജ്ജീവങ്ങളാണെങ്കിൽ അന്തരീക്ഷം തണുത്തുകഴിഞ്ഞു എന്നാണർത്ഥം. അതുകൊണ്ടു ഓരോരുത്തരും അവരവരുടെ കുടുംബാന്തരീക്ഷത്തെത്തന്നെ നിഷ്കൃഷ്ടമായി ഒന്നു പരിശോധിച്ചാൽ എളുപ്പത്തിൽ മനസ്സിലാക്കാം ആദ്ധ്യാത്മികത്വത്തിൽ ആ കുടുംബത്തിന്റെ നിലപാടെന്താണെന്നു്. തദനുഗുണമായ ഒരു സ്വഭാവരൂപവൽക്കരണം മാത്രമേ ആ അ

ന്തരീക്ഷത്തിൽ വളരുന്ന കുട്ടികളിലും പ്രതീക്ഷിക്കുന്നുണ്ടല്ലോ. മാവിതലമുറയെ ഞാനെങ്ങിനെ വാർത്തുവിടുന്നു എന്ന ഉത്തരവാദബോധത്തോടുകൂടി ഓരോരുത്തരും ആത്മശോധനചെയ്യുകയും, ലോകത്തിന്റേയും മാനവസമുദായത്തിന്റേയും ഭാവി എന്റെ സഹകരണത്തേക്കൂടിയാണ് ആശ്രയിച്ചിരിക്കുന്നതെന്നുള്ള ബോദ്ധ്യത്തോടുകൂടി കർത്തവ്യനിരതരാവുകയും ചെയ്യുവിൻ.

## പ്രസാധകക്കുറിപ്പുകൾ

### അമേരിക്കയിലെ തൊഴിലാളി സംഘടന

അമേരിക്കയിലെ ഇക്കഴിഞ്ഞ തൊഴിലാളിദിനം പ്രമാണിച്ച് അവിടത്തെ ഏറ്റവും വലിയ തൊഴിലാളിസംഘടനയായ ഏ. എഫ്. എൽ. ന്റെ പ്രസിഡണ്ട് മി. ജോർജ്ജ് മീനി ഒരു സന്ദേശം പുറപ്പെടുവിക്കുകയുണ്ടായി അതിൽ ട്രേഡ്യൂണിയനുകൾക്ക് പരിപൂർണ്ണമായ സ്വാതന്ത്ര്യമുണ്ടെങ്കിലേ അവയുടെ ഉദ്ദേശമനുസരിച്ച് പുരോഗമിക്കുവാനും ഫലം പുറപ്പെടുവിക്കുവാനും സാധിക്കയുള്ളുവെന്നു പ്രസ്താവിച്ചിരിക്കുന്നു. ആ സന്ദേശത്തിലെചിലഭാഗങ്ങൾ ഉദ്ധരിക്കാം:-

സ്വതന്ത്രമായ ട്രേഡ്യൂണിയൻ പ്രസ്ഥാനം സ്ഥാപിക്കാൻ ലോകമെങ്ങുമുള്ള നമ്മുടെ തൊഴിലാളിസഹോദരങ്ങളോടൊപ്പം നാം അണിനിരന്നു; കാരണം, സമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നീതി സാദ്ധ്യമാക്കാൻ ഏറ്റവും സഫലമായ മാർഗ്ഗം അതൊന്നുമാത്രമാണ്.

ഫാസിസത്തിനും കമ്മ്യൂണിസത്തിനും മനുഷ്യരെ പീഡിപ്പിക്കുന്ന മറേറതൊരുതരം സ്വേച്ഛാധിപത്യത്തിനുമെതിരായി സർവ്വശക്തികളുമുപയോഗിച്ചു പോരാടിക്കൊണ്ടിരിക്കണമെന്നാണു നമ്മുടെ നിശ്ചയം.

നാം നമ്മുടെ സഹോദരന്റെ കാവൽക്കാരാണ്; ആയിരിക്കയുംവേണം എന്ന വാസ്തവം തൊഴിലാളികളായ നാം അംഗീകരിക്കുന്നു. ഈ ചുമതലയിൽ അന്തർഭവിച്ചിരിക്കുന്ന സത്യം നമ്മുടെ തത്വശാസ്ത്രത്തിന്റെ മൗലികഘടകമാണ്. നമ്മുടെ പ്രസ്ഥാനം പണിതുയർത്തിയത് ഒററയാളോ ഒരുകൂട്ടം നേതാക്കന്മാരോ അല്ല; തൊഴിലാളികളായ ബഹുജനം ഒത്തുചേർന്നാണതു് സാധിച്ചതു—ബലവാൻ ബലഹീനനെയും, സ്വതന്ത്രൻ പീഡിതനെയും സഹായിച്ചു. പ്രസ്ഥാനം മുഴുവൻ അതിന്റെ അംഗങ്ങളായ വ്യക്തികളോരോരുത്തരുടെയും ഗുണത്തിനുവേണ്ടി പ്രവർത്തിച്ചു.

### കമ്മ്യൂണിസത്തിന്റെ അടിമത്തത്തെ എതിർക്കണം

ക്രെംലിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ തൊഴിലാളികൾ അനുഭവിക്കുന്ന അസമത്വത്തേയും അസ്വാതന്ത്ര്യത്തേയും അടിമത്തത്തേയും പ്രതിഷേധിച്ചുകൊണ്ട് പ്രസ്തുത സന്ദേശം ഇങ്ങനെ തുടരുന്നു:-

പരിപൂർണ്ണമായി കീഴടക്കുന്നതുകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും ഒരിക്കലും ക്രെംലിനു തൃപ്തിയുണ്ടാവില്ല. സ്വതന്ത്രലോകത്തിന്റെ നേതാവെന്ന മുറയിൽ ഈ ഭീഷണിയെ ജയിക്കുക അമേരിക്കയുടെ കടമയാണ്. നമ്മുടെമിത്രങ്ങളെ ഏകീകരിക്കുകയും സ്വാതന്ത്ര്യത്തിന്റെ ധാർമ്മികവും സൈനികവുമായ പരിരക്ഷണം ശക്തിപ്പെടുത്തുകയും യുദ്ധം സമർത്ഥമായി ഒഴിവാക്കുകയുംചെയ്യുന്ന സുവ്യക്തവും ചലനാത്മകവുമായ ഒരു വിദേശനയം നാം രൂപവൽക്കരിക്കണം.

കമ്മ്യൂണിസത്തിന്റെ പൈശാചികമായ അടിമവേല സമ്പ്രദായവും, സ്വേച്ഛാധിപത്യപരമായ തൊഴിലാളിമർദ്ദനവും, മൗലികസ്വാതന്ത്ര്യധ്വംസനവും തൊലിയുരിച്ചുകാട്ടുവാൻ, സാർവ്വദേശീയ തൊഴിലാളിസംഘടനമുഖേന, നാം ലോകമെങ്ങുമുള്ള മററു സ്വതന്ത്രട്രേഡ്യൂണിയൻ കേന്ദ്രങ്ങളുമായി സഹകരിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികമായി പിന്നിൽ നില്ക്കുന്ന രാജ്യങ്ങളിൽ സ്വതന്ത്രതൊഴിലാളിപ്രസ്ഥാനം ശക്തിപ്പെടുത്തി ജീവിതനിലവാരമുയർത്തുന്ന ലോകവ്യാപകമായ ഒരു പ്രസ്ഥാനത്തിൽ നാം പങ്കെടുത്തുവരുന്നു. അല്ലാഞ്ഞാൽ ആവക രാജ്യങ്ങൾ നിരാശരും കമ്മ്യൂണിസത്തിനുമിരയായിത്തീരും.

നമ്മുടെ ജീവിതം രൂപപ്പെടുത്തുന്നതു നാംതന്നെയാണെന്നു തൊഴിലാളികൾവിശ്വസിക്കുന്നു. അതിനാൽ സുബുദ്ധികളായ എല്ലാ സ്ത്രീപുരുഷന്മാരുടെയും ജീവിതം കൂടുതൽ സമാധാനപൂർണ്ണവും കുറെക്കൂടെ സുഭദ്രവും ഇനിയും പ്രയോജനകരവുമാക്കുവാൻ കഴിവതെല്ലാം ചെയ്യുമെന്നു നമുക്ക് ഈ സ്വാതന്ത്ര്യദിനത്തിൽ തീരുമാനിക്കാം.

* * *

### ഭൂപരിധിനിർണ്ണയം കൃഷിക്കു നാശകരമെന്നു് "ഡെമോക്രസി"

തിരു-കൊച്ചിയിലെ പി. എസ്. പി. ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ഭൂപരിധിനിർണ്ണയബില്ലിനെപ്പററി മധുരയിൽനിന്നു പുറപ്പെടുന്ന "ഡെമോക്രസി" എന്ന വാരിക താഴെക്കാണുന്ന വിമർശനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു:

സംസ്ഥാനത്തിലെ സാമ്പത്തികസുസ്ഥിതിയെ അതു തകർക്കും. വലിയ നിലമുടമകളേയും അഭിവൃദ്ധിയിലിരിക്കുന്ന പാട്ടക്കാരേയും മാത്രമല്ല, കർഷകതൊഴിലാളികളേയും അതു ഉപദ്രവിക്കും. ഈ തൊഴിലാളികളെ സ്വാധീനപ്പെടുത്താനാണല്ലോ പി. എസ്. പി. പാർട്ടിയും അവർക്ക് പിന്തുണ വാഗ്ദത്തം ചെയ്തിരിക്കുന്ന കോൺഗ്രസ്സും ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. വലിയ ഭൂവുടമകളിൽനിന്നും പിടിച്ചെടുക്കുന്ന ഭൂമി, ഭൂമിയില്ലാത്തവർക്കു വിതരണം ചെയ്യുവാനാണല്ലോ മന്ത്രിസഭയുടെ ആഗ്രഹം. എന്നാൽ അവരിൽ ഒരു ചെറിയ വിഭാഗത്തിനുമാത്രമേ ഈ വിതരണം പ്രയോജനപ്പെടൂ. അവരുടെ എണ്ണം വളരെ അധികവും, വിതരണം ചെയ്യാനുള്ള ഭൂമി വളരെ കുറവുമാണ്. ഭൂമികിട്ടാതെ വരുന്ന ആ വലിയ വിഭാഗത്തിനു് ഇന്നുള്ള ജോലികൂടി നഷ്ടപ്പെടും. കാരണം തങ്ങളിൽനിന്നു പിടിച്ചെടുക്കപ്പെട്ടതിനു ശേഷം കൈവശമുള്ള ചെറിയ ഭൂവിഭാഗം കൃഷിചെയ്യാൻ ഭൂവുടമകൾക്കു വളരെക്കുറച്ചു ജോലിക്കാരെ മാത്രമേ ആവശ്യമായി വരികയുള്ളു. മറെറാരു വൈഷമ്യം പുതുതായി ഭൂമി ലഭിക്കുന്ന കൃഷിക്കാർക്ക് കൃഷിയിറക്കാനാവശ്യകമായ പണം സ്വാധീനത്തിലുണ്ടായിരിക്കയില്ലെന്നുള്ളതാണ്. കഷ്ടിച്ച് കാലയാപനം ചെയ്യുന്ന അക്കൂട്ടർക്ക് കൃഷിക്കുവേണ്ടി മുതൽമുടക്കാൻ എങ്ങനെ സാധിക്കും? പുതിയ ബില്ലിന്റെ ഫലമായി നിലവിൽ വരുന്ന പുതിയ പാട്ടക്കാരും കൃഷിക്കാരും കാർഷികപുരോഗതിക്ക് പ്രതിബന്ധമായിത്തീരുമെന്നു് താല്പര്യം.

തിരുക്കൊച്ചിയിൽ നിലവിലിരിക്കുന്ന ഭൂവുടമകൾക്കും, പാട്ടക്കാർക്കും ഭൂമി കൈവശംവന്നതു് ചരിത്രപരവും പ്രകൃതിസിദ്ധവുമായ കാരണങ്ങളാലാണ്. ദായക്രമമനുസരിച്ച് ഭൂമി കൈവശംവന്നവർക്ക് ഭൂമിയോടുള്ള താല്പര്യവും അതു കൃഷിചെയ്യാനുള്ള വാസനയും അതേ ദായക്രമത്താൽതന്നെയാണു ലഭിച്ചിട്ടുള്ളതു്. ഇപ്പോൾ കൈവശമുള്ള ഭൂമി പണംകൊടുത്തു് വാങ്ങിയിട്ടുള്ളതാണെങ്കിൽ അതിനു കാരണം അതു വാങ്ങിയവർക്ക് ഭൂമിയിലുള്ള താല്പര്യവും അതു കൃഷിചെയ്യാനുള്ള വാസനയുമാകുന്നു. എന്നാൽ ബില്ലനുസരിച്ച് പുതുതായുണ്ടാകുന്ന ഭൂവുടമകളിലും —പാട്ടക്കാരിലും —ഈ താല്പര്യവും വാസനയും കൃത്രിമമായി സൃഷ്ടിക്കപ്പെടേണ്ടിവരും. ഇന്നലെവരെ വെറും തൊഴിലാളികളായി കഴിഞ്ഞുപോന്നവർക്ക് ഇന്നു പെട്ടെന്നു് മററു ഭൂവുടമകളെപ്പോലുള്ള ഉത്തരവാദിത്വവും, സ്വാശ്രയബോധവും, മേൽനോട്ടം വഹിക്കാനുള്ള കഴിവുമൊക്കെയുണ്ടാകുമെന്നു പ്രതീക്ഷിക്കാമോ? ഭൂദാനപ്രസ്ഥാനക്കാരെപ്പോലെ

### .തിരുനാൾമംഗളം



കൊല്ലം മെത്രാൻ
റൈററ് റവ. ഡോക്ടർ
ഫെർണാണ്ടസ് ഡി. ഡി.
തിരുമേനി
തിരുനാൾ സെപ്റ്റംബർ 30.

ഈ നിയമപരിഷ്കർത്താക്കളും, ഗ്രാമീണജനങ്ങളുടെ ഭൂദാഹത്തെക്കുറിച്ചുമാത്രമാണു ചിന്തിക്കുന്നതു്. എന്നാൽ ഭൂമി വേണമെന്നുള്ള ആഗ്രഹംകൊണ്ടുമാത്രം അതു പ്രയോജനകരമായി കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടാകുന്നതല്ല. ഞങ്ങൾ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ഭൂമിയില്ലാത്ത ഒരുവനു് ഒരേക്കർ കാളയേയോ, വിതയ്ക്കാനുള്ള വിത്തോ, വളമോ, താമസിക്കാനൊരു കുടിലോ നൽകാതെ ഒരേക്കർ ഭൂമിമാത്രം കൊടുത്താൽ ആ കാരുണ്യപ്രവൃത്തി അവനു് ഉപദ്രവം വരുത്തിവയ്ക്കുകയേയുള്ളു. സാമൂഹ്യനീതി പാലിക്കുന്നതിനു് ഓരോ ദരിദ്രനും ഒരുതുണ്ടു ഭൂമിവീതം നൽകിക്കൊള്ളണമെന്നില്ല.

### കർഷകത്തൊഴിലാളിയെ സഹായിക്കാനുള്ള കൂടുതൽ മെച്ചമായ മാർഗ്ഗം

ഭൂമി വിതരണംചെയ്തു് ഭൂമിയില്ലാത്തവരെ സഹായിക്കാൻ സാദ്ധ്യമല്ലെങ്കിൽ പിന്നെ അതിനുള്ള കൂടുതൽ മെച്ചമായ മാർഗ്ഗമെന്താണെന്നും പ്രസ്തുത പത്രം നിർദ്ദേശിക്കുന്നുണ്ടു്.

കർഷകത്തൊഴിലാളിയെ സഹായിക്കുന്നതിനു കുറെക്കൂടി മെച്ചമായ മാർഗ്ഗം, അവനു മാന്യമായ രീതിയിൽ ഒരു കുടുംബം പുലർത്തുന്നതിനാവശ്യമായ കൂലിയും, അവനു മാന്യമായവിധം വസിക്കുന്നതിനു് ഒരു വീടും നൽകുകയെന്നതാണ്. ഒരു തൊഴിലാളിക്ക് ഇങ്ങനെയുള്ള വ്യവസ്ഥയിൽ ഒരു വലിയ ഭൂവുടമസ്ഥന്റെ കീഴിൽ ജോലിചെയ്യുന്നതാണ്, ഒന്നോ രണ്ടോ ഏക്കർ ഭൂമിയുടെ ഉടമസ്ഥനെന്ന നിലയിൽ എന്നും ഋണബദ്ധനായി ഞെങ്ങിഞെരുങ്ങി ജീവിക്കുന്നതിനേക്കാൾ പതിന്മടങ്ങു മെച്ചം. ഒരു വമ്പിച്ച ഭൂവുടമസ്ഥനോ, വമ്പിച്ച പാട്ടക്കാരനോ മാത്രമേ കർഷകത്തൊഴിലാളികൾക്കു നല്ല കൂലി കൊടുത്തു വേലയെടുപ്പിക്കാൻ കഴിയൂ. വമ്പിച്ച തോതിലുള്ള ഭൂവുടമാസമ്പ്രദായത്തിൽ മാത്രമേ കാർഷികപുരോഗതിക്കാവശ്യമായ മൂലധനം മുടക്കുന്നതിനും സാധിക്കുകയുള്ളു. നേരെമറിച്ച് തിരുക്കൊച്ചിയിലെ ഭൂനയബിൽ പാസ്സാകുകയും, യാതൊരുത്തനും 25-30 ഏക്കറിൽ കൂടുതൽ കൈവശം വച്ചുകൊണ്ടിരിക്കാനനുവദിക്കപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ ചെറിയ ഭൂവുടമകൾക്കാവശ്യമായ മൂലധനവും, ഭവനനിർമ്മാണച്ചെലവും മുഴുവൻ ഗവർമെന്റിൽനിന്നു നൽകേണ്ടിവരും. രണ്ടു കോടിയോളം വരുന്നേക്കാവുന്ന ഒരു വലിയ തുക ആണ്ടുതോറും ഈയിനത്തിൽ ചെലവിടുന്നതിനു് തിരുക്കൊച്ചി ഗവർമെന്റു തയാറാണോ? ഈ ബിൽ പാസ്സാകുന്നപക്ഷം നിർദ്ധനരായ പുതിയ പാട്ടകൃഷിക്കാർക്ക വേണ്ട മൂലധനം നൽകുന്നതിനുമാത്രം അടുത്ത ബഡ്ജററിൽ ഒരുകോടി രൂപ നീക്കിവച്ചേ മതിയാവൂ.

## "ചെറുമലർ"

(യാദ്ക്യാദിൽനേ കഥാ...എ. മ.)

(എ. കെ. തോമസ്, വാടേൽ)

ലിസ്യൂവിലേ പുഷ്പവാടിതൻ
മോഹന മനോജ്ഞസൂനമേ!
ഉണ്ണിയേശുവിൻ പ്രസാദസൂനമേ!
വിണ്ണിലേ പൂവാടിതൻ പ്രസൂനമേ!

I

ഓ ... ഉണ്ണിയീശകണ്ണിനു കുതൂഹലം
ഓ.... കൈവരുത്തുവാൻ വിരിഞ്ഞ പുഷ്പമേ!
വാടാതെ സ്വർഗ്ഗീയവാടിയിൽ
മോടിയിൽ വിടർന്നു നില്പൂയോ
വാനിലേക്കുയർന്ന രമ്യസൂനമേ!
വാനസൂനമായ് പകർന്ന സൂനമേ!

II

ഓ....കർമ്മലാംബരേയുദിച്ച താരമേ!
ഓ....കർമ്മലസ്സഭയ്ക്കു മാർഗ്ഗദീപമേ!
ദിവ്യാഭ വീശിടണേ സദാ
സ്വർഗ്ഗീയമാർഗ്ഗേ ഗമിക്കുവാൻ
ഉണ്ണിയേശുവിൻ "ചെറുകുസുമമേ"!
കർമ്മലാംബതന്നരുമസൂനുവേ!

III

ഓ....പ്രാർത്ഥനകൊണ്ടത്ഭുതമനേകരെ
ഓ....മോക്ഷപ്രാപ്തരാക്കിയ കന്യാമണേ!
സ്വർഗ്ഗീയ പൂവാടിതന്നിലെ
സൗരഭ്യസംപൂർണ്ണസൂനമേ!
വാനിൽനിന്നു പൂമഴപൊഴിക്കണേ
വാനയാനവീഥി ഗമ്യമാക്കണേ. (ലിസ്യൂ)

### ജപാപ്പസ്തോലസംഘത്തിന്റെ ഒക്ടോബർമാസത്തെ പൊതുനിയോഗം

"ശിശുപ്രായംമുതൽ കുട്ടികളിൽ ഒരു യഥാർത്ഥ ക്രിസ്തീയമനസ്സാക്ഷി രൂപവൽക്കരിക്കുന്നതിനു്."

### വേദപ്രചാരനിയോഗം

"മിഷൻരംഗങ്ങളിൽ തന്നെ വൈദികരുടെ ദൈവവിളികൾ എണ്ണത്തിലും ഗുണത്തിലും വർദ്ധമാനമാകുന്നതിനു്."

### അടുത്തയാഴ്ചയിൽ

സെപ്റ്റംബർ
30 വ്യാ: ഈറാനിമോസ്
ഒക്ടോബർ
1 വെ: റെമിജിയോസ്
2 ശ: കാവൽമാലാഖാ
3 ഞാ: പന്തക്കുസ്ത 17-ാംഞായർ കൊന്തമാതാവു്
4 തി: ഫ്റ.സിസ്സേസ് അസീസി
5 ചൊ: പ്ലാസിദോസ്
6 ബു: ബ്രൂനോ



1954 സെപ്റ്റംബർ 17-ാംനു-
കർത്താവിൽ നിദ്രപ്രാപിച്ച
വടക്കേൽ അയ്യു് ഭാര്യ
ശ്രീമതി എലി
വടകര
R. I. P.


## വി. 10-ാം പീയൂസിന്റെ

### മനോഹരമായ ത്രിവർണ്ണചിത്രം

ഒന്നാംതരം ആർട്ടപേപ്പറിൽ

13 ഇഞ്ചു് × 9½ ഇഞ്ചു് സൈസ്. ഒന്നിനു വില 4ണ.

പത്തിനു രണ്ടു കമ്മീഷൻ. പോസ്റ്റേജ് പുറമെ.

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്

ബ്രോഡ്വേ, എറണാകുളം—1

പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം ഏഴ്

(ചക്രവത്തിയുടെ പണ്ഡിതസദസ്സ്. റൈററസ്, മഹാപണ്ഡിതന്മാർ, വലേരിയസ് തുടങ്ങിയവർ യഥാസ്ഥാനങ്ങളിൽ ഇരിക്കുന്നു. കാതറൈൻ നില്ക്കുന്നു. ഇരുവശത്തും ആയുധധാരികളായ ഓരോ ഭടന്മാർ നില്ക്കുന്നു. മാക്സിമിയൻ പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേററ് ഉപചാരം ചെയ്യുന്നു)

മാക്:- (പ്രത്യഭിവാദനം ചെയ്തുകൊണ്ട്) മഹാ പണ്ഡിതന്മാരേ, നിങ്ങളുടെ മുൻപിൽ ആനീതയായിരിക്കുന്ന ഈ യുവതി ഒരു മഹാ വിദുഷിയാണെന്നാണ് പ്രബലമായ ജനസംസാരം. അവൾ അങ്ങിനെ ഭാവിക്കുകയും ചെയ്യുന്നു. എന്നിട്ടും അവൾ ഒരു ക്രിസ്ത്യാനിയായിരിക്കുന്നതു് വിചിത്രംതന്നെ. അവൾ ആശ്ലേഷിക്കുന്ന ക്രിസ്തുമതം എത്രമാത്രം അബദ്ധജടിലവും നിഷിദ്ധവുമാണെന്ന വസ്തുത അവളെ ബോദ്ധ്യപ്പെടുത്തുവാൻ നിങ്ങൾക്കു കഴിയുമെന്നു നമുക്കുറപ്പുണ്ട്. അതിനാണു നിങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നതു്.

കാതറൈൻ, കണ്ടാലും നിൻെറ പ്രതിയോഗികളെ. ഇവരോടു് വാഗ്വാദത്തിനു തയാറാണെങ്കിൽ നാം അതിനനുവദിച്ചിരിക്കുന്നു. (ഉപവിഷ്ടനാകുന്നു. മററുള്ളവരും യഥാസ്ഥാനങ്ങളിൽ ഇരിക്കുന്നു)

ലിറസ്:- (എഴുന്നേററ്) അബലയും, അനഭ്യസ്തയുമായ ഒരു ഗ്രാമീണകന്യകയോടു് ശാസ്ത്രായോധനത്തിനൊരുങ്ങുന്നതു് അവിഹിതമായിരിക്കുകയില്ലേ യെന്നു ഞാൻ സംശയിക്കുകയാണ്.

മാക്:- പ്രതിയോഗികൾ ദുർബലരെങ്കിൽ വിജയം സുനിശ്ചിതമാണല്ലോ. (ലിറസ് ഇരിക്കുന്നു)

ക്ലോഡി:- ബലശാലികൾ ദുർബലരോടെതിരിടുന്നതു് ശാസ്ത്രോക്തിക്കു യോജിച്ചതല്ല.

മാക്:- അങ്ങിനെ ശങ്കിച്ചിട്ടു കാര്യമില്ല. ഇവൾ വലിയ വിദുഷിയാണെന്നാണ് കേൾവി.

വലേ:- എന്തൊക്കെയായിരുന്നാലും ഒരു സ്ത്രീയാണല്ലോ.

ലിറസ്:- തിരുമേനി, അവിടുന്നു സർവ്വോൽക്കർഷേണ വിജയിച്ചാലും. ഏററവും വലിയ കുററവാളിയായി, ഏററവും ഭയങ്കരനായ വിപ്ലവകാരിയായി ഭയാനകമായ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ക്രൂശിതനായ ക്രിസ്തുവിനെ ദൈവമായി ആരാധിക്കുന്ന ഒരാളിനെ സ്ഥിരബുദ്ധിയുള്ളവരുടെ കൂട്ടത്തിൽപോലും ഉൾപ്പെടുത്തുവാൻ പാടില്ലെന്നാണ് എൻെറ അഭിപ്രായം.

വലേ:- ഭേഷ്. അതൊരു നല്ല വാദരീതിയാണ്. തൻെറ പ്രതിയോഗിക്കു സ്ഥിരബുദ്ധിയില്ല; ചിത്തഭ്രമമാണ് എന്നെല്ലാം ആദ്യമായി അങ്ങു തട്ടിമൂളിക്കുക. പോരെങ്കിൽ ആ അഭിപ്രായം വീണ്ടും വീണ്ടും ആവർത്തിക്കുകകൂടി ചെയ്യുക. വാദത്തിൽ ജയിക്കുവാനുള്ള ഒരു കുറുക്കുവഴിയാണതു്.

ക്ലോഡി:- ഉഗ്രപ്രതാപന്മാരായ റോമൻ ദേവന്മാരുടെ മഹിമാതിശയങ്ങളെപ്പററി യാതൊന്നും ധരിച്ചിട്ടില്ലാത്ത ഈ പാമരകന്യകയെപ്പററി എനിക്കു് അനുകമ്പമാത്രമാണുള്ളതു്. ലോകത്തിൽ സകല നന്മകളും വാരിവിതറിക്കൊണ്ടു് പൂജ്യപാദന്മാരായി വിരാജിക്കുന്ന നമ്മുടെ ദേവന്മാർ എത്രയോ ബലശാലികളാണ്. നമ്മുടെ മഹാക്ഷേത്രങ്ങളിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്നതായി പരിശുദ്ധരായ നമ്മുടെ പുരോഹിതന്മാർ വെളിപ്പെടുത്തുന്ന അത്ഭുതങ്ങൾ നിരവധിയാണ്.

വലേ:- വാസ്തവം വാസ്തവം! നമ്മുടെ പ്രധാന പുരോഹിതൻ ഒരു മഹാ അത്ഭുതം എനിക്കും വെളിപ്പെടുത്തിത്തന്നു. ചക്രവത്തി തിരുമനസ്സിലെ ജന്മദിനത്തിൽ ക്ഷേത്രത്തിൽ ബലികൊടുത്ത പതിനഞ്ചാടുകളേയും മഹാദേവനായ അപ്പോളോ ക്ഷണനേരംകൊണ്ടു ഭക്ഷിച്ചുകളഞ്ഞെന്നു്. ഞാൻ വല്ലാതെ അത്ഭുതപ്പെട്ടുപോയി. പക്ഷെ, പിന്നീടാണറിഞ്ഞതു് മാംസമെല്ലാം പുരോഹിതന്മാർ ഉണക്കിവച്ചിരിക്കുകയാണെന്നു്.

റൈറ:- അലക്ഷ്യം നിങ്ങൾ നിശ്ശബ്ദമായിരിക്കണം. തിരുമേനി, ഈ മഹൽസദസ്സിൻെറ വിലയേറിയ സമയം അല്പമിതും പറഞ്ഞു് നഷ്ടപ്പെടുത്തരുതെന്നു് എനിക്കപേക്ഷയുണ്ട്.




മാക്:- വാസ്തവംതന്നെ. കാതറൈൻ, നിനക്കൊന്നും പറയാനില്ലേ?

കാത:- എൻെറ പ്രതിയോഗികൾ പറഞ്ഞതെല്ലാം കേവലം ബാലിശങ്ങളായ കാര്യങ്ങൾമാത്രമാണ്. ക്രിസ്തു ദൈവമല്ലെന്നു തെളിയിക്കുന്ന ഒരൊററ വാദമുഖം പോലും ഉന്നയിക്കപ്പെട്ടിട്ടില്ല. അതിൽ എനിക്കത്ഭുതമില്ല. മഹാപണ്ഡിതന്മാരെന്നഭിമാനിക്കുന്ന എൻെറ എതിരാളികൾക്കു് എന്താദൃശവിഷയങ്ങളെപ്പററി എന്തെങ്കിലും പരിജ്ഞാനമുള്ളതായി എനിക്കു തോന്നുന്നില്ല.

മാക്:- അബദ്ധം. പരമാബദ്ധം! കാതറൈൻ, അമാനുഷപ്രതിഭരായ ഈ പണ്ഡിതകുലകൂടസ്ഥന്മാരെപ്പററി ഇത്രമേൽ അനാദരവായി സംസാരിച്ചതു് നീയല്ലാതെ മററാരെങ്കിലുമായിരുന്നെങ്കിൽ നാമതു ക്ഷമിക്കുമായിരുന്നില്ല. എങ്കിലും ഈ സദസ്സിൻെറ അന്തസ്സിനെ തൽക്കാലം നാം മാനിക്കുകയാണ്. മഹാ പണ്ഡിതന്മാരേ, ഇവളുടെ വെല്ലുവിളി നിങ്ങൾ എപ്രകാരം സ്വീകരിക്കുന്നു എന്നറിയുവാൻ നാം അത്യാകാംക്ഷയോടെ കാത്തിരിക്കുകയാണ്.

ലിറസ്:- ക്രിസ്തുവിനെപ്പററി ഇവൾക്കു പറയുവാനുള്ളതെല്ലാം പറഞ്ഞുതീരട്ടെ. അതെല്ലാം അന്തസ്സാരവിഹീനങ്ങളാണെന്നു ഞങ്ങൾ തെളിയിച്ചുകൊള്ളാം.

മാക്:- കാതറൈൻ, ക്രിസ്തുവിനെപ്പററി നിനക്കു പറയുവാനുള്ളതെന്തായിരുന്നാലും തുറന്നു പറഞ്ഞുകൊള്ളു. തദനന്തരം നിൻെറ വാദങ്ങളെല്ലാം പാടെ ഖണ്ഡിക്കപ്പെടുന്നതാണ്. അങ്ങിനെ സംഭവിക്കുന്നപക്ഷം—സംഭവിക്കുമെന്നെനിക്കുറപ്പുണ്ട്—നീ നമ്മുടെ മഹാദേവന്മാരെ ആദരിച്ചാരാധിക്കുമെന്നു നാം പ്രത്യാശിക്കുന്നു.

റൈറ:- തിരുമേനി, കേവലം അഗണ്യയായ ഒരു സ്ത്രീക്കുവേണ്ടി അവിടുത്തേയും, ഈ പണ്ഡിതന്മാരുടേയും വിലയേറിയ സമയം എന്തിനിങ്ങനെ നഷ്ടപ്പെടുത്തുന്നു?

വലേ:- സ്ത്രീകൾ നിസ്സാരകളാണെന്നു പറഞ്ഞാൽ ഞാൻ എതിർക്കുകതന്നെ ചെയ്യും. പ്രത്യേകിച്ചും മഹാ വിദുഷിയായ കാതറൈൻ. അവരും നിസ്സാരയാണെ പോലും! ചക്രവത്തി തിരുമേനി തന്നെ പറയട്ടെ.

മാക്:- ശാന്തമായിരിക്കൂ റൈററസ്. ഈ മഹാ പണ്ഡിതന്മാർ ഇവളെ ക്ഷണം പരാജയപ്പെടുത്തിക്കൊള്ളും. കാതറൈൻ, വേഗമാകട്ടെ.

കാത:- മനുഷ്യവർഗ്ഗത്തിനു അത്യുന്നതനാൽ വാഗ്ദാനംചെയ്യപ്പെട്ട രക്ഷകനത്രേ ക്രിസ്തു. തൻെറ അവതാരവേളയിൽത്തന്നെ സംഭവിച്ച അത്ഭുതസംഭവങ്ങളാൽ അവിടുത്തെ ദിവ്യത്വം പ്രഖ്യാപിതമായി; തിരുവവതാരരംഗമായി ഭവിച്ച ബത്‌ലഹം കാലിത്തൊഴുത്തിനു മുകളിൽ വെൺമേഘകദംബങ്ങൾ മൂകരായി നിന്നു. അനേകവൃന്ദം വാനരൂപികളുടെ നൈസർഗ്ഗികഗാനമാധുരിയിൽ ഭൂമണ്ഡലം കോരിത്തരിച്ചു. നവീനനക്ഷത്രപ്രഭയിലൂടെ മുന്നോട്ടുനീങ്ങിയ മൂന്നു മഹിധവന്മാർ നക്ഷത്രകോടികളെ നിഷ്പ്രഭമാക്കുന്ന തേജോവിലാസത്തോടുകൂടിയ ആ ദിവ്യശിശുവിനെ സാഷ്ടാംഗം നമസ്കരിച്ചു് കൃതകൃത്യരായി പിൻതിരിഞ്ഞു. മണിയറയിൽ പേക്കിനാവുകളുമായി സമരം നടത്തിയിരുന്ന അഗസ്റ്റസ് ചക്രവത്തിയുടെ കൊട്ടാരം ആ നിശീഥിനിയിൽ ഞെട്ടിവിറച്ചു എന്തിനധികം! ഈ വിധ മഹിമാത്ഭുതങ്ങളോടുകൂടി ആ തിരുവവതാരം സംപൂർണ്ണമായി.

മുപ്പതുകൊല്ലത്തെ രഹസ്യജീവിതത്തിനുശേഷം തൻെറ ദിവ്യത്വം ലോകത്തിനു വെളിപ്പെടുത്തുവാൻ അവിടുന്നു തിരുമനസ്സായി. സ്വശിഷ്യഗണങ്ങളോടുകൂടി നാടെങ്ങും സഞ്ചരിച്ചു് തൻെറ മഹാസന്ദേശം അവിടുന്നു ലോകത്തെ അറിയിച്ചു. സ്നേഹത്തിൻേറയും അഹിംസയുടേയും ആ സനാതനസന്ദേശം ഒരു പുതുയുഗത്തിൻെറ തിരുപ്പിറവിയെ വിളംബരം ചെയ്യുന്ന ദിവ്യകാഹളമായിരുന്നു. മനുഷ്യരെല്ലാവരും സർവ്വചരാചരകത്താവായ ജഗദീശ്വരൻെറ അരുമസന്താനങ്ങളാണെന്നും, അവിടുത്തെ തിരുമുമ്പിൽ അവർ ഭേദമററവരാണെന്നും പ്രഖ്യാപിതമായതോടുകൂടി, അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എൻെറ അടുക്കൽ വരുവിൻ, അവരെ ഞാൻ സമാശ്വസിപ്പിക്കാം എന്നുള്ള മധുരമൊഴികൾ ദിഗന്തങ്ങളിൽ മാറൊലികൊണ്ടതോടുകൂടി പ്രത്യാശാപൂർണ്ണമായ ഒരു പുതിയ ജീവിതത്തിൻെറ മുകുളകന്ദളങ്ങൾ മാനവഹൃദയങ്ങളിൽ അങ്കുരിക്കുകയായി. പാരതന്ത്ര്യത്തിൻെറ തുരുമ്പിച്ച ശൃംഖലകൾ തകന്നു താഴെ വീണു. എന്നാൽ ഈ വ്യതിയാനങ്ങൾ കണ്ടു് സ്വേച്ഛാധിപതികൾ അമ്പരന്നുപോയി; പുരോഹിതന്മാർ പരിഭ്രാന്തരായി. അവർ ആ സ്നേഹഗായകനെ മാമൂൽധ്വംസകനായും, ഭയങ്കരനായ വിപ്ലവകാരിയായും ചിത്രീകരിച്ചു. അധികാരികൾ അവിടുത്തെ ക്രൂശിൽതറച്ചു.

പക്ഷെ, അനന്തരസംഭവങ്ങൾ അവരെ ഭയചകിതരാക്കി. അവിടുത്തെ മരണവേളയിൽ ശോകമൂകമായ ഭൂതലം ഇരുണ്ടു ഭയാനകമായി. പാറകൾ പൊട്ടിത്തെറിച്ചു. ദേവാലയങ്ങളിലെ തിരശ്ശീലകൾ ഭേദിക്കപ്പെട്ടു. വീണ്ടും ശാന്തിയുടെ പൊൽപ്രഭാതം പുലരുകയായി. മരിച്ചതിൻെറ മൂന്നാംദിവസം അവിടുന്നു പുനരുദ്ധാനംചെയ്തു, ഇതെല്ലാം ആർക്കും നിഷേധിക്കുവാനാവാത്ത ചരിത്രസത്യങ്ങളാണ്.

മഹാരാജാവേ, ക്രിസ്തുവിൻെറ ദൈവത്വത്തിനു ഇതിൽ കൂടുതൽ തെളിവുകൾ ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മാക്:- പണ്ഡിതന്മാരേ, കാതറൈൻ സുദീർഘമായ ഒരു പ്രഭാഷണംകൊണ്ടു് നിങ്ങളെ വല്ലാതെ മുഷിപ്പിച്ചുകാണും. അല്ല, നിങ്ങളെല്ലാവരും നിശ്ശബ്ദരായിരിക്കുന്നതെന്തു്?

വലേ:- അല്ലാതെ പിന്നെന്തു ചെയ്യാനാണ്.

ലിറ:- തിരുമേനി, തൽക്കാലം എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മാക്:- എന്തുകൊണ്ടു്?

വലേ:- സത്യത്തെ എതിർക്കുവാനുള്ള ധൈര്യക്കുറവുകൊണ്ടു്.

ലിറ:- അതേ, ഇതെല്ലാം സത്യമാണെങ്കിൽ അവയെ എതിർക്കുന്നതു് അധർമ്മമാണെന്നു എൻെറ അന്തക്കരണം എന്നോടു പറയുന്നു.

റൈറ:- ലജ്ജാവഹം! തിരുമേനി, അവിടുത്തെ മുൻപിൽവച്ചു് ഇത്രമേൽ ധിക്കാരമായി സംസാരിച്ച ഈ നീചയെ മാതൃകാരയോഗ്യമായി ശിക്ഷിക്കേണ്ടതാണ്.

മാക്:- (ചാടി എണീററു്) ധിക്കാരം! പണ്ഡിതനാണുപോലും, പണ്ഡിതൻ. ആരവിടെ, ഈ ദ്രോഹിയെ ഉടൻ കഴുവിൽ കയററട്ടെ. (ഭടന്മാർ മുന്നോട്ടുവന്നു ലിറസ്സിനെ പിടികൂടുന്നു)

ലിറ:- തിരുമേനി, ഈ വൈകിയവേളയിലെങ്കിലും സത്യത്തെ ദർശിക്കുവാൻ അവസരമുണ്ടാക്കിത്തന്ന അവിടുത്തേടനേക്കു ഈയുള്ളവൻെറ കൃതജ്ഞത. ഞാൻ ഒരു ക്രിസ്ത്യാനിയായി മരിക്കുന്നു. കാതറൈൻ, എനിക്കുവേണ്ടി പ്രാർത്ഥിക്കുക.

കാത:- ക്രിസ്തുവിൻെറ സമാധാനം നിങ്ങൾക്കുണ്ടാവട്ടെ.

റൈറ:- ഛായ് നിറുത്തു.

മാക്:- എന്തു്! മരണത്തിൻെറ വായിൽനിന്നുകൊണ്ടുപോലും നമ്മെ അവഹേളിക്കുകയോ! ഈ നന്ദികെട്ട ശ്വാനനെ ഉടൻ തൂക്കിലിടട്ടെ.

റൈറ:- ഉം, ക്ഷണം. (ഒരു ഭടൻ ലിറസ്സിനെ കൊണ്ടുപോകുന്നു)

മാക്:- ക്ലോഡിയസ്, നിങ്ങൾ ഇതുകൊണ്ടൊന്നും കിംകത്തവ്യതാമൂഢനാവുകയില്ലെന്നു നമുക്കുറപ്പുണ്ട്. എന്തുപറയുന്നു?

ക്ലോഡി:- ക്രിസ്തു ദൈവമാണെന്നുതന്നെയാണു ഞാനും പറയുന്നതു്.

മാക്:- എന്തുപറഞ്ഞു!!

ക്ലോഡി:- ക്ഷമിക്കണം. ഞാനും ഒരു ക്രിസ്ത്യാനിയായിക്കഴിഞ്ഞു.

മാക്:- ഛായ്. രാജദ്രോഹം! ഈ നീചനേയും ഉടനെ കാലപുരിക്കയക്കട്ടെ. (ഭടൻ ക്ലോഡിയസ്സിനെ സമീപിക്കുന്നു)

ക്ലോഡി:- തിരുമേനി, അങ്ങിനെ ഇതുവരേയും തമോമയമായിരുന്ന എൻെറ ജീവിതം പ്രദീപ്തവും പ്രശാന്തവുമായിത്തീന്നിരിക്കുന്നു. അതിനിടയാക്കിയ അങ്ങയെ ക്രിസ്തുനാഥൻ അനുഗ്രഹിക്കട്ടെ.

മാക്:- ശബ്ദിക്കരുതു്. ഈ ദ്രോഹിയെ കൊണ്ടുപോകു നമ്മുടെ മുൻപിൽനിന്നു്. ക്ഷണം! (കൊണ്ടുപോകുന്നു)

(ശേഷം 5-ാംപേജിൽ)

## കൊരട്ടിമുത്തിയുടെ തിരുനാൾ

അത്ഭുതപ്രവർത്തകയായ കൊരട്ടിമുത്തിയുടെ പെരുന്നാൾ ഇക്കൊല്ലം ഒക്ടോബർ 17-ാംനു ഞായറാഴ്ച (കന്നി 31-ാംനു) ആഘോഷിക്കുന്നതാണ്. പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കും.

വികാരി

## മയ്യഴി വി. ത്രേസ്യാപുണ്യവതിയുടെ തിരുനാൾ

ഭാരതത്തിലെ പുരാതനദേവാലയങ്ങളിൽവെച്ചു ഏററവും പ്രസിദ്ധമായ മയ്യഴി വി. ത്രേസ്യാപുണ്യവതിയുടെ ദേവാലയത്തിൽ 1954 ഒക്ടോബർ 15-ാംനു വെള്ളിയാഴ്ച ആവിലായിലെ വി. ത്രേസ്യായുടെ തിരുനാൾ സാഘോഷം കൊണ്ടാടപ്പെടുന്നതാണ്. തിരുനാൾ പ്രാരംഭമായി ഒക്ടോബർ 5-ാംതീയതി നൊവേന ആരംഭിക്കുന്നതായിരിക്കും. തീർത്ഥകരുടെ യാത്രാസൗകര്യാർത്ഥം ഒക്ടോബർ 14, 15 തീയതികളിൽ തീവണ്ടിക്കും ബസ്സിനും പ്രത്യേക ഏർപ്പാടുകൾ ചെയ്യപ്പെടും.

ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമായി ജാതിമതഭേദമെന്യേ ഇരുപത്തിഅയ്യായിരത്തിൽപരം ആളുകൾ പുണ്യവതിയുടെ തിരുനാൾ ദിനങ്ങളിൽ എല്ലാക്കൊല്ലവും ദേവാലയസന്ദർശനത്തിനു വന്നുകൊണ്ടിരിക്കയും തീർത്ഥകർ പുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ അവർക്കു ലഭിച്ച അനുഗ്രഹങ്ങൾക്കു പ്രതിനന്ദിയായി ശതക്കണക്കിൽ മെഴുകുതിരികൾ കത്തിക്കയും ചെയ്തുവരുന്നു. പുണ്യവതിയെ പ്രതിഷ്ഠിച്ചിരിക്കുന്ന മയ്യഴിദേവാലയത്തിൽ മാദ്ധ്യസ്ഥം യാചിക്കുന്ന ഏവർക്കും എല്ലാ കാര്യങ്ങളിലും വി. ത്രേസ്യാവഴിയായി അനുഗ്രഹങ്ങൾ ലഭിക്കുന്നതാണെന്നു പൂർണ്ണമായി വിശ്വസിച്ചുവരുന്നു.

കൂടുതൽ വിവരങ്ങൾക്കു താഴെക്കാണും വിലാസത്തിലെഴുതുക:

Rev. Father Vicar, St. Teresa's Shrine
Mahe, N. Malabar

# എൻെറ യൂറോപ്പുപര്യടനം

(വെരി റവ. ഫാദർ വിക്ടർ സി. ഡി.)

V


## പോർത്തുഗലിലേക്ക

ഫാത്തിമാ ഇതിനുമുമ്പു ഞാൻ സന്ദർശിച്ചിട്ടില്ല. പോത്തുഗൽ രാജ്യവും എനിക്ക പുത്തരിയാണ്. അതുകൊണ്ടു പോത്തുഗൽ സന്ദർശിക്കുന്നതിനും ഫാത്തിമായിലേക്ക ഒരു തീർത്ഥാടനം നടത്തുന്നതിനും കൈവന്ന ഈ അവസരം ശരിക്കുപയോഗിക്കണമെന്നുതന്നെ ഞാൻ തീർച്ചപ്പെടുത്തി. മരിയവത്സരത്തിൽ എനിക്ക ലഭിച്ച ഈ സുഭഗാവസരം ഒരനുഗ്രഹമായി ഞാൻ പരിഗണിച്ചു. സ്പെയിനിൽ അമേരിക്കൻ സഹായത്തോടുകൂടി റെയിൽവേകൾ പരിഷ്കരിച്ചുവരുന്നുണ്ടെങ്കിലും ഇന്നും അവിടെ തീവണ്ടിയാത്ര വളരെ സമയമെടുക്കുന്ന ഒരേർപ്പാടാണ്. മാഡ്റിഡിൽനിന്നും ലിസ്ബണിലേക്കുള്ള 2:5 മൈൽ യാത്രചെയ്യുന്നതിനു 10 മണിക്കൂർ സമയം വേണം. അതുകൊണ്ടു വിമാനമാർഗ്ഗംതന്നെ യാത്രചെയ്യാമെന്നുവച്ചു.

മാഡ്റിഡിൽനിന്നു ഒന്നരമണിക്കൂർ സമയംകൊണ്ടു വിമാനമാർഗ്ഗം ഞാൻ ലിസ്ബണിലെത്തി. എൻെറ പര്യടനത്തിൽ ഞാൻ കണ്ടിട്ടുള്ളതിൽ ഏററം നവീനവും പരിഷ്കൃതവുമായ വിമാനത്താവളമാണു ലിസ്ബൺ എയർപോർട്ട്. അവിടത്തെ എല്ലാ സജ്ജീകരണങ്ങളും ഏററം അഭിനവവും വിശാലവും സുഖദായകവുമാണ്. അവിടത്തെ വിമാനത്താവളത്തിനും, ആപ്പീസ് ക്രമീകരണങ്ങൾക്കും, യാത്രക്കാരെ സൽക്കരിക്കുന്ന രീതികൾക്കും ഒരു പ്രത്യേക ചന്തമുണ്ട്. വിവിധരാജ്യക്കാരായ യാത്രക്കാരുടെ അഭിനന്ദനം പോർത്തുഗീസ് ഗവമ്മേണ്ടു തികച്ചും അർഹിക്കുന്നു. ഭംഗിയായി സജ്ജീകരിച്ചിട്ടുള്ള ഒരു വിമാനത്താവളം രാജ്യത്തിനു രാജ്യാന്തരപ്രശസ്തിയെ ആർജ്ജിക്കുവാൻ പററിയ ഒരുപാധിയാണെന്നു അവിടെവച്ച് എനിക്ക ബോദ്ധ്യമായി.

## ലിസ്ബൺനഗരം

ലിസ്ബണിൽ ഇറങ്ങിയിട്ടു ആദ്യത്തെ എൻെറ അന്വേഷണം എവിടെയാണ് ഒരു പററിയ താമസസ്ഥലം കണ്ടുകിട്ടുക എന്നതായിരുന്നു. വിദേശപര്യടനം വളരെ വ്യയഹേതുകമായ ഒരേർപ്പാടാണല്ലോ. വാഹനച്ചിലവല്ല കൂടുതൽ വരിക. ഓരോ നഗരങ്ങളിലും ഹോട്ടൽതാമസമാണ് ഗണ്യമായ സംഖ്യകൾ വിഴുങ്ങുക. ഈ ലോകത്തിൻെറ വസ്തുക്കൾ ഉപേക്ഷിക്കുന്നവക്ക ഈ ജീവിതത്തിൽത്തന്നെ നൂറിരട്ടി നൽകപ്പെടുമെന്നുള്ള സുവിശേഷോക്തി ഒരു സന്യാസിയായ എനിക്ക ധാരാളം അനുഭവപ്പെട്ടു. ഹോട്ടലുകളന്വേഷിച്ചു ചുററിത്തിരിയുന്നതിനു പകരം ഞാനൊരു ചെറിയ കമ്മലീത്താസന്യാസമന്ദിരം കണ്ടുപിടിച്ചു. അവിടെ വളരെ ചുരുങ്ങിയ ചിലവിൽ ഭക്ഷണവും താമസസൗകര്യങ്ങളും ലഭിച്ചെന്നു മാത്രമല്ല, സ്വസഹോദരതുല്യമായ പരിചരണങ്ങളും സുലഭമായി ലഭിച്ചു. സ്ഥലങ്ങളെല്ലാം സൗകര്യമായി കാണിച്ചുതരുന്നതിനു ഒരു ബ. വൈദികനെ ശ്രേഷ്ഠൻ എനിക്ക അനുവദിച്ചുതന്നു. അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചു ലിസ്ബൺ നഗരത്തിലുള്ള പ്രധാനസ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി ആദ്യം ഞങ്ങൾ പുറപ്പെട്ടു. പോത്തുഗലിൻെറ തലസ്ഥാനമായ ലിസ്ബൺ വളരെ മനോഹരമായ ഒരു നഗരമാണ്. ലോകത്തിലുള്ളതിൽ ഏററംമികച്ച തുറമുഖപട്ടണങ്ങളിൽ ഒന്നാണതു്. അതിൻെറ ചരിത്രപശ്ചാത്തലം എത്രയെത്ര മഹാസംഭവങ്ങളെയാണനുസ്മരിപ്പിക്കുന്നതു്. വിശ്വവിശ്രുതന്മാരായ സമുദ്രസഞ്ചാരികൾ അജ്ഞാതലോകങ്ങളെ കണ്ടുപിടിക്കുന്നതിനുവേണ്ടി വീരോചിതമായ അവരുടെ പ്രയാണം സമാരംഭിച്ചതു ഈ തുറമുഖത്തുനിന്നായിരുന്നു. ബെത്തലോമിയ ഡയസ്, ഗോമസ്, മഹലൻ, വാസ്ക്കോഡിഗാമ മുതലായവരുടെ പ്രശസ്തമായ ദിഗ്വിജയങ്ങൾ ആക്കാണ് അവഗണിക്കുവാൻ സാധിക്കുക 15-ം 16-ം നൂററാണ്ടുകളിൽ ഏഷ്യയിലും ആഫ്റിക്കായിലും അറിയപ്പെടാതെ കിടന്ന എത്രയെത്ര വിസ്തൃതഭൂവിഭാഗങ്ങൾ അവർ




ലിസ്ബണിലെ സെൻറ് ജെറോനിമോസ് ദേവാലയം. വാസ്ക്കോഡിഗാമായുടെ ശരീരാവശിഷ്ടം ഇതിൽ സൂക്ഷിക്കപ്പെടുന്നു

കണ്ടുപിടിച്ചു. ഒരു നവലോകംതന്നെയായ അമേരിക്കയുടെ കണ്ടുപിടുത്തം ആരെയാണ് അത്ഭുതസ്തബ്ധനാക്കാതിരിക്കുക. ദിഗ്വിജയത്തിൻെറ വിജയവൈജയന്തിയേന്തി സോല്ലാസം പരിലസിക്കുന്ന ലിസ്ബൺ നഗരത്തിൻെറ പ്രാഭവപ്രചുരിമ തിരതല്ലുന്ന അന്തരീക്ഷത്തിൽനിന്നുകൊണ്ടു ഈ തുറമുഖറാണിയുടെ പ്രാചീനചരിത്രത്തിലേക്ക ചിന്താതന്ത്രികളെ ഒന്നു മീട്ടിവിട്ടാൽ രോമാഞ്ചകഞ്ചുകിതമായ ആനന്ദാനുഭൂതിയിൽ അമരാതെ നിർവ്വാഹമില്ല, പ്രബുദ്ധനായ ഒരു മനുഷ്യനു്. ഇന്ത്യയിലേക്കുള്ള സുഗമവും എളുപ്പവുമായ സമുദ്രമാർഗ്ഗം കണ്ടുപിടിച്ച മഹാനായ വാസ്ക്കോഡിഗാമായുടെ ഭൗതികാവശിഷ്ടങ്ങൾ അദ്ദേഹത്തിൻെറ ആദ്യത്തെ കബറിടമായ കൊച്ചിയിലെ സാൻഫ്റാൻസിസ്കോ ദേവാലയത്തിൽനിന്നുകൊണ്ടുവന്നു സ്ഥാപിച്ചിട്ടുള്ള ലിസ്ബണിലെ ജെറോനിമോസ് പള്ളിയെ ഞാൻ സന്ദർശിച്ചു. ഭാരതഭൂമിയെ യൂറോപ്പുമായി സഗാഢം സംഘടിപ്പിച്ച ഈ മഹാൻെറ സ്മരണ ആരെയാണ് പുളകംകൊള്ളിക്കാത്തതു?

വിദേശസന്ദർശകരെ വളരെയേറെ ആകർഷിക്കുന്ന ഒരു മനോഹരകാഴ്ചയാണ് ലിസ്ബണിലെ കോസ്റ്റാഡെസോൾ. നഗരത്തിൻെറ പശ്ചിമഭാഗത്തുകൂടി 20 നാഴിക നീളത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്ന പോത്തുഗൽ റിവേരായുടെ തീരത്തുകൂടി സവാരിചെയ്താൽ അധുനാതനങ്ങളായ കടലോരഗ്രാമങ്ങളും, മത്സ്യബന്ധനഗ്രാമങ്ങളും, സമാകർഷകമായ വിശ്രമസങ്കേതങ്ങളും, മനോഹരമായ ഹോട്ടലുകളും, കളിസ്ഥലങ്ങളും, പാർക്കുകളും മററും മററും പ്രശാന്തമായ കടലോരത്തെ അഭിമുഖീകരിച്ചു സജ്ജീകരിച്ചിരിക്കുന്നതായി കാണാം. ഒരു ഭാഗത്തു രാജാക്കന്മാരില്ലാത്ത കൊട്ടാരങ്ങളും, വേറൊരുഭാഗത്തു കൊട്ടാരങ്ങളില്ലാത്ത രാജാക്കന്മാരും അവിടത്തെ ഒരു പ്രത്യേകതയാണെന്നു തോന്നുന്നു. ഇവിടെയാണ് ഇററലിയിലെ ഉംബേർട്ടോ രാജാവും, സ്പെയിനിലെ ഡോൺജ്വാൻ രാജാവും, ഫ്റാൻസിലെ സാങ്കല്പികരാജാവും എല്ലാം രാജകീയമല്ലെങ്കിലും സുഖസമൃദ്ധമായ ഓരോ മന്ദിരങ്ങളിൽ താമസിക്കുന്നതു്. പോത്തുഗലിലെതന്നെ കിരീടാവകാശിയെന്നഭിമാനിക്കുന്ന ഡോൺ ഡുആർട്ടെ നൂനോ ദെ ബ്രഗാൻസാ എന്നദ്ദേഹവും ഈ സാങ്കല്പിക രാജാക്കന്മാരുടെ ഗണത്തിൽ വാസമാക്കിയിരിക്കുകയാണ്. ആദ്യദിവസംതന്നെ ഈ സ്ഥലങ്ങളെല്ലാം ഞാൻ സന്ദർശിച്ചു.

## ഫാത്തിമാ

പോത്തുഗലിലേക്കുള്ള എൻെറ യാത്രയുടെ പ്രഥമോദ്ദേശം ഫാത്തിമാ സന്ദർശിക്കുന്നതിനായിരുന്നല്ലോ. അതുകൊണ്ടു രണ്ടാമത്തെ ദിവസം—മാർച്ച് 5-ംതീയതി—എൻെറ മാർഗ്ഗദർശിയായ ബ. വൈദികനുമൊരുമിച്ചു ഞാൻ ഫാത്തിമായിലേക്ക പുറപ്പെട്ടു. കാലത്തു 8-30നു റോസ്സിയോ തീവണ്ടിസ്റ്റേഷനിൽനിന്നു ഞങ്ങൾ വണ്ടി കയറുകയും 3 മണിക്കൂർ യാത്രചെയ്തു്, ഫാത്തിമായിൽനിന്നു 20 മൈലകലെയുള്ള ചാഓ ദെ മക്കാസ് എന്ന പട്ടണത്തിലെത്തുകയും ചെയ്തു. "ഫാത്തിമാ" എന്നുള്ള ബോർഡുവച്ച ബസ്സു തീർത്ഥകരെ സംവഹിക്കുവാൻ അവിടെ തയ്യാറായിനിന്നിരുന്നു. ഇടന്നുള്ള യാത്ര മുഴുവൻ യാതൊരു പരിഷ്കാരവും ഇനിയും എത്തിനോക്കിയിട്ടില്ലാത്ത മലംപ്രദേശങ്ങളിൽക്കൂടിയായിരുന്നു. അവസാനം ഞങ്ങൾ ഫാത്തിമായിലെ പുതിയ ബസ്സിലിക്കായുടെ സമീപത്തെത്തി. 1917-ൽ മൂന്നു ഇടയക്കുട്ടികൾക്ക ആറുപ്രാവശ്യം പരിശുദ്ധ കന്യകമറിയം പ്രത്യക്ഷപ്പെടുകയും ലോകത്തിനു രക്ഷാകരമായ സ്വർഗ്ഗീയദൗത്യം അവരെ അറിയിക്കുകയും ചെയ്ത ആ പുണ്യസ്ഥലത്തിനു വളരെ അടുത്താണ് മനോഹരമായ ഈ ബസ്സിലിക്കാ പണികഴിച്ചിട്ടുള്ളതു്. ദേവാലയത്തിൻെറ മുൻവശത്തായി അതിവിസ്തൃതമായ ഒ



ഫാത്തിമായിലെ മനോഹരമായ ബസ്സിലിക്കാ.
(അങ്കണത്തിലും പരിസരങ്ങളിലും തീർത്ഥകരെ കാണാം)

രങ്കണമുണ്ട്. ഞാൻ കണ്ടിട്ടുള്ളതിൽ ഏററം വിസ്തൃതമായ അങ്കണമാണതു് റോമിലെ സെൻറ് പീറേറഴ്സ് ബസ്സിലിക്കായുടെ അങ്കണത്തെക്കാൾ വലുതാണതു്. ഈ അങ്കണത്തിൻെറ ഒരു ഭാഗത്തായി കേവലം അപരിഷ്കൃതമെന്നു പറയത്തക്ക ഒരു ചെറിയ കപ്പേള സ്ഥിതിചെയ്യുന്നു. അതാണ് പരിശുദ്ധ ദൈവജനനി പ്രത്യക്ഷപ്പെട്ട പുണ്യസ്ഥാനം. പിറേറദിവസം ഈ പുണ്യതീർത്ഥത്തിൽ ഞാൻ ദിവ്യബലി അർപ്പിക്കുകയും വിവിധസ്ഥലങ്ങളിൽനിന്നു വന്നുകൂടിയിരുന്ന നിരവധി തീർത്ഥകർക്ക വിശുദ്ധ കർബാന എഴുന്നെള്ളിച്ചു കൊടുക്കുകയും ചെയ്തു.

അനുതപ്തമായ ഹൃദയവികാരങ്ങളോടുകൂടിയാണ് തീർത്ഥകർ ഫാത്തിമാസന്ദർശിക്കുന്നതു്. ചിന്താബോധവും നിശ്ചയദാർഢ്യവും പ്രസരിക്കുന്നതാണ് അവിടത്തെ അന്തരീക്ഷം. അതു ലൂർദ്ദിലേക്കാൾ ഗൗരവം നിറഞ്ഞതാണെന്നു പറയാം. അതെ, ആധുനികലോകത്തെ ആവരണം ചെയ്തിരിക്കുന്ന ആത്മീകാന്ധകാരത്തിൽനിന്നും കമ്മ്യൂണിസത്തിൻെറ ഭയാനകമായ ക്രൂരഗർജ്ജനങ്ങളിൽനിന്നും രക്ഷനേടുന്നതിനു ദിവ്യാംബികയുടെ നിർദ്ദേശമനുസരിച്ച് പ്രായശ്ചിത്തത്തിൻേറയും പ്രാർത്ഥനയുടേയും ചൈതന്യത്തിൽ ഓടിക്കൂടുന്ന ഒരു തീർത്ഥകവ്യൂഹത്തിൽ മറെറാരു മനോഭാവം പ്രതീക്ഷിക്കേണ്ടതില്ലല്ലോ ശക്തിയായ മഴയെ അവഗണിച്ചുകൊണ്ട് അന്നു രാത്രി മുഴുവൻ നനഞ്ഞുനിന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്ന അനേകശതം തീർത്ഥകർ ഈ യാഥാർത്ഥ്യത്തെയാണ് വിളിച്ചറിയിച്ചതു്. ഓരോ മാസത്തിലും പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട 13-ാം തീയതി തീർത്ഥകരുടെ സംഖ്യ വളരെ വലുതായിരിക്കും. എന്നാൽ മേയ് 13-ം ഒക്ടോബർ 13-ം അതിവിസ്തൃതമായ ആ അങ്കണം നിറഞ്ഞുകവിഞ്ഞൊഴുകുന്നതുപോലെ തീർത്ഥകലക്ഷങ്ങളെക്കൊണ്ട് അവിടമെല്ലാം തിങ്ങിക്കഴിയും.

## ഫാത്തിമായുടെ ചൈതന്യം

ഫാത്തിമായിൽ ദൈവാംബിക പ്രത്യക്ഷപ്പെട്ട സ്ഥലം പ്രകൃതിസുന്ദരമായ ഒന്നാണെന്നു പറയുന്നതു് അതിശയോക്തിയല്ല. ഏകാഗ്രതയോടുകൂടിയ പ്രാർത്ഥനയ്ക്കും തപസ്സിൻെറ അഭ്യസിക്കും ഏററം യോജിക്കുന്ന ഒരു സ്ഥലമാണതു്. ഇപ്പോൾ മനോഹരമായ ബസ്സിലിക്കായ്ക്കു ചുററുമായി പല മന്ദിരങ്ങളും അഭിനവരീതിയിൽ ഉയർന്നുവരുന്നുണ്ട്. അവിടം ഒരു ചെറിയ പട്ടണമായി പകരുകയാണ്. തീർത്ഥകസഞ്ചയത്തിൻെറ സൗകര്യത്തിനും അതാവശ്യമാണല്ലോ. പലപല ഹോട്ടലുകളും വിശ്രമമന്ദിരങ്ങളും അവിടെ സജ്ജീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഫാത്തിമായിൽതന്നെ ഇപ്പോൾ സന്യാസഭവനങ്ങളും കന്യാസ്ത്രീമഠങ്ങളുമായി 25 സ്ഥാപനങ്ങളുണ്ടെന്നാണ് ഞാനന്വേഷിച്ചതിൽ മനസ്സിലായതു്

ഈ പുണ്യതീർത്ഥത്തിൽ ധാരാളം അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നു പ്രത്യേകം പറയേണ്ടല്ലോ. ആ സ്ഥലത്തുവച്ചുതന്നെ നടന്നിട്ടുള്ളതും വിദഗ്ദ്ധപരിശോധനയിൽ അത്ഭുതങ്ങളായി അഭിപ്രായപ്പെട്ടിട്ടുള്ളതുമായ പ്രധാന സംഭവങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് അവിടെ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഫാത്തിമായിലെ ഏററം വലിയ അത്ഭുതമായി എനിക്ക തോന്നിയതു് അവിടത്തെ തീവ്രമായ ഭക്തിപ്രചുരിമയാണ്. ഫാത്തിമായിലെ ആദ്ധ്യാത്മികമായ ഈ അത്ഭുതം പോത്തുഗൽ രാജ്യത്തെത്തന്നെ ഒന്നാമതായി നവചൈതന്യമുള്ള


പണ്ടത്തെ 5ക. = ഇന്നത്തെ 50ക.

ഇന്നത്തെ 50ക. ക്ക് 500 ക. വിലവരുന്ന കാലം വിദൂരമല്ലാ. ഉല്പന്നങ്ങളുടെ വിലയിടിവ് ഇതിൻെറ ഒരു നാന്ദിയാണ്. കൈവശമുള്ള പണം പണമായിട്ടുതന്നെ സൂക്ഷിക്കുന്നതാണ് ഇന്നു് ഏററവും ആദായകരം.

— എന്നാൽ —

പണം സ്വയം സൂക്ഷിക്കുന്നതു് സുരക്ഷിതമല്ലാ.
അതു് രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിയെ തടയുകയുംചെയ്യും.
നിങ്ങളുടെ നിക്ഷേപങ്ങൾക്കു്

ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

അവിടെ നിങ്ങളുടെ ധനം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കും.
അതു് നാടിൻെറ സാമ്പത്തികാഭിവൃദ്ധിയെ സഹായിക്കുകയും ചെയ്യും.

പലിശനിരക്ക്:

| | | | | |
|---|---|---|---|---|
| കറൻറ് ഡെപ്പോസിററ് | 1½% | 1 | വർഷത്തെ സ്ഥിരനിക്ഷേപം | 4½% |
| സേവിംഗ്സ് ബാങ്ക് " | 3 % | 2 | " " | 5 % |
| 15 ദിവസത്തെ നോട്ടീസ് " | 4 % | 3 | " " | 5½% |

ബ്രാഞ്ചുകൾ:- ആലുവാ, അങ്കമാലി, എറണാകുളം, പെരുമ്പാവൂർ, ചാലക്കുടി.

K. P. HORMIS B. A., B. L., M. L. A.
Managing Director

താക്കിയിരിക്കുന്നു. 37 കൊല്ലം മുമ്പുണ്ടായിരുന്ന നിരീശ്വരപരവും മതവിരുദ്ധവുമായ മനോഭാവം ഇന്നവിടെ കാണ്മാനില്ല. മതവിരുദ്ധവും വൈദികവിരുദ്ധവുമായ അഭിപ്രായഗതികളുള്ള യാതൊരു വ്യക്തിയും അവിടെ ശേഷിച്ചിട്ടില്ല എന്നല്ല ഇതിന്നർത്ഥം. അങ്ങനെയുള്ള ആദർശങ്ങൾ മിക്കവാറും തിരോഭവിച്ചുകൊണ്ടിരിക്കുകയാണ്. പരിശുദ്ധ കന്യകമറിയത്തിന്റെ ഫാത്തിമാ സന്ദേശം സാമാന്യജനങ്ങളെ കൂടുതൽ കൂടുതലായി പ്രാർത്ഥനയിലേക്കും, തപസ്സിലേക്കും, തീർത്ഥാടനത്തിനായും പ്രോത്സാഹിപ്പിച്ചു. ജനത നൂറുനൂറായും, ആയിരമായിരമായും, ലക്ഷോപലക്ഷമായും ഫാത്തിമാ തീർത്ഥത്തിൽ തടിച്ചുകൂടി അവർ വെറും സന്ദർശകരായിട്ടല്ല വന്നുകൂടിയതു്. തപസ്സിന്റെ ആന്തരികമായ പ്രചോദനമായിരുന്നു അവരുടെ പ്രേരണ. വിശ്വാസം മിക്കവാറും നശിച്ചിരുന്ന ആ രാജ്യത്തിൽ ഫാത്തിമാ സന്ദേശം ജനലക്ഷങ്ങളെ ദൈവവിശ്വാസത്തിലേക്കും ഭക്തജീവിതത്തിലേക്കും സമാകർഷിച്ചു എന്നതാണ് അവിടത്തെ ആദ്ധ്യാത്മികമായ അത്ഭുതപ്രകടനം.

### മാതാവിനെകണ്ട ലൂസിയാ

ബസ്ലിക്കായിൽ പ്രാർത്ഥനാകർമ്മങ്ങളെല്ലാം നടത്തിയതിനുശേഷം മാതാവിന്റെ ദർശനഭാഗ്യം സിദ്ധിച്ച ഫ്രാൻസിസ്, ജസീന്ത, ലൂസിയ എന്നിവരുടെ വൃദ്ധമാതാപിതാക്കളെ കാണാൻ ഞങ്ങൾ പോയി. ഒരു ചെറിയ വീട്. വെള്ളപൂശിയ ചുമരുകൾ ആകപ്പാടെ വളരെ ദരിദ്രം എന്നു പറയാൻ വിരോധമില്ല. എങ്കിലും എല്ലാസമയത്തും അവിടെ ധാരാളം സന്ദർശകരുണ്ട്, സ്ഥലം കാണുന്നതിനും കുടുംബാംഗങ്ങളുമായി പരിചയപ്പെടുന്നതിനും. ഞങ്ങൾ അവിടെ എത്തിയപ്പോൾ അമേരിക്കാക്കാരായ ഒരു ഗണം സ്ത്രീകൾ അവിടെ ഉണ്ടായിരുന്നു. അവർക്കു സ്ഥലത്തിന്റെയും കുടുംബാംഗങ്ങളുടെയും ഫോട്ടോകൾ എടുക്കുന്നതിനുള്ള ബദ്ധപ്പാടാണ്. മാതാവിനെ ദർശിച്ച മൂന്നു കുട്ടികളിൽ ഇനി ലൂസിയാമാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ. മററു രണ്ടുപേരും നേരത്തെ മരിച്ചു. അവരുടെ ശരീരാവശിഷ്ടങ്ങൾ ബസ്ലിക്കായിൽ പ്രത്യേകകല്ലറകളിൽ സൂക്ഷിച്ചിരിക്കുന്നു. ലൂസിയാക്കു മരിയ എന്നു പേരായ ഒരു സഹോദരിയുണ്ട് അവൾ വയലിൽ എന്തോ ജോലിയിലായിരുന്നു, ഞങ്ങൾ ചെന്നപ്പോൾ. ഞാൻ അവളോടു സംസാരിക്കുകയും അവളുടെ സഹോദരി ലൂസിയായെ കാണുന്നുണ്ട് എന്നു പറയുകയും ചെയ്തു. ലൂസിയാ ഇപ്പോൾ കോയിംബ്രായിലുള്ള ഒരു കർമ്മലകന്യകാലയത്തിൽ ഒരു കമ്മലീത്താസന്യാസിനിയായി ജീവിക്കുകയാണല്ലോ.

പിറേറദിവസം ഞങ്ങൾ കോയിംബ്രായിലേക്കു പോയി മേലധികാരികളുടെ അനുവാദങ്ങളെല്ലാം വാങ്ങി ഞാൻ സഹോദരി ലൂസിയായെ കണ്ടു. അവൾക്ക് ഇപ്പോൾ ഉദ്ദേശം 47 വയസ്സു പ്രായമുണ്ട്. പരിശുദ്ധ കന്യകാമറിയം അവരെ ഭരമേല്പിച്ചിരിക്കുന്ന രഹസ്യസന്ദേശം ലോകം ഇനിയും പാർത്തുകൊണ്ടിരിക്കുകയാണല്ലോ ആ സന്യാസിനിയോട് ഫാത്തിമായെ സംബന്ധിച്ച പല കാര്യങ്ങളും ഞാൻ സംസാരിച്ചു. ഉചിതമല്ലാത്തതുകൊണ്ട് രഹസ്യസന്ദേശത്തെപ്പററി ഒന്നും പറഞ്ഞില്ല. ലൂസിയാ മാതൃകായോഗ്യയായ ഒരു കമ്മലീത്താ കന്യാസ്ത്രീയാണ്. അവരെ സന്ദർശിക്കുന്നതിനു കമ്മലീത്താസഭയുടെ പ്രൊവിൻഷ്യാളിന്റെയും സ്ഥലത്തെ നൺഷിയോയുടെയും അനുമതി നേരത്തെ സിദ്ധിച്ചിരിക്കണം. സിസ്റ്റർ ലൂസിയായെ സംബന്ധിച്ച അമേരിക്കാ മുതലായ വിദൂരസ്ഥലങ്ങളിൽനിന്നു വന്നുകൊണ്ടിരിക്കുന്ന കത്തുകൾക്കു മറുപടി അയക്കാൻ ഇപ്പോൾ നാലു ക്ലാർക്കുകൾ മുടങ്ങാതെ ജോലിചെയ്യുകയാണെന്നു അവിടത്തെ മദർസുപ്പീരിയർ സംഭാഷണമദ്ധ്യേ പ്രസ്താവിച്ചു. ഫാത്തിമായിൽ 1917-ൽ ആരംഭിച്ച ആ സാഗ്ഗീയപ്രവത്തനം ലോകത്തെ ഉദ്ധരിക്കുന്നതിൽ തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നു വിശ്വസിക്കാം.

---

(11-ാം പേജ് തുടർച്ച)

ഞ്ഞു തൊഴിലാളിദിനത്തിനുവേണ്ടി ആദ്യം സ്വരമുയർത്തിയ മഗവീർപ്രഭൃതികൾ, ഇത്രനല്ലൊരവസ്ഥ സ്വപ്നം കണ്ടുകാണുകപോലുമില്ല. തൊഴിലാളികളുടെ ക്ലേശങ്ങളും, മുതലാളികളുടെ ക്രൂരതയും വർദ്ധിച്ചു വർദ്ധിച്ച് ഒടുവിലൊരു വമ്പിച്ച സംഘട്ടനത്തിലെത്തുമെന്നു പ്രവചിച്ച മാർക്സിന്റെ ദീർഘദർശനങ്ങൾ അവിടെ അക്ഷരംപ്രതി ഖണ്ഡിക്കപ്പെടുകയാണ്.

അമേരിക്കൻ തൊഴിലാളിജനത സ്വന്തം നേട്ടങ്ങളെക്കുറിച്ചു തികഞ്ഞ അഭിമാനത്തോടെ ഈ തൊഴിലാളിദിനം ആഘോഷിക്കുമ്പോൾ വളർന്നുകൊണ്ടിരിക്കുന്ന ഒരു ഉൽക്കണ്ഠ അവരെ അലട്ടുന്നുണ്ടായിരിക്കണം. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ന്യായമായ അവകാശങ്ങൾപോലും സ്ഥാപിച്ചുകിട്ടാതെ വഴിപിഴച്ച നേതൃത്വത്തിനു പിമ്പേ പാഞ്ഞുപോകുന്ന തൊഴിലാളികളെക്കുറിച്ച് അവർ ചിന്തിക്കാതിരിക്കയില്ല. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉപകരണങ്ങളായി വർത്തിക്കാൻ നിർബന്ധിതരും, കൂട്ടമായി വിലപേശാൻ സ്വാതന്ത്ര്യമില്ലാത്തവരും പണിമുടക്കാനുള്ള അവകാശം ശിക്ഷയിൻകീഴ് നിഷേധിക്കപ്പെട്ടവരും, പാർട്ടിയുടെ ഇംഗിതങ്ങൾക്ക് കീഴ്പ്പെടാഞ്ഞാൽ കാരാഗൃഹത്തിലേക്കും നിർബന്ധിതവേലയുടെ പാളയങ്ങളിലേക്കും തള്ളപ്പെടുന്നവരുമായ തൊഴിലാളികളെപ്പററി പ്രത്യേകിച്ചും അവർ തീർച്ചയായും ചിന്തിക്കുന്നുണ്ട്. ഇതിനു തെളിവ് അമേരിക്കയിലെ നൂറുലക്ഷത്തോളം അംഗങ്ങളുള്ള സ്വതന്ത്രതൊഴിലാളി മഹാസംഘടനയായ ഏ. എഫ്. എൽ. ന്റെ പ്രസിഡണ്ടു ഇക്കഴിഞ്ഞ തൊഴിലാളിദിനത്തിൽ പുറപ്പെടുവിച്ച പ്രസ്താവനതന്നെ. അതു ഇത്തവണത്തെ പ്രസാധകക്കുറിപ്പിൽ ഞങ്ങൾ ചേർത്തിട്ടുണ്ട്.

---

ആദ്ധ്യാത്മികവീഥി 31


## എന്റെ മിത്രം

ദൈവത്തിന്റെ വത്സലമക്കളേ,

ഞാൻ കുറെമുമ്പ് "ആ ചെറുഗണം" എന്നൊരു പുസ്തകത്തെക്കുറിച്ചു എഴുതിയിരുന്നല്ലോ. അതു പലരും വാങ്ങിച്ചതായി അറിയാം. അവരിൽ ഒരാൾപോലും ഞാൻ അതിവർണ്ണനചെയ്തതായി പറയുകില്ലെന്നും എനിക്കു ധൈര്യമുണ്ട്.

മറെറാരുവിധത്തിൽ അതുപോലെതന്നെ ഉപകാരപ്രദമായ വേറൊരു പുസ്തകം ഇന്നു നിങ്ങൾക്കു പരിചയപ്പെടുത്തിത്തരാം. മിക്ക പുസ്തകക്കച്ചവടക്കാരുടെയും പക്കൽ അതുണ്ട്. പക്ഷെ ചെലവു വളരെ കുറവാണെന്നാണ് അവർ പറയുന്നതു്. അതിനൊരു കാരണം അതിന്റെ പേരാണെന്നു തോന്നുന്നു. "എന്റെ മിത്രം" എന്ന പേരു കാണുമ്പോൾ തന്നെ മിത്രങ്ങളെക്കുറിച്ചുള്ള അനുഭവത്തിൽനിന്നായിരിക്കാം, അതിൽ കഥയായിട്ടൊന്നുമില്ലെന്നു ഒരു ധാരണയുണ്ടാകുന്നു.

എന്നാൽ വാസ്തവത്തിൽ വിജ്ഞാനപ്രദങ്ങളായ നിരവധി സംഗതികളുടെ ഒരു സമാഹാരമാണ് ആ പുസ്തകത്തിന്റെ ഉള്ളടക്കം. "മതപരവിജ്ഞാനഭണ്ഡാഗാരം" എന്നു പേരുകൊടുത്തിരുന്നെങ്കിൽ അതു തികച്ചും അന്വർത്ഥമായിരുന്നേനെ ഇതു എന്റെ അഭിപ്രായം മാത്രമല്ല. "നടയ്ക്കലച്ചന്റെ മിത്രം ഒരു വിജ്ഞാനഭണ്ഡാഗാരമാണ്". സ്കൂൾ വിദ്യാർത്ഥികൾക്കു ഒരു പാഠപുസ്തകംപോലെയും, യുവാക്കൾക്കു ഒരുത്തമമിത്രമായും, വൈദികർക്കും കന്യാസ്ത്രീകൾക്കും ഒരു മാർഗ്ഗദർശിയായും എല്ലാവർക്കും പ്രയോജനപ്രദമായ ഒരു ഗ്രന്ഥമായും അതു അനുഭവപ്പെടുമെന്ന് അതിശയോക്തി സ്പർശംകൂടാതെ ആരും അഭിപ്രായപ്പെടുമെന്നു തോന്നുന്നു" എന്നു റവ. ഫാദർ തോമസ് മൂത്തേടൻ എം. എ ഡി. ഡി യും, "ആർക്കും കൈയിൽ സൂക്ഷിക്കാവുന്ന ഒരു ചെറിയ എൻസൈക്ലോപ്പീഡിയാ ആണിതെന്നു പറയാം" എന്നു വെരി റവ. ഫാദർ എൽ. ജെ. ചീറാൻ, പി



Thanks for favours received

A Firm Believer, Mala

---

എച്ച്. ഡി. ഡി. ഡി. യും അഭിപ്രായപ്പെടുന്നു.

വലിയ സർവ്വകലാശാലാബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ള അഭ്യസ്തവിദ്യർക്കുപോലും മതപരമായി അവശ്യം അറിഞ്ഞിരിക്കേണ്ട പല സംഗതികളെ സംബന്ധിച്ചും ശരിയായ ജ്ഞാനമില്ലെന്നുള്ളതു ശോചനീയമായ ഒരു സത്യമാണ്. എന്നാൽ യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുന്നതിനു എളിമ, പരസ്നേഹം, പരിത്യാഗം, സഹനം, മിഷൻപ്രവർത്തനം, ബന്ധവിമോചനം മുതലായവയെക്കുറിച്ചുള്ള പ്രായോഗികജ്ഞാനം അത്യന്താപേക്ഷിതമത്രെ. ബ: നടയ്ക്കലച്ചന്റെ "എന്റെ മിത്രം" എന്ന ഗ്രന്ഥത്തിൽ ഇവയെപ്പററിയെല്ലാം പ്രതിപാദിക്കുന്നുണ്ട്. കൂടാതെ ഉത്തരീയങ്ങൾ, ജപമാല, സൊഡാലിററി, ജപാപ്പസ്തോലസഖ്യം, ലീജിയൻ ഓഫ് മേരി, സെൻറ്. വിൻസെൻറ് ഡി പോൾ സഖ്യം, പൊന്തിഫിക്കൽ വേദപ്രചാരസഹായ സംഘം മുതലായ അനേകം സഖ്യങ്ങളുടെ വിവരണവും നിയമാവലിയും, ചുരുക്കമായിട്ടെങ്കിലും കൃത്യമായി അതിൽ ചേർത്തിട്ടുണ്ട്. കുട്ടികൾ അവശ്യം അറിഞ്ഞനു

---

### സൗജന്യവിതരണഫണ്ട്

(എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ തിരുനാൾ പ്രമാണിച്ചു സമപ്പിക്കപ്പെട്ട ത്യാഗപ്പെട്ടികളിലെ വരവിൽനിന്നു)

| | |
|---|---|
| റവ. ഫാ. പോൾ ക. ണ. പ. ഏ. ജോർജ്ജ് | 30-0-0 |
| റവ. ഫാ ജോസഫ് വി. ചിറമേൽ | 20-0-0 |
| റവ. ഫാ. ജോൺ പുത്തങ്കേരി ആലങ്ങാട്ടു പള്ളി | 10-0 0 |
| ആലുവാപള്ളി അൾത്താരബാലസംഘം | 6-8-0 |
| പാണാവള്ളിപള്ളി സൊഡാലിററിക്കാർ | 2-8-0 |
| ചുണങ്ങംവേലി ഇടവകയിലെ കുട്ടികൾ | 6-8-0 |
| കുലശേഖരമംഗലംപള്ളി സൊഡാലിററി | 3-1-6 |
| മഞ്ഞപ്ര ഡിസ്പെൻസറിയിലെ രോഗികൾ | 9-8-0 |
| പേരു വെളിപ്പെടുത്താത്ത ദാതാവു | 50-0-0 |

---

ഷ്ഠിക്കേണ്ട സദാചാരനിയമങ്ങൾക്കുപോലും ഈ ഗ്രന്ഥത്തിൽ ഒരു സ്ഥാനമുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

"എന്റെ മിത്രം" എത്ര ഉപകാരപ്രദമായ ഒരു ഗ്രന്ഥമാണെന്നു നിങ്ങൾതന്നെ നേരിട്ടു മനസ്സിലാക്കുന്നതിനായി അതിൽനിന്നു ചില ഭാഗങ്ങൾ അടുത്ത ലക്കത്തിൽ ഉദ്ധരിക്കാമെന്നു കരുതുന്നു.

സാമാന്യം നല്ല കടലാസിൽ അടിച്ചിട്ടുള്ളതും 250-ൽപരം പേജ് വരുന്നതുമായ ഈ പുസ്തകത്തിനു ഒരു രൂപാ മാത്രമേ വിലയുള്ളു. മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിലാണ് അതു അടിച്ചിട്ടുള്ളതു്.

ശേഷം അടുത്തതിൽ

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

---

### കൃതജ്ഞത

വി. ഫിലോമിനാപുണ്യവതിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

ത്രേസ്യാമ്മ ആഗസ്തി
ഉരുത്തിപ്പിള്ളിയിൽ, കടയത്തൂർ

---

വളരെ പഴക്കമുള്ളതും അനേകം ചികിത്സകൾ ചെയ്തിട്ടും സുഖപ്പെടാത്തതുമായ സുഖക്കേടിനു കാഞ്ഞൂർപള്ളിയിൽ വി. സെബസ്ത്യാനോസു പുണ്യവാളന്റെ സഹായത്താൽ സുഖപ്രാപ്തിയുണ്ടായതിനു് ഉപകാരസ്മരണ.


ജോസഫ് മറിയാമ്മ കാട്ടുമന
വൈക്കം

---

### കൃതജ്ഞത

വിശുദ്ധ പത്താംപീയൂസിന്റെ മാദ്ധ്യസ്ഥതാൽ എന്റെ സുഖക്കേടു മാറിയതിനു് ഉപകാരസ്മരണ.

Sr. Karithas, Puthenchira

വിമർശനവീഥി

# തൊഴിലാളിദിനം സ്വതന്ത്രരാഷ്ട്രത്തിലെ ഉത്സവം

## തൊഴിലാളിദിനസ്ഥാപകന്മാർ 1882-ൽ സ്വപ്നേപി പ്രതീക്ഷിക്കാത്ത ആശ്ചര്യകരമായ നേട്ടങ്ങൾ ഇന്നു കൈവന്നിരിക്കുന്നു

യാതൊരു രാഷ്ട്രീയപാർട്ടിക്കും വിധേയമല്ലാത്ത, കൂട്ടവില പേശലിനു് പൂർണ്ണസ്വാതന്ത്ര്യമുള്ള തൊഴിലാളിസംഘടനകളുടെ അംഗത്വം കഴിഞ്ഞ 20 കൊല്ലങ്ങൾക്കുള്ളിൽ 3,000,000-ൽനിന്നു് 17,000,000 ആയി വർദ്ധിച്ചു

**ആ ഇരുപതുകൊല്ലത്തിനുള്ളിൽ ഒരു ഫാക്ടറി തൊഴിലാളിയുടെ ശരാശരി കൂലി ആഴ്ചയിൽ 17 ഡോളറിൽ (80 രൂപ) നിന്നു് 70 ഡോളർ (335 രൂപ) ആയി വർദ്ധിച്ചു**

തൊഴിലാളിദിനമെന്നു കേൾക്കുമ്പോൾ ആദ്യമായി നമ്മുടെ സ്മരണയിൽ വരുന്നതു് കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള തൊഴിലാളികൾ നിലവിലുള്ള ഗവർമ്മെന്റിനെതിരായി രാജ്യവ്യാപകമായ പ്രകടനങ്ങൾ നടത്താനുപയോഗിക്കുന്ന "മേയ്ദിനം" പോലുള്ള ദിനങ്ങളാണു്. തൊഴിലാളികളുടെ അവകാശങ്ങളെയും ഗവർമ്മെന്റിന്റെ കടമകളെയും മാത്രമനുസ്മരിപ്പിക്കുന്ന പ്രകോപനപരമായ പ്രസംഗങ്ങളും, ആവേശഭരിതമായ പ്രകടനങ്ങളും ചുവപ്പുകൊടികൾ പിടിച്ചുള്ള ഘോഷയാത്രകളുമൊക്കെയാണു് മേയ് 1-ാംതീയതി നാം കാണുന്നതു്. ഇക്കാരണത്താൽ, ഗവമ്മെന്റും തൊഴിലാളികളും ഏകോപിച്ചു് രാജ്യത്തിന്റെ പൊതുനന്മയെ ലാക്കാക്കി ഒരു തൊഴിലാളിദിനം കൊണ്ടാടുകയെന്നതു് നമുക്കു സങ്കല്പിക്കാൻപോലും പ്രയാസമായിരിക്കുന്നു. അങ്ങനെയുള്ളൊരു തൊഴിലാളിദിനാചരണം ഒരു രാഷ്ട്രത്തിനു് എത്രമാത്രം ആരോഗ്യകരമായിരിക്കുമെന്നു പറഞ്ഞറിയിക്കേണ്ടതില്ല. ഏതാണ്ടു് 73 കൊല്ലക്കാലമായി അമേരിക്കയിൽ ആഘോഷിക്കപ്പെട്ടുവരുന്ന തൊഴിലാളിദിനംതന്നെയാണു് അതിനുത്തമോദാഹരണം.

### തൊഴിലാളികൾക്കു് ഒഴിവുദിവസം

സെപ്റ്റംബർ ആറാംതീയതി തിങ്കളാഴ്ചയാണു് അവർ ഇക്കൊല്ലത്തെ തൊഴിലാളിദിനം കൊണ്ടാടിയതു്. എല്ലാക്കൊല്ലവും സെപ്റ്റംബർ മാസത്തിലെ ആദ്യത്തെ തിങ്കളാഴ്ച, രാഷ്ട്രത്തിലെ തൊഴിലാളിജനതയുടെ പ്രത്യേക ബഹുമാനാർത്ഥം വിനിയോഗിക്കപ്പെട്ടുവരുന്നു.

അന്നു് തൊഴിലാളികൾക്കു മാത്രമുള്ള ഒരു ഒഴിവുദിവസമാണെന്നു പറഞ്ഞാൽ അതു മുഴുവൻ ശരിയായിരിക്കുകയില്ല. തൊഴിലാളികളും മുതലാളികളും ഏകോപിച്ചു് തൊഴിലാളിദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നു. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെങ്ങും ഒരു വിശേഷദിവസത്തിന്റെ പ്രതീതിയാണന്നു്. ഓഫീസുകളും, ഫാക്ടറികളും, സംഭരണശാലകളുമെല്ലാം അന്നേദിനം അടച്ചിട്ടിരിക്കും. ഓരോ ജീവിതവൃത്തികളിലേപ്പെട്ട രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കഴിഞ്ഞുകൂടുന്ന ആളുകളെല്ലാം വലിയ പട്ടണങ്ങളിലും ഗ്രാമത്തിന്റെ പ്രധാനഭാഗങ്ങളിലും തടിച്ചുകൂടി പ്രകടനങ്ങൾ നടത്തുകയും, പൊതുയോഗം ചേരുകയും, വിനോദയാത്ര പുറപ്പെടുകയും ചെയ്യുക പതിവാണു്. ദേവാലയങ്ങളിലന്നു് പ്രത്യേക പ്രാർത്ഥനകളും തിരുക്കർമ്മങ്ങളും പ്രസംഗങ്ങളുമുണ്ടായിരിക്കും; എല്ലാം തൊഴിലാളികളുടെ നന്മയ്ക്കും മേന്മയ്ക്കുംവേണ്ടി.

എന്നാൽ സമരാസക്തരായ തൊഴിലാളികളുടെ സൈനികരീതിയിലുള്ള ഘോഷയാത്രകളോ, അവകാശങ്ങൾ പിടിച്ചുപറയുമെന്ന മുദ്രാവാക്യങ്ങളോ നമുക്കവിടെയെങ്ങും കാണാനിടയാവുകയില്ല. അമേരിക്കയിലെ തൊഴിലാളികൾ ഒരിക്കലും തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചിരുന്നില്ലെന്നു് ഇതുകൊണ്ടു് അർത്ഥമാക്കരുതു്. 1882-ലെ പ്രഥമതൊഴിലാളിദിനത്തിലും, പിന്നെ കുറെക്കാലം തുടർച്ചയായും രാഷ്ട്രത്തിന്റെ ക്രമപ്രവൃദ്ധമായ വ്യാവസായികവ്യവസ്ഥിതിയിൽ തങ്ങളുടെ ന്യായമായ അവകാശങ്ങൾ ഉറപ്പിക്കുന്നതിനുവേണ്ടി അവിടത്തെ തൊഴിലാളികൾ ശബ്ദമുയർത്തിയിട്ടുണ്ടു്. തങ്ങളുടെയും കുടുംബങ്ങളുടെയും ഭാവിജീവിതം സുരക്ഷിതമാക്കാനും വളരെ മെച്ചമായ ഒരു ജീവിതത്തോതുള്ള കൈവരുത്താനുംവേണ്ടി അവരെ സംഘടിപ്പിച്ചു നേതൃത്വം നൽകിയ ആ ധീരനേതാക്കന്മാരെ അവർ ഈ ദിനത്തിൽ സ്മരിക്കുന്നുണ്ടു്. രാഷ്ട്രത്തിന്റെ പൊതുജീവിതത്തിലും ഭരണകൂടത്തിലും തൊഴിലാളികൾക്കു് അവഗണിക്കപ്പെടാൻ പാടില്ലാത്ത ഒരു സ്ഥാനം നേടിക്കൊടുത്തവരെന്ന നിലയിൽ ആ നേതാക്കന്മാർ സ്മരിക്കപ്പെടേണ്ടവർതന്നെ.

നിയമാനുസൃതമാർഗ്ഗങ്ങളിലൂടെ അവർ സമ്പാദിച്ച ഈ വമ്പിച്ച നേട്ടങ്ങൾ സ്ഥിരപ്പെടുത്തുന്നതിനും കൂടുതൽ കൂടുതൽ നേടുന്നതിനുംവേണ്ടിയുള്ള ആഗ്രഹമാണു് തൊഴിലാളിദിനം രാജ്യവ്യാപകമായ ഒരു മഹോത്സവമായി കൊണ്ടാടുന്നതിനു് അവരെ പ്രേരിപ്പിക്കുന്നതു്; ആഹ്ലാദകരമായ ഒരു ഒഴിവുദിവസം!

### തൊഴിലാളിദിനത്തിന്റെ ചരിത്രം

1882-ലാണു് അതാരംഭിക്കുന്നതു്. അന്നു് കാർപ്പൻറേഴ്സ് (മരപ്പണിത്തൊഴിലാളി) യൂണിയൻ നേതാവായിരുന്ന പീറ്റർ ജെ. മഗ്വയർ, ന്യൂയോക്കു് സെൻട്രൽ ലേബർ യൂണിയന്റെ മുമ്പിൽ ഒരു തൊഴിലാളിദിനപ്രശ്നവുമായി പ്രത്യക്ഷപ്പെട്ടു. ആണ്ടിലൊരുദിവസം തൊഴിലാളികൾക്കു മുഴുവൻ ഒരു പൊതുഒഴിവുദിവസമായി അനുവദിച്ചുകിട്ടേണ്ടതാണെന്നു് അദ്ദേഹം വാദിച്ചു. തൊഴിലാളികൾ എല്ലാ രാഷ്ട്രങ്ങളുടെയും അതിപ്രധാനഘടകമാണെന്നും അവരുടെ സംഘടനകൾക്കു ശക്തിയും ചൈതന്യവും നൽകുന്നതിനുവേണ്ടി ഇങ്ങനെയൊരു പൊതുദിനം ആവശ്യമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

1882 സെപ്റ്റംബർ 5-ാംനു് അങ്ങനെ ന്യൂയോക്കുനഗരത്തിലെ പ്രഥമ തൊഴിലാളിദിനം ആഘോഷിക്കപ്പെട്ടു. പതിനായിരത്തിലധികം ട്രെയ്ഡ്യൂണിയൻ തൊഴിലാളികൾ പ്ലാക്കാർഡുകൾ പിടിച്ചു് ഗാനങ്ങളുമാലപിച്ചുകൊണ്ടു് പ്രസിദ്ധമായ ബ്രോഡ്‌വേയിൽ പ്രകടനം നടത്തി.

തൊഴിലാളികൾക്കുവേണ്ടി ഒരു ദേശീയ ഒഴിവുദിവസം ന്യായമായി നീക്കിവയ്ക്കപ്പെടണമെന്ന പ്രശ്നം അധികാരികളുടെ ശ്രദ്ധയിൽപെട്ടു. പിന്നീടു് അഞ്ചുവർഷത്തിനുശേഷം 1887-ൽ "ഒറെഗോൺ"സംസ്ഥാനത്തു് ഇതുസംബന്ധിച്ചു് ഒരു നിയമം പാസ്സാക്കി. ആണ്ടുതോറും സെപ്റ്റംബർമാസത്തിൽ ആദ്യത്തെ തിങ്കളാഴ്ച "തൊഴിലാളിദിനം" എന്നറിയപ്പെടുന്ന ഒരു പൊതുഒഴിവുദിവസമായിരിക്കുമെന്നതായിരുന്നു പ്രസ്തുത നിയമത്തിന്റെ സാരം.

മററു സംസ്ഥാനങ്ങളും ഓരോന്നായി ഈ മാതൃക അനുകരിക്കുകയും, 1894-ൽ ഐക്യസംസ്ഥാനകോൺഗ്രസ്സുതന്നെ തൊഴിലാളിദിനത്തെ ഒരു ദേശീയ ഒഴിവുദിവസമായി പ്രഖ്യാപിക്കുകയും ചെയ്തു.

### നേട്ടങ്ങൾ ആശ്ചര്യകരം

ഐക്യസംസ്ഥാനങ്ങളിലെ സുസംഘടിതമായ തൊഴിലാളിപ്രസ്ഥാനം ഈ ആഹ്ലാദദിനത്തെ എങ്ങനെ ഗുണകരമായി വിനിയോഗിക്കുന്നുവെന്നറിഞ്ഞിരിക്കുന്നതു നല്ലതാണു്. ഭൂതകാലത്തിലെ നേട്ടങ്ങളെല്ലാം അവർ കണക്കാക്കി തിട്ടപ്പെടുത്തുന്നു. അവയിലഭിമാനം കൊള്ളുന്നതോടൊപ്പം ഭാവിയിൽ കൂടുതൽ ഉന്നതമായ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനുള്ള പദ്ധതികളും അവർ അന്നുതന്നെ ആസൂത്രണം ചെയ്യുന്നു. പുതിയ അറിവുകളും, നിർദ്ദേശങ്ങളും അവർ പരസ്പരം കൈമാറുവാനുമുണ്ടായിരിക്കും. ഇന്നത്തെ തൊഴിലാളികളുടെ സ്ഥിതിഗതികൾ എന്തെല്ലാമാണെന്നു ചുരുക്കത്തിൽ വിവരിക്കാം:

യൂണിയനിൽ ചേരാനും അവ വഴിയായി കൂട്ടമായുള്ള വിലപേശൽ മുതലാളിമാരുമായി നടത്തുവാനും തൊഴിലാളികൾക്കുള്ള അവകാശം നിയമമുഷ്ടിയിൽ ഉറപ്പായി സ്ഥാപിക്കപ്പെടുകയും പ്രയോഗത്തിൽ അവിതർക്കിതമായി സ്വീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. തന്മൂലം ട്രേഡ്യൂണിയനുകളിലെ അംഗത്വം പണ്ടത്തേതിൽനിന്നു് അഞ്ചിരട്ടിയായി തീർന്നിട്ടുണ്ടു്. അംഗങ്ങളുടെ സംഖ്യ കഴിഞ്ഞ 20 കൊല്ലങ്ങൾക്കുള്ളിൽ 3000,000ത്തിൽനിന്നു് 17,000,000 ആയി വർദ്ധിച്ചു. ഇപ്പോഴും അതു് വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

കഴിഞ്ഞ രണ്ടു ദശവർഷങ്ങളിൽ കൂലിസംബന്ധമായും മററും തൊഴിലാളികൾക്കുണ്ടായ നേട്ടങ്ങൾ ആശ്ചര്യകരമാണു്.

ആഴ്ചയിൽ 17 ഡോളർ (80 രൂപ) എന്ന നിരക്കിൽനിന്നു് 70 ഡോളർ (335 രൂപ) ആയി വർദ്ധിച്ചു. ഇന്നത്തെ ഉയർന്ന വിലനിരക്കുകൾ കണക്കാക്കിയാൽതന്നെയും തൊഴിലാളിയുടെ യഥാർത്ഥ കൂലിയിൽ, 20 കൊല്ലംകൊണ്ടു് 99 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നു കാണാം. യഥാർത്ഥക്കൂലിയെന്നു പറഞ്ഞാൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം മുതലായി ജീവിതത്തിനു് അവശ്യാവശ്യകമായ കാര്യങ്ങൾ നിവർത്തിക്കുന്നതിനു മതിയാകുന്ന വരുമാനമാണു്. കിട്ടുന്ന കൂലി പണത്തെ സംബന്ധിച്ചിടത്തോളം വലുതാണെങ്കിലും ഇപ്പറഞ്ഞ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനു് വേണ്ടുവോളം മതിയാകാതിരുന്നാൽ അതു് യഥാർത്ഥ കൂലിയാകയില്ല. പെൻഷൻ, ആരോഗ്യം, ജീവിതക്ഷേമം എന്നിവ സംബന്ധിച്ചു ഗവമ്മെന്റിൽനിന്നു നൽകുന്ന വേതനങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്ന തൊഴിലാളികളുടെ സംഖ്യ മിക്കവാറും പൂജ്യത്തിൽനിന്നുയർന്നു് 9,000,000 ആയിരിക്കുകയാണു്.

ശമ്പളത്തോടുകൂടിയ ഒഴിവുദിവസങ്ങൾ പണ്ടുകാലത്തു മാസശമ്പളക്കാരായ ജോലിക്കാർക്കുമാത്രമാണു് അനുവദിച്ചിരുന്നതു്. ഇപ്പോഴാകട്ടെ അതു വ്യവസായത്തിൽ സർവ്വസാമാന്യമായ നടപടിയായിത്തന്നെയിരിക്കുന്നു.

വാർദ്ധക്യകാലത്തേക്കും തൊഴിലില്ലാത്ത ഘട്ടങ്ങളിലേക്കും തൊഴിലാളികൾക്കു് വേതനങ്ങളും ആനുകൂല്യങ്ങളും നിയമനിർമ്മാണത്താൽതന്നെ നൽകപ്പെട്ടുവരുന്നു. തൊഴിലാളികളെ ചൂഷണത്തിൽനിന്നു രക്ഷിക്കാൻ ഏററവും കുറഞ്ഞ കൂലി ഇത്രയായിരിക്കണമെന്നു് അമേരിക്കയിൽ പൊതുവായും അവിടത്തെ സംസ്ഥാനങ്ങളിൽ പ്രത്യേകമായും ഉള്ള നിയമങ്ങളാൽ ക്ലിപ്തംചെയ്തിരിക്കുന്നു. പതിവു കഴിഞ്ഞുള്ള സമയം കൂടുതൽ ജോലിചെയ്യുന്നവർക്കു് കൂടുതൽ പ്രതിഫലം നൽകണമെന്നുള്ള തത്വം നിയമത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ഒരു ഉറച്ച തൊഴിലാളിശക്തിയെക്കുറിച്ചുള്ള മഗ്വയറിന്റെ അന്നത്തെ സ്വപ്നം ഇന്നു മിക്കവാറും ഒരു യാഥാർത്ഥ്യമായിത്തീർന്നുകഴിഞ്ഞിട്ടുണ്ടു്. വ്യാവസായികവിപ്ലവത്തിന്റെ പ്രാരംഭഘട്ടത്തിൽ കണ്ടിരുന്നതുപോലെ ധനികന്മാരും നിർദ്ധനരും തമ്മിൽ ഉത്തരദക്ഷിണധ്രുവങ്ങൾപോലുള്ള അകലം ഇന്നു് അമേരിക്കയിലില്ല. മാനേജ്മെന്റിനും തൊഴിലാളികൾക്കുമിടയിൽ ആദ്യകാലങ്ങളിലുണ്ടായിരുന്ന കടുത്ത വർഗ്ഗവൈരം അവിടെനിന്നു മാഞ്ഞുകഴിഞ്ഞു. സംഘടിക്കാനുള്ള അവകാശത്തിനുവേണ്ടി ഇന്നു് അവിടെയെങ്ങും സമരം നടക്കുന്നില്ല.

അമേരിക്കയിലെ തൊഴിലാളികൾ അവരുടെ ജനായത്തഭരണത്തിൻകീഴിൽ, രാഷ്ട്രത്തിന്റെ പൊതുനന്മയ്ക്കുതകുന്നവിധം ഒരു മാന്യമായ ജീവിതത്തോതും, അന്തസ്സും, കുടുംബങ്ങൾക്കു സുരക്ഷിതത്വവും സമ്പാദിച്ചുകഴി

(ശേഷം 10-ാംപേജിൽ)


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്

### ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,95,750—0—0 |

### ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. ” തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. ” ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
6. ” തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. ” മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ്സി, കാളകെട്ടി (സെക്രട്ടറി)
8. ” കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

Reg. M. No. 2293

# Sathya Deepam

Vol. 28 | Ernakulam, September 29, 1954 | No. 7

# —വിവിധവൃത്താന്തങ്ങൾ—

## കമ്മ്യൂണിസ്റ്റ് ചൈനയെ ചേർക്കരുത്

അമേരിക്കൻ ഐക്യനാടുകളിലെ ഏററം പ്രബലസംഘടനയായ നൈററ്സ് ഓഫ് കൊളംബസിൻെറ സുപ്രീം കൗൺസിൽ ഈയിടെ കൂടുകയുണ്ടായി. ഐക്യരാജ്യസംഘടനയിൽ കമ്മ്യൂണിസ്റ്റു ചൈനയ്ക്കു അംഗത്വം നൽകുന്നതിനുള്ള പരിതസ്ഥിതി വരികയാണെങ്കിൽ ഐക്യനാടുകൾ അതിൽനിന്നു പിരിഞ്ഞുപോരണമെന്നാണ് കൗൺസിൽ രാജ്യത്തോടാവശ്യപ്പെട്ടിരിക്കുന്നതു്. കൗൺസിൽ സമ്മേളിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽതന്നെ അമേരിക്കയിലെ കത്തോലിക്കാ യുദ്ധസേവനസംഘടനയുടെ രണ്ടരലക്ഷം അംഗങ്ങളുടെ പ്രതിനിധികളും യോഗംചേർന്നു കമ്മ്യൂണിസ്റ്റു ചൈനയെ യു. എൻ.-ൽ പ്രവേശിപ്പിക്കുന്നതിനെപ്പററി ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുകയുമുണ്ടായി.

## കമ്മ്യൂണിസ്റ്റ് ഇരുമ്പുമറയ്ക്കുള്ളിൽ

പുതുതായി ലഭിച്ചിട്ടുള്ള കണക്കുകളനുസരിച്ച് കമ്മ്യൂണിസ്റ്റ് ഇരുമ്പുമറയ്ക്കുള്ളിൽ കുടുങ്ങിയിട്ടുള്ള ജനങ്ങളുടെ സംഖ്യ ആകെ 80 കോടിയോളമാണ്. അവരിൽ 6 കോടി 30 ലക്ഷം കത്തോലിക്കരുണ്ട്. ഓരോ രാജ്യങ്ങളിലേയും കത്തോലിക്കരുടെ എണ്ണം താഴെ ചേർക്കുന്നു:

| | |
|---|---|
| അൽബേനിയാ | 100,000 |
| ബൾഗേറിയാ | 56,000 |
| ചൈനാ | 4,000,000 |
| എസ്റ്റോണിയാ | 2,000 |
| യൂഗോസ്ലാവിയാ | 5,500,000 |
| ലാററ്വിയാ | 500,000 |
| ലിത്വാനിയാ | 2,200,000 |
| ഉത്തരകൊറിയാ | 20,000 |
| ഉത്തരവിയററ്നാം | 1200,000 |
| പൂർവ്വജർമ്മനി | 2000,000 |
| പോളണ്ട് | 2,1500,000 |
| റുമേനിയാ | 3000,000 |
| റഷ്യാ | 8000,000 |
| ചെക്കോസ്ലോവാക്കിയാ | 9300,000 |
| ഹംഗറി | 6125,000 |

## ഗസ്പാരിയുടെ മഹാമനസ്കത

ദിവംഗതനായ സീഞ്ഞോർ ദെ ഗസ്പാരിയുടെ മഹാമനസ്കതയേയും ക്ഷമാശീലതയേയും വിശദമാക്കുന്ന ഒരു സംഭവം ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. മഹായുദ്ധത്തിനിടയിൽ റോമിനെ ബോംബിട്ടു നശിപ്പിക്കുന്നതിനു സഖ്യകക്ഷികളെ അദ്ദേഹം പ്രേരിപ്പിച്ചുവെന്ന ഏററം നീചമായ രാജ്യദ്രോഹം അദ്ദേഹത്തിൽ ആരോപിച്ചുകൊണ്ട് ജിയോവാന്നി ഗ്വരേഷി എന്ന എഴുത്തുകാരൻ "ഡോൺ കമില്ലോ" എന്ന തലക്കെട്ടിൽ ഒരു ലേഖനമെഴുതി. മാനഹാനിക്കേസു നടപടികൾ മുറയ്ക്കുതുടങ്ങി. അതിനിടയിൽ ദെ ഗസ്പാരി പ്രോസിക്യൂഷൻ മേധാവിക്കെഴുതിയ ഒരു എഴുത്തിലാണ് തന്നെ അപമാനപ്പെടുത്തിയ തൻെറ പ്രതിയോഗിയോടുള്ള അദ്ദേഹത്തിൻെറ മനോഭാവം പ്രകടമാക്കപ്പെട്ടിരുന്നതു്. ജിയോവാന്നിയോട് അദ്ദേഹം സർവ്വവും ക്ഷമിച്ചിരിക്കയാണെന്നും അദ്ദേഹത്തിനു പരിപൂർണ്ണമായ മാപ്പുകൊടുക്കുന്നതിൽ യാതൊരു വിസമ്മതവുമില്ലായെന്നുമായിരുന്നു പ്രസ്തുത കത്തിലെ ഉള്ളടക്കം. എങ്കിലും തൻെറ സത്യസന്ധതയേയോ കോടതിയുടെ നീതിബോധത്തേയോ സ്പർശിക്കുന്ന കാര്യത്തിൽ വസ്തുതകളെ അലങ്കോലപ്പെടുത്തരുതെന്നുള്ളു അദ്ദേഹം പ്രത്യേകം അനുസ്മരിപ്പിച്ചിരുന്നു. ഗ്വരേഷിക്കു നാമമാത്രമായി ഒരുകൊല്ലത്തെ തടവുശിക്ഷമാത്രം നൽകി കേസ് വിധിക്കപ്പെടുകയുംചെയ്തു.

## സന്യാസവൈദികരുടെ റേഡിയോ പ്രഭാഷണം

സയാമിലെ പ്രക്ഷേപണകേന്ദ്രം വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു പ്രസംഗപരമ്പര നടത്തുന്നതിനു് അവിടത്തെ സലേഷ്യൻ മിഷനറിവൈദികരെ ക്ഷണിച്ചിരിക്കുന്നു. ഭൂരിപക്ഷവും ബുദ്ധമതാവലംബികളായ സയാമിൽ കത്തോലിക്കാവൈദികർ ഒരു പൊതുപ്രക്ഷേപണം നിർവ്വഹിക്കുന്ന ആദ്യത്തെ സംഭവമായിരിക്കും ഇതു്.

## വിയററ്നാമിൽ വൈദികർ ഉറച്ചുനിൽക്കും

കമ്മ്യൂണിസ്റ്റധീനതയിലേക്കു കൈയൊഴിയപ്പെട്ടിരിക്കുന്ന ഉത്തരവിയററ്നാമിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന മിഷനറിവൈദികരെല്ലാം അവരവരുടെ സ്ഥാനങ്ങളിൽതന്നെ ജോലി തുടരുന്നതിനു പാരീസ് ഫോറിൻ മിഷൻസ് സൊസൈററി അധികാരികൾ നിർദ്ദേശിച്ചിരിക്കുന്നതായി വത്തിക്കാൻ റേഡിയോ പ്രസ്താവിക്കുന്നു. വയോവൃദ്ധന്മാരേയും വിയററ്നാമിലെ പ്രക്ഷോഭകാരികളുമായി നേരത്തെ ഏററുമുട്ടേണ്ടിവന്നിട്ടുള്ളവരേയും മാത്രമേ പിൻവലിക്കുകയുള്ളു എന്നാണറിയുന്നതു്. 13 പേർ ഇപ്പോൾ തടവിലുണ്ട്.

## കുടിയേററക്കാരെ സഹായിക്കാൻ ഫെഡറൽകമ്മിററി

ആസ്ട്രേലിയായിൽ കുടിയേറി താമസിക്കുന്ന കത്തോലിക്കരുടെ ഭൗതികവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങളെപ്പററി ശ്രദ്ധിക്കുന്നതിനു സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സ്ഥാപനമാണ് ഫെഡറൽ കാത്തലിക്ക് ഇമിഗ്രേഷൻ കമ്മിററി. കുടിയേററക്കാർക്കു സൗകര്യപ്രദമായ വാസസ്ഥലവും നല്ല തൊഴിലുകളും ലഭിക്കുന്നതിനുവേണ്ടി ഗവമ്മെൻറുഡിപ്പാർട്ടുമെൻറുകളുടെ നിർദ്ദേശങ്ങളോട് സഹകരിച്ചു കാര്യക്ഷമമായ സേവനം അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. കത്തോലിക്കരായ കുടിയേററക്കാരുടെ കാര്യത്തിൽ ഉദാരമായ സേവനങ്ങൾ അനുഷ്ഠിക്കുകയും അവരുടെ ആദ്ധ്യാത്മികമായ വിശ്വാസസംരക്ഷണത്തിനുവേണ്ട ശട്ടംകെട്ടുകൾ ചെയ്യുകയും ചെയ്യുന്നതിൽ ഈ കമ്മിററിയെ കൊൺസിസ്റ്റോറിയൽ തിരുസംഘത്തിൻെറ സിക്രട്ടറി അത്യുന്നത കർദ്ദിനാൾ പിയാസ്സ തിരുമനസ്സുകൊണ്ട് മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. ഈ കമ്മിററിയുടെ നേതൃത്വത്തിൽ 13 വിവിധരാജ്യക്കാരായ 100 ഓളം ചാപ്ലയിൻമാർ ഇപ്പോൾ സേവനം നടത്തുന്നുണ്ട്. 1954—55 വർഷത്തിൽ കുറഞ്ഞതു ഒരുലക്ഷം പേരെങ്കിലും കുടിയേറിത്താമസിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്.

## പൂജ്യാവശിഷ്ടങ്ങൾ കണ്ടെടുത്തു

റെഡ്ഇന്ത്യാക്കാരുടെ ഇടയിൽ ആദ്യമായി മിഷനറിപ്രവർത്തനം സംഘടിപ്പിച്ച സെൻറ് ജീൻ ദെ ബ്രെബ്യൂഫ് 1649-ൽ ഇന്ത്യാക്കാരാൽ വധിക്കപ്പെട്ടു. അദ്ദേഹത്തെ വേറെ 7 ജെസ്യൂട്ട് രക്തസാക്ഷികളോടൊന്നിച്ചു 1930-ൽ വിശുദ്ധപദത്തിലേക്കുയർത്തി. അദ്ദേഹത്തിൻെറ പൂജ്യാവശിഷ്ടങ്ങൾ ഇതുവരെ കണ്ടുകിട്ടാതിരിക്കുകയായിരുന്നു. ഈ മിഷൻ സ്ഥാപകൻെറ തിരുശരീരാവശിഷ്ടങ്ങൾ കണ്ടുപിടിക്കുന്നതിനു നിരന്തരം നടത്തപ്പെട്ട അന്വേഷണങ്ങൾ ഇപ്പോൾ വിജയിച്ചിരിക്കുന്നു. ഫാദർ ഡെന്നിസ് ഹെഗാർട്ടി, ഒൻറാറിയോയിലുള്ള സെൻറ് ഇഗ്നേസ് വില്ലേജിൽനിന്നു 6 മൈലകലത്തിലുള്ള സാന്തമരിയെ മിഷൻ ഹൗസിൻെറ പുരാതനമായ അസ്ഥിവാരത്തിനകത്തുനിന്നാണ് ആറടി നീളമുള്ള ഈ ശവമഞ്ചത്തിൻെറ നഷ്ടശിഷ്ടങ്ങളും തിരുശരീരത്തിൻെറ പൂജ്യാവശിഷ്ടങ്ങളും കണ്ടുകിട്ടിയതു്.

## കുട്ടികളുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധസംരംഭം

അമേരിക്കൻ ഐക്യനാടുകളിലെ 3000-ൽപ്പരം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ കമ്മ്യൂണിസത്തെ എതിരിടുന്നതിനു് ഒരു പുതിയ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു. ഏഷ്യായിലും ആഫ്രിക്കായിലുമുള്ള മിഷൻ രംഗങ്ങളിലുള്ള ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യുന്നതിനു് ചെറിയ കൈപ്പുസ്തകങ്ങൾ അവർ വാങ്ങിച്ചു ശേഖരിക്കുകയാണ്. അമേരിക്കയിലെ കാത്തലിക്ക് സ്റ്റുഡൻറ്സ് മിഷൻ ക്രൂസേയ്ഡിൻെറ നേതൃത്വത്തിൽ ആ സംഘടന അതിൽ ചേർന്നിട്ടുള്ള വിദ്യാലയങ്ങളിലാണ് ഈ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു്. അകത്തോലിക്കരായ ഗ്രന്ഥകാരന്മാർപോലും വില വളരെ കുറച്ചു അവർക്കു പുസ്തകങ്ങൾ കൊടുത്തു സംരംഭത്തെ പ്രോത്സാഹിപ്പിക്കുന്നു.

## ഉപ്പുകല്ലുദേവാലയം

തെക്കെ അമേരിക്കയിൽ കൊളമ്പിയാ രാജ്യത്തെ ആൻറീസ് പർവ്വതനിരകൾക്കു സമീപമായ സിപ്പാക്കീരാ എന്ന സ്ഥലത്തു ഉപ്പുകല്ലുകൊണ്ടു ബ്രഹ്മാണ്ഡമായ ഒരു ക്രൈസ്തവദേവാലയം നിർമ്മിച്ചുവരുന്നു. ഉപ്പുപാറകളിൽനിന്നു വെട്ടിയെടുക്കുന്ന കല്ലുകൊണ്ടാണ് ഈ കെട്ടിടത്തിൻെറ ഭിത്തികൾ തൂണുകൾ മച്ചുകൾ മുതലായ ഓരോ ഭാഗവും കെട്ടിപ്പടുക്കുന്നതു്. ആ പ്രദേശത്തെ ശീതോഷ്ണാവസ്ഥകൊണ്ട് ഈ ഉപ്പുകെട്ടിടം ഒരുകാലത്തും അലിഞ്ഞു കേടുവരികയില്ലെന്നു പരീക്ഷണങ്ങളും ഗവേഷണങ്ങളുംമൂലം തെളിഞ്ഞിട്ടുണ്ട്. ദേവാലയത്തിനകത്തെ പ്രധാനഹാളിനു 400 അടി നീളവും അതിനനുസരണമായ വീതിയുമുണ്ട്. കെട്ടിടത്തിൻെറ ആകെ വിസ്താരം 50000 ചതുരശ്ര അടിയാണ്.

## കമ്മ്യൂണിസ്റ്റുകൾ പുറംതള്ളപ്പെടുന്നു

അമേരിക്കയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമഭ്രഷ്ടമാക്കുന്ന നിയമം നടപ്പിൽ വന്നിരിക്കുന്നു. അതോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധമാക്കുകയോ നിയന്ത്രിക്കുകയോ നിഷിദ്ധമാക്കുകയോ ചെയ്തിട്ടുള്ള രാജ്യങ്ങളുടെ എണ്ണം 42-ൽപ്പരം ആയിത്തീർന്നിരിക്കുന്നു. പാക്കിസ്ഥാൻ മുഴുവനും കമ്മ്യൂണിസ്റ്റു പാർട്ടിയെ നിരോധിച്ചിരിക്കുന്നു. ഗ്രീസ്, ഐർലണ്ട്, സൗദി അറേബിയാ, എന്നിവിടങ്ങളിലും മദ്ധ്യപൂർവ്വദിക്കിലും ലാററിൻ അമേരിക്കയിലുള്ള പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റു പാർട്ടിയെ നിയമഭ്രഷ്ടമാക്കിയിരിക്കുന്നു. ഭ്രഷ്ടാക്കപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ അവർ മററു രാഷ്ട്രീയപാർട്ടികളിൽ ചേർന്ന് ഒളിവിൽനിന്നുകൊണ്ട് തങ്ങളുടെ ഭീകരപ്രവർത്തനങ്ങൾ ഗൂഢമായി നടത്തിക്കൊണ്ടിരിക്കുന്നു. ഇവരേയും കണ്ടുപിടിച്ച് വേണ്ട നിയന്ത്രണങ്ങൾ നടത്തിത്തുടങ്ങിയിട്ടുണ്ട്. ഗ്രീസ്, സ്പെയിൻ, പോർട്ടുഗൽ, ടർക്കി, ഐർലണ്ട്, സിറിയാ, ലബനോൻ, ഇറാക്ക്, ജോർഡാൻ, ഈജിപ്റ്റ്, ഇറാൻ, നേപ്പാൾ, പാക്കിസ്ഥാൻ, സൗദി അറേബ്യാ, ബർമ്മാ, സിലോൺ, തായലണ്ട്, മലയാ, ഫിലിപ്പൈൻസ് തുടങ്ങിയ അനേകം രാജ്യങ്ങളും കമ്മ്യൂണിസ്റ്റു പാർട്ടിയെ പുറംതള്ളിയിരിക്കുകയാണ്. കൂടാതെ തെക്കെ ആഫ്രിക്കാ യൂണിയനിലും സ്പാനിഷ് ഫ്രഞ്ച് മൊറോക്കോ പ്രദേശങ്ങളിലും കമ്മ്യൂണിസ്റ്റു പാർട്ടി നിയമഭ്രഷ്ടമാണ്.

## കത്തോലിക്കാ സർവ്വകലാശാല പ്രക്ഷേപണകേന്ദ്രം വാങ്ങുന്നു

അമേരിക്കയിലെ പ്രഖ്യാതമായ നോട്ടർഡാം കത്തോലിക്കാ യൂണിവേഴ്സിററി അതിനു സ്വന്തമായി ഒരു പ്രക്ഷേപണകേന്ദ്രം വിലയ്ക്കെടുത്തിരിക്കുന്നു. അടുത്തുതന്നെ സമാരംഭിക്കുന്ന സൗത്ത് ബെൻറു ടെലവിഷൻ നിലയത്തിനും അവർ മാത്രമാണ് അപേക്ഷകരായുള്ളതു്. ഇപ്പോൾ പ്രക്ഷേപണകേന്ദ്രം സ്വന്തമായുള്ള കത്തോലിക്കാ കലാലയങ്ങൾ സെൻറ് ലൂയി, ലയോള, ന്യൂ ഓർലിയൻസ്, സീട്ടൻ ഹാൾ ഇവയാണ്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

